
# സത്യദൂതൻ

2015 ജൂൺ | ലക്കം 6
വില ₹ 20



## റമദാൻ:
പിശാചിന്റെ പിടിയിൽ നിന്ന്
രക്ഷപ്പെടാനുള്ള വഴി

## ഹബിൾ ടെലിസ്കോപ്പ്:
പ്രപഞ്ചത്തിലേക്ക് തുറന്ന്
വച്ച ആകാശ ജാലകം




# ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും

Islam's Response to Cotemporary Issues
എന്ന വിഖ്യാത കൃതിയുടെ പരിഭാഷ

ഗ്രന്ഥകർത്താവ്
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

വിവ: എ. എം മുഹമ്മദ് സലീം
**പ്രസാ: മജ്ലിസ് അൻസാറുല്ലാഹ്, കേരള**

യാഥാസ്ഥിതിക മുസ്‌ലിം മതവീക്ഷണങ്ങളെ സമൂലം തിരുത്തിക്കുറിച്ചുകൊണ്ട് ദൈവിക വചനങ്ങളിലെ വിസ്മയകരമായ യുക്തിയും നീതിയും പ്രമാണമാക്കി ലോക പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ.

മുസ്‌ലിം ചിന്തകന്മാർ വഴിമുട്ടി നിൽക്കുന്ന ആധുനിക സമസ്യകൾക്ക് പ്രമാണികവും അനിഷേധ്യവുമായ ഉത്തരങ്ങൾ!

വിമർശകരെ കീഴടക്കുന്ന വാദമുഖങ്ങൾ!

ആധുനിക ചിന്തകരെ നിഷ്പ്രഭമാക്കുന്ന നിരീക്ഷണങ്ങൾ!

സമകാലീനലോകസമൂഹത്തിന് സ്വർഗീയ ശാന്തിയുടെ നൂതനപ്രകാശം പകരുന്ന അത്യപൂർവവും ഉജ്ജ്വലവുമായ കൃതി!!

The Sathyadoothan Monthly · സ്ഥാപിതം 1925

لا إله إلا الله محمد رسول الله

# സത്യദൂതൻ

The Sathyadoothan Monthly

2015 ജൂൺ
ഹി.ശ.1395 - എഹ്സാൻ
1436 - ശഅ്ബാൻ - റംസാൻ
പുസ്തകം 87 ലക്കം 6
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്ബ
**റമദാൻ: പിശാചിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാനുള്ള വഴി**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

**14**
**ശരണാർഥിയെ സംരക്ഷിക്കുന്ന ദൈവം**
ഹദ്റത്ത് അഹ്മദ് (അ)

ദൈവത്തെ മാത്രം ആശ്രയമായി കരുതുന്ന ഒരാൾക്ക് ദൈവം എല്ലാ അർഥത്തിലും അഭയം അരുളുന്നു.

**16**
**മതത്തിന്റെ ഉത്ഭവം ഭയത്തിൽ നിന്നോ?** (രണ്ടാം ഭാഗം)
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

ഭയത്തിൽ നിന്നാണ് ആരാധന ഉണ്ടായതെന്നും ബഹുദൈവാരാധന പരിണമിച്ചാണ് ഏക ദൈവാരാധന ഉണ്ടായതെന്നും വാദിക്കുന്ന സോഷ്യോളജിസ്റ്റുകളുടെ അയുക്തികമായ അബദ്ധജൽപനങ്ങൾ വിശുദ്ധഖുർആൻ നിരാകരിക്കുന്നു.

**22**
**റമദാൻ: അനുഗ്രഹവർഷത്തിന്റെ വസന്തകാലം**
മുഹമ്മദ് ഉമർ, കോഴിക്കോട്

**24**
**ദൈവാസ്തിക്യം: ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങൾ II**
പ്രൊഫ: സാലേ മുഹമ്മദ് അല്ലാദീൻ



**29**
**ഒരു പുതിയ ഭൂമി പിറക്കുന്നു**
എ. ക്യു. മഹ്ദി

**32**
**ഖുലാ: വികലവീക്ഷണങ്ങൾ**
ഡോ. കൗസർ എടപ്പകത്ത്

**35**
**ഹിന്ദുമതവും മാംസാഹാരവും**
എൻ. കെ. ദാമോദരൻ

**39**
**ഹബിൾ ടെലിസ്കോപ്പ്: പ്രപഞ്ചത്തിലേക്ക് തുറന്ന് വച്ച ആകാശ ജാലകം**
മുസാഫിർ


ഏഴാകാശങ്ങളെ ക്രമമായി സൃഷ്ടിച്ചവനാണവൻ. പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടി കർമത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വൈകല്യവും നീ കാണുന്നുണ്ടോ? വീണ്ടും വീണ്ടും കണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചു കൊണ്ട് നിന്നിലേക്ക് തിരിച്ചുവരും. വി.ഖുർആൻ (67:4). തങ്ങളുടെ മേൽ ഭാഗത്തേക്കുള്ള ആകാശത്തേക്ക് അവർ നോക്കീട്ടില്ലേ? എങ്ങനെയാണ് നാം അ്ിനെ സൃഷ്ടിച്ചിരിക്കുകയും അലങ്കരിക്കുകയും ചെയ്തിട്ടുള്ളത്? അതിന് വൈകല്യങ്ങളൊന്നുമില്ല. വി.ഖുർആൻ (50:7)


**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



വിശ്വാസികളെ! നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധ മാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധ യെ സൂക്ഷിക്കുന്നതിന് വേണ്ടി. (2:184)



## നബിവചനം

റമദാൻ ആഗതമായാൽ സ്വർഗത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരക കവാടങ്ങൾ അടക്കപ്പെടുകയും ചെയ്യും. പിശാചിനെ ചങ്ങലകളിൽ ബന്ധനസ്ഥ നാക്കുകയും ചെയ്യും. (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

റമദ സൂര്യോഷ്ണത്തിനാണ് പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളുടെയും ശാരീരികാനന്ദ ങ്ങളുടെയും കാര്യത്തിൽ ക്ഷമ കൈക്കൊള്ളുന്നു. മറ്റൊന്ന് അല്ലാഹുവിന്റെ കൽപ്പനകൾക്കായി ഒരു വിധത്തിലുള്ള ഊഷ്മാവും ആവേശവും സംജാത മാകുന്നു. അങ്ങനെ ആത്മീയവും ഭൗതികവുമായ ഊ ഷ്മാവുകൾ ഒന്നായിച്ചേർന്ന് റമദാൻ (രണ്ടു വിധ ത്തിലുള്ള റമദുകൾ) ഉണ്ടാവുന്നു. റമദാൻ ഉഷ്ണ കാലത്ത് വന്നത് കൊണ്ടാണ് റമദാൻ എന്ന പേരു സിദ്ധിച്ചതെന്ന വൈയാകരണന്മാരുടെ അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. കാരണം ഇത് അറബികൾക്ക് മാത്രമുള്ള പ്രത്യേകതയല്ല. ആത്മീയമായ റമദ എന്നത് കൊണ്ട് ആത്മീയമായ അഭിരുചിയും ആനന്ദവും ഊഷ്മാവുമാണ് ഉദ്ദേശ്യം. (അൽഹക്കം 4. 7. 1901)



എഡിറ്റോറിയൽ

# അനുഗൃഹീതമായ റമദാൻ മാസം സമാഗതമായി

സ്ഥൂല ശരീരത്തെ തളർത്തുകയും ആത്മീയ ശരീരത്തെ ഉണർത്തുകയും ചെയ്യുന്ന പുണ്യകർമമാണ് നോമ്പ്. മനുഷ്യൻ ഭക്ഷണം കൊണ്ടും ശാരീരികമായ സുഖാനുഭൂതികൾകൊണ്ടും മാത്രമല്ല ജീവിക്കുന്നത് എന്ന ശക്തമായ സന്ദേശം അത് മനുഷ്യ ശരീരത്തെ ബോദ്ധ്യപ്പെടുത്തുന്നു. ഭക്ഷണമുപേക്ഷിക്കുമ്പോൾ മനുഷ്യ ശരീരത്തിലുണ്ടാകുന്ന തളർച്ചയും വിപരീതാവസ്ഥയും ആത്മ നിയന്ത്രണത്തിലൂടെ അടക്കി നിർത്തി ആത്മാവിനെ ശക്തിപ്പെടുത്തുകയും ആരാധന, ധനത്യാഗം, മനുഷ്യസേവനം മുതലായ പുണ്യകർമങ്ങൾ അധികരിപ്പിച്ചും ആത്മാവിന്റെ അവസ്ഥ മെച്ചപ്പെടുത്താൻ റമദാൻ മാസം അവസരമൊരുക്കുന്നു. വ്രതം മനുഷ്യൻ ദോഷങ്ങളിൽ നിന്ന് മുക്തമാകാനുള്ള ഒരു പുരാതന സമ്പ്രദായമാണെന്നും സാത്വിക ജീവിതം ആഗ്രഹിക്കുന്ന മനുഷ്യൻ ഈ അനുഗ്രഹങ്ങളിൽ നിന്ന് ഒരിക്കലും പിൻവാങ്ങരുതെന്നും അല്ലാഹു മനുഷ്യനെ ഓർമിപ്പിക്കുന്നു.

***'വിശ്വാസികളെ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി.'(2:184)***

എല്ലാ പൗരാണിക മതങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കിയിരുന്നു എന്ന ഖുർആന്റെ പ്രതിപാദനത്തിന് തെളിവെന്നോണം എല്ലാ മതങ്ങളിലും വ്രതാനുഷ്ഠാനത്തിന്റെ വിഭിന്ന രൂപങ്ങൾ കാണാവുന്നതാണ്. **'ഉപ ആവൃത്ത സ്തൂപാ പേഭ്യോ വാസോഗുണൗസഹ ഉപവാസ:'**(സ്കന്ദ പുരാണം) പാപങ്ങളിൽ നിന്ന് പിന്തിരിഞ്ഞ് ഗുണത്തോടൊപ്പം വസിക്കുന്നത് ഉപവാസം എന്നാണ് ഹിന്ദു മതം വ്രതത്തെപറ്റി പറയുന്നത്. യാഗ ഹോമാദികളായ അനുഷ്ഠാനങ്ങൾ, വിവാഹാദഷോഡശ ക്രിയകൾ, മരണാനന്തരമുള്ള അപര ക്രിയകൾ, മറ്റു ശ്രുതസ്മാർത്താദി ക്രിയകൾ എന്നിവയൊക്കെ ചെയ്യുമ്പോൾ ഉപവാസമനുഷ്ഠിക്കണമെന്നാണ് ശ്രുതി സ്മൃതികൾ അനുശാസിക്കുന്നത്. ശിവരാത്രി, പ്രദോഷം തുടങ്ങിയ പുണ്യദിനങ്ങളിലും ഹിന്ദുക്കൾ വ്രതമനുഷ്ഠിക്കുന്നു. വ്രതങ്ങളിൽ ചിലത് ഒരു നേരം ഭക്ഷണം കഴിക്കുന്നതാണ്. ഇതിന് **'ഒരിക്കൽ'** എന്നാണ് പറയുക. ബുദ്ധമതാനുയായികൾ സുഖഭോഗ നിവർത്തനവും വിരക്തിയുമാണ് ഉപവാസത്തിൽ ഊന്നുന്നത്. യഹൂദരിലും പ്രവാസ ജീവിതത്തിന് ശേഷമാണ് പ്രത്യേക ദിനങ്ങളിൽ ഉപവാസം ആചരിക്കൽ നിജപ്പെടുത്തിയത്. പരസ്യോപവാസം എന്നറിയപ്പെടുന്ന ഈ ഉപവാസത്തിലെ കപട ഭക്തിയെ ചില പ്രവാചകന്മാർ അപലപിക്കുന്നുണ്ട്. പുതിയ നിയമ കാലത്ത് ഭക്തരായ പരീശികൾ ആഴ്ച്ചയിൽ രണ്ട് തവണ ഉപവസിച്ചിരുന്നു. (മാർക്കോസ് :18) പ്രകടനാത്മകമായ കപട ഉപവാസത്തേയും യേശു കഠിനമായി അപലപിക്കുന്നതായും ബൈബിളിൽ കാണാം.

ഉപവാസത്തിന്റെ ആരോഗ്യപരമായ മേന്മ ആയുർ വേദം പണ്ടേ അംഗീകരിച്ചതാണ് . ബൃംഹണം (തടിപ്പിക്കൽ), ലംഘനം (മെലിയൽ) എന്നീ ചികിത്സാ രീതികളിൽ രണ്ടാമത് പറഞ്ഞതിനാണ് ഉപവാസം നിർദേശിച്ചത്. ഈ അടുത്ത കാലത്ത് അലോപ്പതി വൈദ്യ ശാസ്ത്രവും പല വിധരോഗങ്ങൾക്കും ഉപവാസത്തിനുള്ള മാസ്മരികമായ കഴിവ് അംഗീകരിച്ചിട്ടുണ്ട്.

ഇസ്‌ലാം മതമാണ് ഉപവാസത്തെ അഥവാ വ്രതാനുഷ്ഠാനത്തെ ഒരു ചന്ദ്രമാസക്കാലമായി നിജപ്പെടുത്തി വലിയ ജനവിഭാഗത്തിനിടയിൽ ഇത്ര പ്രചാരവും പ്രാബല്യവും വരുത്തിയത്. നോമ്പ് മുസ്‌ലിം സമുദായത്തിൽ ചെലുത്തുന്ന സ്വാധീനം അളന്ന് തിട്ടപ്പെടുത്താൻ സാധിക്കാത്തതാണ്. വ്രതാനുഷ്ഠാനത്തെ പറ്റി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) പറയുന്നു:

**'റമദ:'** എന്ന പദത്തിന്റെ അർഥം സൂര്യതാപം എന്നാണ്. റമദാൻ മാസത്തിൽ ഒരു ഭാഗത്ത് ജനങ്ങൾ ഭക്ഷണ പാനീയങ്ങളും മറ്റെല്ലാ ശാരീരിക സുഖങ്ങളും ത്യജിക്കുകയും മറുഭാഗത്ത് ദൈവിക കൽപ്പനകളനുസരിക്കുന്നതിൽ ശ്രദ്ധയും ആവേശവും വളർത്തിക്കൊണ്ട് വരികയും ചെയ്യുന്നു. ആത്മീയമായും ഭൗതികമായും ജ്വലനങ്ങളുടെ സംഗമമാണ് റമദാൻ. നോമ്പനുഷ്ഠാനം ആദ്യം ഒരു ഉഷ്ണ മാസത്തിൽ ആരംഭിച്ചത്കൊണ്ടാണ് റമദാൻ എന്ന പേരുണ്ടായത് എന്ന ചില നിഘണ്ടു കർത്താക്കളുടെ നിഗമനം ശരിയല്ല എന്നാണെന്റെ അഭിപ്രായം. അത് അറബികൾക്ക് മാത്രമുള്ള പ്രത്യേക കാര്യമല്ല. ആത്മീയാർഥത്തിൽ റമദ എന്നാൽ ആത്മീയമായ ആവേശവും ആത്മീയ ജ്വലനവുമാണ്. കല്ലുകളേയും ഇതര വസ്തുക്കളേയും ചൂടുപിടിപ്പിക്കുന്ന ഉഷ്ണത്തിനും റമദ എന്നു പേരു പറയുന്നു.

....നമസ്ക്കാരം മനുഷ്യ ഹൃദയത്തെ ദോഷബാധകളിൽ നിന്ന് ശുദ്ധീകരിക്കുമ്പോൾ നോമ്പ് മനുഷ്യാത്മാവിനെ പ്രഭാപൂരിതമാക്കി തീർക്കുന്നു. ഹൃദയത്തിന്റെ ശുദ്ധീകരണം എന്നാൽ അനിയന്ത്രിതമായ അധമ പ്രവണതകളുടെ ബന്ധനങ്ങളിൽ നിന്നുള്ള വിമുക്തിയത്രെ. ആത്മാവിന്റെ പ്രകാശവത്ക്കരണം നിമിത്തം ഒരു സത്യവിശ്വാസി ആത്മീയ ദർശനങ്ങളിൽ അനുഗൃഹീതനായി തീരുന്നു. (മൽഫൂസാത്ത്)



ഹദ്റത്ത് അഹ്മദ് (അ)

# വിശ്വാസത്തിന്റെയും സൽക്കർമങ്ങളുടെയും പ്രതിഫലനമാണ് സ്വർഗം

**മുത്തഖീങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട സ്വർഗത്തിന്റെ ഉപമ ഇതാകുന്നു.** (13:36)

ഇതൊരു ഉപമയാണ് യാഥാർത്ഥ്യമല്ല. വിശുദ്ധ ഖുർആന്റെ ഈ വാക്കുകളിൽ നിന്ന് മനസ്സിലാകുന്നത് ആ സ്വർഗം മറ്റെന്തോ ആണെന്നാണ്. ബാഹ്യവും ശാരീരികവും മൗലികവുമായ ഈ അനുഗ്രഹങ്ങളെ സ്വർഗത്തിലെ അനുഗ്രഹങ്ങളായി അനുമാനിക്കുവാൻ പാടില്ലെന്ന് ഹദീസിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. കാരണം സ്വർഗത്തിലെ അനുഗ്രഹങ്ങൾ ഒരു കണ്ണിനും കാണുവാനോ ഒരു കാതിനും കേൾക്കുവാനോ സാധിക്കുന്നതല്ല എന്ന് ഹദീസിൽ വന്നിട്ടുണ്ട്. എന്നാൽ സ്വർഗീയാനുഗ്രങ്ങളെക്കുറിച്ച് പറയപ്പെട്ട ഉദാഹരണങ്ങൾ നമുക്ക് കാണുവാനും കേൾക്കുവാനും സാധിക്കുന്നു. ഒരു സ്ഥലത്ത് അല്ലാഹു സ്വർഗത്തെക്കുറിച്ച് പ്രതിപാദിച്ച് കൊണ്ട് പറയുന്നു:

**സത്യവിശ്വാസം സ്വീകരിക്കുകയും സൽക്കർമങ്ങൾ ചെയ്യുകയും ചെയ്യുന്നവരെ സുവിശേഷമറിയിക്കുക. അവർക്ക് സ്വർഗവും താഴ്‌വാരത്തുകൂടി ഒഴുകിക്കൊണ്ടിരിക്കുന്ന അരുവികളുമുണ്ട്. (2:26)**

ഈ വചനത്തിൽ വിശ്വാസത്തെ സ്വർഗത്തിന്റെയും സൽക്കർമങ്ങളെ ഒഴുകിക്കൊണ്ടിരിക്കുന്ന അരുവികളുടെയും സ്ഥാനത്ത് ഉപമിച്ചിരിക്കുന്നു. അതായത് വിശ്വാസത്തിന്റെ ഫലം സ്വർഗവും സൽക്കർമങ്ങളുടെ ഫലം അരുവികളുമാണ്. എപ്രകാരം ഒരു ഉദ്യാനം അരുവിയും ജലസേചനവുമില്ലാതെ ശുഷ്ക്കിച്ച് പോവുകയും സ്ഥിരത ഇല്ലാതിരിക്കുകയും ചെയ്യുന്നുവോ അതേ പ്രകാരം സൽക്കർമങ്ങൾ ഇല്ലാത്ത ഇമാനും പ്രയോജനകരമായിരിക്കില്ല.

മറ്റൊരു സ്ഥലത്ത് ഈമാനെ (വിശ്വാസത്തെ) വൃക്ഷവുമായി സദൃശീകരിച്ചിരിക്കയാണ്. അതായത് ഈമാൻ വൃക്ഷങ്ങളും സൽക്കർമങ്ങൾ ആ വൃക്ഷത്തിന് ജലസേചനം നൽകുന്നവയുമാണ്.

ചുരുക്കത്തിൽ ഈ വിഷയത്തിൽ എത്ര കണ്ട് ഗഹനമായി ചിന്തിക്കുന്നുവോ അത്രകണ്ട് അതിലടങ്ങിയിരിക്കുന്ന ദിവ്യജ്ഞാനങ്ങൾ ഗ്രാഹ്യമായി തീരുന്നതാണ്. എപ്രകാരം ഒരു കർഷകൻ ബീജാവാപം ചെയ്യുന്നുവോ അതേ പ്രകാരം ഒരു ആത്മീയ കർഷകന് ആത്മീയമായ ബീജാവാപം എന്ന ഈമാന്റെ ആവശ്യമുണ്ട്. എപ്രകാരം ഒരു കർഷകൻ തന്റെ വയൽ, തോട്ടം എന്നിവക്ക് ജലസേചനം നൽകുന്നുവോ അതേ പ്രകാരം ആത്മീയമായ ഉദ്യാനത്തിന് ജലസേചനത്തിനായി സൽക്കർമങ്ങൾ ചെയ്യേണ്ടതിന്റെ ആവശ്യമുണ്ട്.

ഓർത്തുകൊള്ളുക സൽക്കർമങ്ങളില്ലാത്ത വിശ്വാസം അരുവിയോ ജലസേചനമോ ഇല്ലാതെ നിഷ്ഫലവും ശുഷ്ക്കവുമായ ഉദ്യാനം പോലെയാണ് . ഒരു വൃക്ഷം എത്രതന്നെ ഉത്തമവും ശ്രേഷ്ഠവും ആയതാണെങ്കിലും ഉത്തമമായ പഴങ്ങൾ തരുന്നതായാലും അതിന്റെ ഉടമസ്ഥൻ ജലസേചന കാര്യത്തിൽ അശ്രദ്ധ കാണിക്കുകയാണെങ്കിൽ അതിന്റെ പരിണിതഫലം എന്താണെന്ന് ആർക്കും അറിയാവുന്നതാണ്. ഇതേ അവസ്ഥ തന്നെയാണ് ആത്മീയ ജീവിതത്തിൽ ഈമാൻ എന്ന വൃക്ഷത്തിന്റേയും. ഈമാൻ ഒരു വൃക്ഷമാണ്. അതിനായി മനുഷ്യന്റെ സൽക്കർമങ്ങൾ അതിന്റെ ജലസേചനത്തിനായി ആത്മീയ രീതിയിൽ അരുവികളായി മാറിക്കൊണ്ട് ജലസേചനം നടത്തുന്നു. ആത്മീയാനുഗ്രങ്ങളുടെയും ഔദാര്യങ്ങളുടെയും മനോഹരമായ ഫലങ്ങൾ കരഗതമാകുന്നതിനായി വളരെയധികം തീവ്രയത്നം നടത്തേണ്ടിയിരിക്കുന്നു. എപ്രകാരമെന്നാൽ അല്ലാഹു പറയുന്നു:

***നമ്മുടെ മാർഗത്തിൽ തീവ്രയത്നം ചെയ്യുന്നവനെ നാം നമ്മുടെ മാർഗത്തിൽ നയിക്കുന്നതാണ്.***

***(മൽഫൂസാത്ത് 10: 394-396)***

**അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു..) **2014 ജൂലൈ 18ന് ബൈത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബ**




# റമദാൻ:

## പിശാചിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാനുള്ള വഴി

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്** (അയ്യദഹു...)

വിശുദ്ധ ഖുർആൻ പറയുന്നു: **'നീ പറയുക, തങ്ങളുടെ സ്വന്തം ആത്മാക്കളോട് അമിതത്വം പ്രവർത്തിച്ച എന്റെ ദാസരേ! അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെടരുത്. നിശ്ചയമായും അല്ലാഹു എല്ലാ പാപങ്ങളും പൊറുത്തുകൊടുക്കുന്നതാണ്. തീർച്ചയായും അവൻ വളരെ പൊറുക്കുന്നവനും നിരന്തരം കരുണ ചെയ്യുന്നവനുമാകുന്നു. നിങ്ങൾക്ക് ശിക്ഷ വന്നെത്തുന്നതിനുമുമ്പേ നിങ്ങളുടെ നാഥനിലേക്ക് മടങ്ങുകയും അവന് പൂർണമായി കീഴ്പ്പെട്ട് ജീവിക്കുകയും ചെയ്യുക. പിന്നീട് നിങ്ങൾ സഹായിക്കപ്പെടുകയില്ല.'(39:54,55)**

വിശുദ്ധ ഖുർആനിൽ അല്ലാഹു വിവിധ വചനങ്ങളിൽ വിവിധ വിഷയങ്ങൾ വിവരിച്ചുകൊണ്ട് വിവിധ ദാസന്മാർക്ക്, താൻ വളരെ പൊറുത്തുകൊടുക്കുന്നവനാണെന്നും തന്റെ ദാസരിൽ അതിരില്ലാതെ കരുണ ചൊരിയുന്നവനാണെന്നുമുള്ള പ്രതീക്ഷ നല്കിയിരിക്കുന്നു. ഞാനോതിയ ആദ്യത്തെ വചനത്തിൽ ഈ വിഷയമാണ് വിവരിക്കപ്പെട്ടിട്ടുള്ളത്. പാപങ്ങൾ കാരണത്താൽ അല്ലാഹുവിനെ പേടിച്ചു കഴിയുന്ന ഓരോരുത്തർക്കും അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും അല്ലാഹുവിന്റെ കാരുണ്യത്തിന്റേയും പൊറുക്കലിന്റേയും അനുഗ്രഹം പ്രാപിക്കുന്നതിനുമുള്ള മനോഹരമായ സന്ദേശമാണ് അതിലുള്ളത്. അല്ലാഹു പറയുന്നു, എന്റെ ദാസരേ! എന്റെ കാരുണ്യത്തെക്കുറിച്ച നിരാശപ്പെടരുത്. ഞാൻ അധികാരിയാണ്. നിങ്ങൾക്ക് പൊറുത്തുതരാനും എന്റെ കാരുണ്യത്തിന്റെ പുതപ്പിൽ നിങ്ങളെ പൊതിയാനും എനിക്ക് കഴിവുണ്ട്. പ്രതീക്ഷകൾ വർധിപ്പിക്കുകയും നിരാശകൾ അവസാനിപ്പിക്കുകയും ചെയ്യുന്ന എത്ര മനോഹരമായ സന്ദേശമാണിത്. നിരാശ പാപമാണെന്ന് മനുഷ്യരോടു പറയുന്ന സന്ദേശമാണിത്. നമ്മെ ബലഹീനതകളിൽനിന്ന് രക്ഷയിലേക്ക് കൊണ്ടുപോകുന്നതും ജീവിതത്തിന്റെ പരാജയങ്ങളിൽനിന്ന് അകറ്റിനിറുത്തുന്നതുമായ സന്ദേശവും ഇതുതന്നെയാണ്. കാരണം നിരാശതന്നെയാണ് പാപങ്ങൾ ചെയ്യാനും ചില സന്ദർഭങ്ങളിൽ ജീവിതം പരാജയപ്പെടാനും കാരണമായിത്തീരുന്നത്. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ കീഴിൽ വരുന്നവന്റെ അടുത്തുനിന്ന് നിരാശകളും പരാജയങ്ങളും ഓടി അകലുന്നു. നമ്മൾ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവരായിത്തീരാനും അവന്റെ കാരുണ്യത്തിൽനിന്ന് അനുഗ്രഹം പ്രാപിക്കാനും അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കാനും അല്ലാഹുവിനെ സ്നേഹിക്കാനുമുള്ള വഴികൾ നമുക്ക് ഈ സന്ദേശം കാണിച്ചുകൊണ്ടിരിക്കുന്നു. ഈ സന്ദേശം വഴിതെറ്റിയ എല്ലാവർക്കും തെളിഞ്ഞ വഴിയാണ്. ആത്മീയമായി മരിച്ചിരിക്കുന്ന എല്ലാവർക്കും ജീവൻ പ്രാപിക്കാനുള്ള സന്ദേശമാണ്. ശയ്ത്വാന്റെ കൈയിൽ അകപ്പെട്ട് അമർന്നിരിക്കുന്നവർക്ക് സ്വാതന്ത്ര്യത്തിന്റെ സന്തോഷവാർത്തയാണ്. നമ്മുടെ ദൈവം എത്രമാത്രം പ്രിയപ്പെട്ട ദൈവമാണ്. അവൻ നമ്മുടെ മേൽ സ്നേഹത്തിന്റെ ദൃഷ്ടി പതിപ്പിക്കുന്നു. തന്നെ വിശ്വസിക്കുന്നവരോട് ആവർത്തിച്ചാവർത്തിച്ച് പറയുന്നു: **വലാ തയ്അസൂ മിൻർറൗഹില്ലാഹി** അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശരാവരുത്. **ലാ യയ്അസു മിൻർറൗഹില്ലാഹി ഇല്ലൽ ഖൗമുൽ കാഫി**

> **വെറും പൊറുക്കുന്നവനും കരുണചെയ്യുന്നവനുമാത്രമല്ല. മറിച്ച് അവൻ പറയുന്നു: വ റഹ്മത്തീ വസിഅത് കുല്ല ശയ്ഇൻ (7:157) എന്റെ കാരുണ്യം സർവ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു. ഇവിടെ കാരുണ്യം സത്യവിശ്വാസികളെക്കാൾ ഒരുപടി മുന്നോട്ടുപോകുകയാണ്. സത്യവിശ്വാസികളെക്കുറിച്ച് മാത്രമല്ല പറയുന്നത്. ഈ കാരുണ്യം അവിശ്വാസികൾക്കും എത്തുന്നു. സത്യവിശ്വാസികൾക്ക് അത് നിർബന്ധമാക്കപ്പെട്ടതാണ്. എല്ലാ പാപങ്ങളും പൊറുത്തുതരാൻ അവന് കഴിയും. പൊറുക്കുകയും ചെയ്യുന്നു.**

**റൂൻ**(12:88)അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് അവിശ്വാസികളല്ലാതെ നിരാശരാവുകയില്ല.

അതുകൊണ്ട് വിശ്വാസിയാണെന്ന് വാദമുണ്ടെങ്കിൽ അല്ലാഹുവിന്റെ കാരുണ്യത്തേയും പൊറുക്കലിനേയും എപ്പോഴും പ്രതീക്ഷിച്ചിരിക്കുക. നിങ്ങളുടെ മാനുഷികമായ ബലഹീനതകൾകൊണ്ട് ചില തിന്മകളിൽ നിങ്ങൾ അകപ്പെട്ടിട്ടുണ്ട്, നിങ്ങൾ വഴിതെറ്റിപ്പോയവരല്ലല്ലോ, വഴിപിഴച്ചവരല്ലല്ലോ, അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് നിരാശരാവുന്നവർ വഴിപിഴച്ചയാളുകളാണ്. അല്ലാഹുവിൽ വിശ്വാസമില്ലാത്തവരാണ്. അല്ലാഹുവിന്റെ കാരുണ്യത്തിൽ വിശ്വാസമില്ലാത്തവരാണ്. ഈ നിരാശ വഴിപിഴച്ചവരുടെ മാർഗമാണ്. അല്ലാഹു പറയുന്നു: **വമൻയ്യഖ്നത്വു മിൻർറഹ്മത്തി റബ്ബിഹീ ഇല്ലള്ളാല്ലൂൻ**(15: 57)വഴിപിഴച്ചവരല്ലാതെ ആരാണ് അല്ലാഹുവന്റെ കാരുണ്യത്തെക്കുറിച്ച് നിരാശരാവുന്നത്. അതുകൊണ്ട് തീർച്ചയായും വിഷമാവസ്ഥയിൽ കഴിയുന്നവർക്കും തങ്ങളുടെ അവസ്ഥകൾകൊണ്ട് വ്യാകുലരായവർക്കും ഇതിനെക്കാൾ സഹതാപാർഹവും മനഃശ്ശാന്തിനല്കുന്നതുമായ മറ്റൊരു സന്ദേശവുമില്ല.

പിന്നീട് നമ്മുടെ ദുഷ്കർമങ്ങൾ കാരണത്താൽ പെട്ടെന്ന്പിടിച്ച് ശിക്ഷിക്കുകയില്ലെന്നും നമ്മുടെ അല്ലാഹു നമ്മെ സമാധാനിപ്പിച്ച് പറയുന്നു. പ്രത്യുത **വ റബ്ബുക്കൽഗഫൂറു ദുർറഹ്മത്തി**(18:59)നിങ്ങളുടെ രക്ഷിതാവ് ഒരുപാട് പൊറുക്കുന്നവനാണ്. ഒരുപാട് കാരുണയുള്ളവനുമാണ്. കാരണം **കതബ റബ്ബുക്കും അലാനഫ്സിഹിർറഹ്മത്ത**(6:55)നിങ്ങളുടെ രക്ഷിതാവ് നിങ്ങൾക്കായി കാരുണ്യത്തെ തന്നിൽ നിർബന്ധമാക്കി വെച്ചിരിക്കുന്നു. അതുകൊണ്ട് അജ്ഞതയാൽ നിങ്ങൾ ചെയ്ത പാപങ്ങളെ അവൻ പൊറുത്തുതരുന്നതാണ്. നിങ്ങളെ നന്നാക്കിത്തീർക്കുന്നതിലേക്ക് ശ്രദ്ധിക്കുക. നന്നാക്കിത്തീർത്തുകൊണ്ട് അവന്റെ കാരുണ്യത്തിൽ ദൃഷ്ടിപതിപ്പിച്ചാൽ അവൻ പൊറുക്കുന്നവനും കരുണാമയനുമാണ്. ഒരുപാട് പൊറുക്കുന്നവനും ഒരുപാട് കരുണചെയ്യുന്നവനുമാണ്.

വെറും പൊറുക്കുന്നവനും കരുണചെയ്യുന്നവനുമാത്രമല്ല. മറിച്ച് അവൻ പറയുന്നു: വ റഹ്മത്തീ വസിഅത് കുല്ല ശയ്ഇൻ (7:157) എന്റെ കാരുണ്യം സർവ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു. ഇവിടെ കാരുണ്യം സത്യവിശ്വാസികളെക്കാൾ ഒരുപടി മുന്നോട്ടുപോകുകയാണ്. സത്യവിശ്വാസികളെക്കുറിച്ച് മാത്രമല്ല പറയുന്നത്. ഈ കാരുണ്യം അവിശ്വാസികൾക്കും എത്തുന്നു. സത്യവിശ്വാസികൾക്ക് അത് നിർബന്ധമാക്കപ്പെട്ടതാണ്. എല്ലാ പാപങ്ങളും പൊറുത്തുതരാൻ അവന് കഴിയും. പൊറുക്കുകയും ചെയ്യുന്നു. ഇതുതന്നെയാണ് അല്ലാഹു പറയുന്നത്. അവൻ അധികാരിയാണ്. മാപ്പുകൊടുക്കാൻ അവന് ആരുടേയും അനുവാദം വേണ്ട. ഒരു നിബന്ധനയുടേയും ആവശ്യമില്ല. നമ്മൾ അവൻ പറഞ്ഞതനുസരിച്ച് നടന്ന്, അവന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിച്ച് അവനോടുള്ള സ്നേഹം വർധിപ്പിക്കേണ്ടതും കൂടുതൽ അവനോട് അടുക്കേണ്ടതും നമ്മുടെ പാപങ്ങളും ന്യൂനതകളും അവസാനിപ്പിക്കാൻ കഴിവിന്റെ പരമാവധി പരിശ്രമിക്കേണ്ടതും കാരുണ്യവാനും സ്നേഹിക്കുന്നവനുമായ അല്ലാഹുവിന്റെ കാരുണ്യത്തിന്റേയും സ്നേഹത്തിന്റേയും ആവശ്യമല്ലേ?

വിശുദ്ധ ഖുർആൻ ഉദ്ധരിച്ചുകൊണ്ട് ഞാൻ പറഞ്ഞ ഈ കാര്യങ്ങളെല്ലാം, നമുക്ക് കിട്ടിയിട്ടുള്ള നബി(സ)തിരുമേനിയുടെ ഹദീസുകളെല്ലാം പറയുന്നത് നന്നാകാൻ അർഹത ഇല്ലാത്തതായി ഒരു മനുഷ്യനുമില്ലെന്നാണ്. നന്നാക്കിയെടുക്കാൻ പറ്റാത്തതായി ഒരാളുമില്ല. എല്ലാവരേയും നന്നാക്കിയെടുക്കാൻ കഴിയും. അവൻ അവന്റെ ഹൃദയത്തിലും കർമപരമായ നിലയിലും പരിശുദ്ധമായമാറ്റം കൊണ്ടുവരാൻ ശ്രമിക്കണമെന്നു മാത്രം.

ഡന്മാർക്കിലെ ഒരു പത്രത്തിൽ ഒരു സ്ത്രീ വിശുദ്ധ ഖുർആനെക്കുറിച്ചെഴുതി: 'അതിൽ ആവർത്തിച്ചാവർത്തിച്ച് ശിക്ഷയുടേയും നാശത്തിന്റേയും കാര്യമാണ് പറയുന്നത്. സ്നേഹം എന്ന പദം ഒന്നു രണ്ടിടത്തൊഴികെ എങ്ങും ഉപയോഗിച്ചിട്ടില്ല. ദൈവത്തിലുള്ള വിശ്വാസം ഒരു മനുഷ്യന് തന്റെ ഇഷ്ടവും സ്വാതന്ത്ര്യവും അല്ലാഹുവിനോടുള്ള സനേഹവും കാരണത്താലാണെന്ന് പറയുന്നത് ശരിയാവുകയില്ല. മുമ്പും പിമ്പും ഒഴിവാക്കി ചില ഖുർആനിക വചനങ്ങളും എഴുതി തെറ്റായി വിവരിച്ച് സ്വന്തമായി കണ്ടെത്തുലുകൾ നടത്തി ഇസ്ലാമിന്റെ ദൈവത്തെ, ശിക്ഷിക്കുന്നതിൽ വേഗം കാണിക്കുന്നവനാണെന്നും ക്രൂരനാണെന്നും വരുത്തിതീർക്കാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. എന്തായാലും ഇതിനുള്ള മറുപടി ഞങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നു. പക്ഷേ, ഞാനിപ്പോൾ പറഞ്ഞ ഉദ്ധരണികൾ സത്യവിശ്വാസികൾക്ക് പ്രത്യാശ വർധിപ്പിക്കുന്നതോടൊപ്പം ഇത്തരം എഴുത്തുകാർക്കും ഇസ്ലാമിനെതിരിൽ കളവ് പറയുകയും ഇസ്ലാമി

നോടും ഖുർആനോടും പകവെച്ചു പുലർത്തുകയും ചെയ്യുന്ന ശത്രുക്കൾക്ക് മറുപടിയും നല്കുന്നുണ്ട്. അല്ലാഹു അധികാരിയാണ്. അവൻ പൊറുത്തുകൊടുക്കുന്നു. എല്ലാ സിഫത്തുകളേയും വലയം ചെയ്തിരിക്കുന്ന സിഫത്താണിത്. മാപ്പുകൊടുക്കുന്നു. കരുണചെയ്യുന്നു. അതിരില്ലാതെ അനീതികളും അക്രമങ്ങളും ചെയ്തിട്ടും മനുഷ്യർക്ക് ശിക്ഷനല്കാൻ ധിറുതി കൂട്ടുന്നില്ല എന്നതും അവന്റെ കാരുണ്യമാണ്. ആ അക്രമങ്ങളിലും അതിരുകടന്ന പാപങ്ങളിലുംപതിച്ച കാരണത്താലും നിങ്ങളെ അല്ലാഹു ശിക്ഷിക്കും എന്ന് മുന്നറിയിപ്പു നല്കിയിട്ടും പിന്മാറാതെ വാശിയോടെ അത് തുടർച്ചയായി ചെയ്തുകൊണ്ടിരിക്കുന്നകാരണത്താൽ ശിക്ഷ കിട്ടേണ്ടതും നിർബന്ധമാണ്. ഇത് പ്രകൃതി നിയമമാണ്. എന്നല്ല ലോകത്തിന്റെ നിയമവും ഇതുതന്നെയാണ്. പക്ഷേ, എങ്കിലും അല്ലാഹു എത്രമാത്രം പരമകാരുണികനാണെന്നുവെച്ചാൽ ഒരു കാലം വരും അന്ന് നരകത്തിൽ ആരും ഉണ്ടാകുകയില്ല. അല്ലാഹുവിന്റെ കാരുണ്യം വിശാലവും അതിരില്ലാത്തതുമാണ്.

ഈ ആയത്തുകളിൽ അല്ലാഹു തന്റെ കാരുണ്യവും പൊറുക്കലും വിവരിച്ചതിനുശേഷം പറഞ്ഞു: എന്നിട്ടും നിങ്ങൾ എന്റെ കാരുണ്യത്തിൽനിന്നും പൊറുക്കലിൽനിന്നും ഫലമെടുക്കുന്നില്ലെങ്കിൽ നിങ്ങളുടെ പാപങ്ങൾക്കും അക്രമങ്ങൾക്കും ശിക്ഷയുമുണ്ട്. അതിൽനിന്ന് രക്ഷപ്പെടാൻ ഞാൻ വീണ്ടും വീണ്ടും നിങ്ങളോടു പറയുന്നത് എന്റെ കാരുണ്യമാണ്. എന്റെ പൊറുക്കലാണ്. ഏതെങ്കിലും ശിക്ഷ നിങ്ങളെ വളയുന്നതിനുമുമ്പേ നിങ്ങൾ സുരക്ഷിതരായിക്കൊള്ളുക. അതിരുകടന്ന അക്രമങ്ങൾ കാരണത്താൽ നിങ്ങൾ എന്റെ പിടിത്തത്തിൽ വരരുത്. അതുകൊണ്ട് രക്ഷപ്പെടാൻ ശ്രമിക്കുക. ഇതിലും ആക്ഷേപിക്കുകയാണെങ്കിൽ അവരുടെ ബുദ്ധി, അന്ധതയും പകയും ശത്രുതയുംകൊണ്ട് നിറഞ്ഞിരിക്കുകയാണെന്നല്ലാതെ എന്തു പറയാനാണ്. തങ്ങളുടെ രാജ്യങ്ങളിൽ നിയമങ്ങളുണ്ടാക്കി ഈ കുറ്റങ്ങൾക്കെല്ലാം ശിക്ഷകൊടുക്കാൻ ഇവർ ആഗ്രഹിക്കുന്നു. പക്ഷേ, അല്ലാഹുവിന്റെ നിയമങ്ങളെ ലംഘിക്കുന്നവരേയും അക്രമങ്ങളിലും ബലാൽക്കാരങ്ങളിലും അതിരു കടക്കുന്നവരേയും കുറിച്ച് ചോദിക്കുന്നത്, എന്തിനാണ് അവർക്ക് ശിക്ഷകൊടുക്കുമെന്ന് പറയുന്നതെന്നാണ്.

ഇസ്‌ലാമിന്റെ അല്ലാഹു എത്രമാത്രം പൊറുക്കുന്നവനാണെന്ന് ഈ ഒരു നിവേദനത്തിൽനിന്ന് മനസ്സിലാക്കാവുന്നതാണ്. ഹദ്റത്ത് അബൂസഈദ്(റ)നിവേദനം ചെയ്തിരിക്കുന്നു: 'നബി(സ) ഒരിക്കൽ പറഞ്ഞു, തൊണ്ണൂറ്റൊമ്പത് ആളുകളെ കൊല ചെയ്ത ഒരു മനുഷ്യൻ ബനീ ഇസ്റായേലിൽ ഉണ്ടായിരുന്നു. ഈ ഉദാഹരണം പറയപ്പെടുന്നത് അല്ലാഹുവിന്റെ കാരുണ്യത്തെ കുറിച്ച് -അതെപ്പോഴും ഉള്ളതാണ്, എപ്പോഴും നിലനില്ക്കുകയും ചെയ്യും എന്ന് പറയാനാണ്. അയാൾ 99 ആളുകളെ കൊന്നതിനുശേഷം പശ്ചാത്തപിക്കുക എന്ന ഉദ്ദേശ്യത്തോടെ ഇറങ്ങി പുറപ്പെട്ടു. ഒരു ജൂതപുരോഹിതന്റെ അടുക്കൽ വന്ന് അയാൾ ചോദിച്ചു, ഇനി പശ്ചാത്തപിച്ചാൽ മോക്ഷം കിട്ടുമോ? പുരോഹിതൻ പറഞ്ഞു, ഒരു രക്ഷയുമില്ല. അയാൾ അദ്ദേഹത്തേയും കൊന്ന് നൂറ് തികച്ചു. അയാൾ തുടർച്ചയായി ഇതു സംബന്ധമായി അതായത് പശ്ചാത്തപിച്ചാൽ മോക്ഷം കിട്ടുമോ എന്ന് ചോദിച്ചുകൊണ്ടേയിരുന്നു. അങ്ങനെയിരിക്കെ ഒരാൾ പറഞ്ഞു, നീ ഇന്ന നാട്ടിൽ പോകുക. അങ്ങനെ അയാൾ പോകുമ്പോൾ വഴിയിൽ വച്ച് മരിച്ചു. അയാൾ തന്റെ മുഖം ആ നാടിനുനേരെ തിരിച്ചിരുന്നു. മരിച്ചുവീണപ്പോൾ ആ ഭാഗത്തേക്കാണ് വീണത്. കാരുണ്യത്തിന്റെ മലക്കുകളും ശിക്ഷയുടെ മലക്കുകളും എത്തി. അയാളെ സംബന്ധിച്ച് പരസ്പരം കലഹിച്ചു. ഏത് നാട്ടിലേക്കാണോ അയാൾ തിരിച്ചത് ആ നാടിനോട് അയാളോട് അടുക്കാൻ അല്ലാഹു കല്പിച്ചു. ഏതൊരു നാട്ടിൽനിന്നാണോ അയാൾ പുറപ്പെട്ടത് ആ നാടിനോട് അകലാനും പറഞ്ഞു. പിന്നീട് ആ നാടിന്റെ ഇടയിലുള്ള ദൂരം അളക്കാൻ മലക്കുകളോട് കല്പിച്ചു. അങ്ങനെ അളന്നപ്പോൾ അയാൾ പോകുന്ന നാടിന്റെ അകലം ഒരു ചാൺ അടുത്തായി കണ്ടു. ഇക്കാരണത്താൽ അല്ലാഹു അയാൾക്ക് പൊറുത്തുകൊടുത്തു. (സഹീഹ് ബുഖാരി കിതാബു അഹാദീസുൽഅമ്പിയാ ബാബ് 52/54 ഹദീസ് നമ്പർ 3470)ഇതാണ് ഇസ്‌ലാമിന്റെ ദൈവം. അവൻ ശിക്ഷിക്കുന്നതിനു പകരം പൊറുത്തുകൊടുക്കാനാണ് ഇഷ്ടപ്പെടുന്നത്. അവന്റെ കാരുണ്യം അതിവിശാലമാണ്.

വേറൊരു ഹദീസുണ്ട്. ഹദ്റത്ത് അബൂദർ(റ)ൽ നിന്ന് നിവേദനം: നബി(സ) തന്റെ പ്രതാപവാനായ അല്ലാഹുവിനെക്കുറിച്ച് പറഞ്ഞു, അല്ലാഹു പറയുന്നു: ആദമിന്റെ മകനേ! നീ എന്നോടു ദുആ ചെയ്യുന്നില്ല. പ്രതീക്ഷ പുലർത്തുകയും ചെയ്യുന്നു. നീ ശിർക്ക് ചെയ്യുകയില്ലെങ്കിൽ നിനക്കു ഞാൻ പൊറുത്തുതരുന്നതാണ്. നിന്റെ പാപങ്ങൾ ഭൂമിക്കു സമാനമായതാണെങ്കിലും വേണ്ടില്ല. ഞാൻ നിന്നെ നിന്റെ ഭൂമി മുഴുവൻ മഗ്ഫിറത്തോടുകൂടി കാണുന്നതാണ്. നീ ഇനി ആകാശത്തോളം പാപങ്ങൾ ചെയ്തിട്ടു എന്നോട് പൊറുക്കലിനെ തേടിയാൽ അതും ഞാൻ നിനക്ക് പൊറുത്തുതരുന്നതാണ്. ഞാൻ അല്പംപോലും അവഗണിക്കുകയില്ല. (മുസനദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 7 പേജ് 208, മുസനദ് അബൂദർറുൽ ഗഫ്ഫാരി ഹദീസ് 21837 ആലമുൽ കുതുബ് ബേറൂത് 1998)

ഇതാണ് അല്ലാഹു. അവനാണ് ഇസ്‌ലാമിന്റെ ദൈവം. അവൻ പൊറുക്കുന്നവനാണ്. മുഅ്മിനീംകളായ നമ്മുടെമേൽ അല്ലാഹുവിന്റെ എത്രവലിയ ഔദാര്യമാണ്. അവയിലൊന്ന് എല്ലാ വർഷവും റമദാൻ മാസത്തിൽ അവന്റെ പാപപൊറുതിയുടെ കവാടം തുറക്കുന്നു

വെന്നതുമാണ്.

റമദാനിൽ അല്ലാഹുവിന്റെ പൊറുമയേയും കാരുണ്യത്തേയും സംബന്ധിച്ച് ഒരു നിവേദനം ഇങ്ങനെ വന്നിട്ടുണ്ട്. നദ്ർ ബിൻ ശയ്ബാൻ(റ) പറയുന്നു: ഞാൻ അബൂ സൽമ ബിൻ അബ്ദുർ റഹ്മാനോടു പറഞ്ഞു. താങ്കൾ താങ്കളുടെ പിതാവിൽനിന്ന് കേട്ടതും അദ്ദേഹം റമദാനെക്കുറിച്ച് നബി(സ)തിരുമേനിയിൽനിന്ന് നേരിട്ട് കേട്ടതുമായ എന്തെങ്കിലും കാര്യം എനിക്കു പറഞ്ഞു തരിക. അബൂ സൽമ ബിൻ അബ്ദുർ റഹ്മാൻ പറഞ്ഞു, എന്നോട് എന്റെ പിതാവ് പറഞ്ഞു: നബി(സ)തിരുമേനി പറയുകയുണ്ടായി, അനുഗ്രഹമുടയവനായ അല്ലാഹു റമദാനിലെ നോമ്പു പിടിത്തം നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. അത് നിങ്ങൾക്കുവേണ്ടി ഞാൻ തുടങ്ങിയിരിക്കുന്നു. വിശ്വാസിയായിരിക്കെ പുണ്യം ആഗ്രഹിച്ചുകൊണ്ട് അതിൽ ആരെങ്കിലും നോമ്പു നോറ്റാൽ മാതാവ് കുഞ്ഞിനെ പ്രസവിച്ചതുപോലെ അവൻ പാപങ്ങളിൽനിന്ന് പുറത്തുവരുന്നതാണ്. നവജാതശിശുവിനെപ്പോലെ ആയിത്തീരുന്നു.(സുനനുന്നസാഇ കിതാബുസ്സ്വിയാം ബാബു ദിക്റുഖ്തിലാഫി യഹ്യബനി അബീ കഥീറിൻ വന്നള്രിബ്നി ശയബാന ഫീഹി ഹദീസു നമ്പർ 2210)

അതുകൊണ്ട് അജ്ഞർക്ക് ഇസ്‌ലാമിന്റെ ദൈവത്തെ എങ്ങനെ കാണാൻ കഴിയുന്നുവെന്നത് നമുക്ക് ഒരു പ്രശ്നമല്ല. നമുക്ക് നല്ല വണ്ണം അറിയാം നമ്മുടെ അല്ലാഹു നമ്മുടെ മാതാപിതാക്കളെക്കാൾ കൂടുതൽ നമ്മെ സ്നേഹിക്കുന്നവനും നമുക്ക് പൊറുത്തു തരുന്നവനുമാണ്. ദാസരുടെ പാപങ്ങൾ പൊറുക്കാനായി നമ്മളിലേക്ക് ഓടിയെത്തുന്ന അല്ലാഹുവാണ്.

റമദാനുമായി ബന്ധപ്പെട്ട മറ്റൊരു ഹദീസുണ്ട്. അതിൽ റമദാനിന്റെ ബർക്കത്തുകളാണ് പറഞ്ഞിട്ടുള്ളത്. സൽമാൻ(റ) രിവായത്ത് ചെയ്യുന്നു. നബി(സ)തിരുമേനി ശഅ്ബാൻ മാസത്തിന്റെ അവസാന ദിവസം ഞങ്ങളെ സംബോധനചെയ്തുകൊണ്ട് പറഞ്ഞു: “അല്ലയോ ജനങ്ങളേ! മഹത്തായ ഒരു മാസം നിങ്ങൾക്കിതാ തണലിട്ടിരിക്കുന്നു. അനുഗൃഹീത മാസമാണിത്. ആയിരം രാവുകളെക്കാൾ ഉത്തമമായ ഒരു രാത്രിയുള്ള മാസവുമാണിത്. അതിൽ നോമ്പ് അനുഷ്ഠാനം അല്ലാഹു നിർബന്ധമാക്കുകയും രാത്രി നമസ്കാരം ഐച്ഛിക പുണ്യമാക്കുകയും ചെയ്തിരിക്കുന്നു. **ഹുവ ശഹ്റുൻ അവ്വലഹു റഹ് മത്തുൻ വ ഔസത്വഹൂ മഗ്ഫിറത്തുൻ വ ആഖിറഹൂ ഇത്ഖുൻമിനന്നാരി** – ഈ മാസത്തിന്റെ ആദ്യം കാരുണ്യവും മധ്യം പാപമോചനവും അവസാനം നരക വിമുക്തിയുമാണ്. ഒരു നോമ്പുകാരന് വയറുനിറച്ച് ആഹാരം കൊടുത്താൽ അവനെ അല്ലാഹു തന്റെ തണ്ണീർത്തടത്തിൽനിന്ന് കുടിപ്പിക്കുന്നതാണ്. അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതുവരെ ദാഹമുണ്ടാകുകയില്ല. (ശഅബുൽ ഈമാൻ, ലിൽ ബയ്ഹഖി വാള്യം 5 പേജ് 223 കിതാബുസ്സ്വിയാം ബാബു ഫളായിലു ശഹ്റുറമളാൻ ഹദീഥ് നമ്പർ 3336).

അതായത് മുമ്പേയുള്ള പാപങ്ങളും മാപ്പാക്കുന്നതാണ് ഈ പൊറുക്കൽ. റമദാനോടുള്ള കടമ നിറവേറ്റിക്കൊണ്ട് നോമ്പ് പിടിക്കുകയാണെങ്കിൽ, നഫ്ൽ അനുഷ്ഠിക്കുകയാണെങ്കിൽ അല്ലാഹുവിനെ ആരാധിക്കുകയാണെങ്കിൽ ഭാവിയിൽ പാപം ചെയ്യാതിരിക്കാനുള്ള കരുത്തും ഉണ്ടാകുന്നതാണ്.

അല്ലാഹു തആല നമ്മുടെ ഓരോ ചുവടിലും ജന്നത്തിലേക്ക് നമ്മെ കൊണ്ടുപോകാനുള്ള സാഹചര്യം ഒരുക്കിക്കൊണ്ടിരിക്കുന്നു. ഈയിടെയായി നാം റമദാനിലൂടെയാണ് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. രണ്ടാമത്തെ പത്തിന്റെ അവസാനവുമെത്തിയിരിക്കുന്നു. മൂന്നാമത്തെ പത്ത് ആരംഭിക്കാൻ പോകുകയാണ്. ഈ പത്തിൽ ഒരു അനുഗൃഹീത രാവുണ്ട്. അതിന് **ലയ്ലത്തുൽ ഖദ്ർ** എന്നാണ് പറയുന്നത്. ഇത് ദുആ സ്വീകാര്യതയുടേയും ദാസരെ അല്ലാഹുവിന്റെ അടുത്ത് എത്തിക്കുന്നതിന്റെ ജ്യോതിസ്സ് കാണിക്കുന്നതിന്റേയും കാണുന്നതിന്റേയും വളരെ വലിയ മാർഗമാണ്. ഈ പത്തിൽ നാം നമ്മുടെ ദുആകൾക്കും ആരാധനകൾക്കുംവേണ്ടി പ്രത്യേക ഏർപാടുണ്ടാക്കേണ്ട ആവശ്യമുണ്ട്. എന്തൊന്നാണോ അതിൽ നാം കൈവരിക്കുന്നത് അത് പിന്നീട് നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കിമാറ്റേണ്ട ആവശ്യവുമുണ്ട്. അല്ലാഹുവിന്റെ പൊറുക്കലിൽനിന്നും കാരുണ്യത്തിൽനിന്നും അനുഗ്രഹം പ്രാപിച്ചുകൊണ്ടുപോകാൻ പ്രത്യേകമായ നിലയിൽ ഈ ദിനങ്ങളിൽ നമ്മുടെ അവസ്ഥകളിൽ ദൃഷ്ടി പതിപ്പിക്കേണ്ട ആവശ്യമുണ്ട്. അതിനോടുള്ള കടമ നിറവേറ്റേണ്ട ആവശ്യമുണ്ട്. അത് റമദാനോടുള്ള കടമയാണ്. പ്രത്യേകമായും ഈ അവസാനത്തെ പത്തിനോടുള്ള കടമയാണ്. സ്വന്തം തിന്മകൾ ദൂരീകരിക്കുന്നതിനുവേണ്ടി, വരും കാലങ്ങളിൽ പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി, നരകത്തിൽനിന്നും സ്ഥിരമായ മോക്ഷത്തിനുവേണ്ടി ഒരു പരിശ്രമത്തിന്റെ ആവശ്യമുണ്ട്. ഓരോ ജോലിക്കും ഒരു പരിശ്രമം നടത്തേണ്ടതായി വരുന്നു. പരിശ്രമം കൂടാതെ ഏതെങ്കിലും ജോലി നടക്കണമെന്നുവച്ചാൽ അത് നടക്കുകയില്ല. ഇത് സാധാരണ നിയമമാണ്. അല്ലാഹുവിൽ നിന്ന് നല്കപ്പെട്ട സുവാർത്തകളേയും അല്ലാഹുവിന്റെ സന്ദേശങ്ങളേയും നബി(സ)തിരുമേനിയിൽനിന്ന് നല്കപ്പെട്ടിട്ടുള്ള പ്രതീക്ഷ നല്കുന്ന സന്ദേശങ്ങളേയും സാധാരണ നിലയിൽ ഒരു യഥാർഥ സത്യവിശ്വാസി നോക്കിക്കാണുകയില്ല എന്നാണ് പ്രതീക്ഷിക്കുന്നത്. എന്നല്ല അതിന്റെ ഭാഗമാകണമെന്ന ഒരു തിളപ്പ് മനസ്സിലുണ്ടാകണം. ഈ തിളപ്പ് പ്രയോജനം ചെയ്യുന്നത് അത് കരസ്ഥമാക്കുന്നതിനുവേണ്ടി കർമപരമായ ചുവടുവയ്ക്കുമ്പോഴാണ്. കർമപരമായ ചുവട് ഫലം കൊണ്ടു വരുന്നത് വിജയത്തിലേക്ക് കൊണ്ടുപോകുന്ന ആ ലക്ഷ്യം കരസ്ഥമാക്കുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള നിയമങ്ങൾ അനുസരിച്ചും

**ഈ മാസത്തിന്റെ ആദ്യം കാരുണ്യവും മധ്യം പാപമോചനവും അവസാനം നരക വിമുക്തിയുമാണ്. ഒരു നോമ്പുകാരന് വയറുനിറച്ച് ആഹാരം കൊടുത്താൽ അവനെ അല്ലാഹു തന്റെ തണ്ണീർത്തടത്തിൽനിന്ന് കുടിപ്പിക്കുന്നതാണ്. അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതുവരെ ദാഹമുണ്ടാകുകയില്ല.**

ആ രീതിയിൽ നടക്കുമ്പോഴുമാണ്. അല്ലാഹുവിന്റെ കാരുണ്യം വിശാലമാണെന്നതിൽ സംശയമില്ല. റമദാനിൽ നന്മകൾക്ക് ഒരുപാടിരട്ടി പ്രതിഫലം ഉണ്ടെന്നതിലും സംശയമില്ല. റമദാൻ റഹ്മത്തിന്റേയും മഗ്ഫിറത്തിന്റേയും സമ്പാദനത്തിനും നരകത്തിൽനിന്നുള്ള അകൽച്ചയ്ക്കുമുള്ള മാർഗമാണെന്നതിലും സംശയമില്ല. പക്ഷേ. ഒരു ഉത്സാഹത്തോടുകൂടി അത് കൈവരിക്കാൻ ശ്രമിക്കുന്നവരാണ് ഇക്കാര്യങ്ങളിൽനിന്ന് സ്ഥിരമായി ഫലമെടുക്കുന്നവർ. ഈ റമദാനെ റഹ്മത്തും പൊറുമയും കൈവരിക്കുന്നതിനും നരകത്തിൽനിന്നുള്ള മോചനത്തിനും മാർഗമാക്കുന്നവരാണ് നമ്മളിൽ ഭാഗ്യവാന്മാർ. അവർ ആ ബലഹീനതകളെ അവസാനിപ്പിക്കുന്നവരാകട്ടെ. പാപങ്ങളിൽനിന്ന് എപ്പോഴും രക്ഷപ്പെടുന്നവരാകട്ടെ. ഈ റമദാൻ തിന്മകളെ അകറ്റി നിറുത്തുന്നതും എപ്പോഴും നന്മയിലേക്ക് കൊണ്ടുപോകുന്നതുമായ നാഴികകല്ലായി മാറട്ടെ. തിന്മകളിലേക്ക് വീണ്ടുമൊരിക്കലും ചാഞ്ഞുപോകാത്ത വിധം തിന്മകളോടുള്ള വെറുപ്പ് നമ്മളിൽ ഉണ്ടാകുമാറാകട്ടെ. സത്യസന്ധമായ പശ്ചാത്താപത്തിലേക്ക് നമ്മുടെ ശ്രദ്ധ ഉണ്ടാകട്ടെ. എപ്പോഴും അല്ലാഹുവിന്റെ സാമീപ്യത്തിനുള്ള മാർഗമുണ്ടാക്കിക്കൊണ്ടിരിക്കുന്ന പശ്ചാത്താപം! ഇക്കാര്യങ്ങൾ എങ്ങനെയാണ് ലഭ്യമാകുന്നത്? അല്ലെങ്കിൽ എപ്പോഴും പാപത്തിൽനിന്ന് അകറ്റി നിറുത്തുന്ന സത്യസന്ധമായ പശ്ചാത്താപം എങ്ങനെയാണ് ചെയ്യാൻ കഴിയുക? ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"തൗബ അഥവാ പശ്ചാത്താപം സൽസ്വഭാവം കൈവരിക്കുന്നതിനുള്ള വലിയ ചാലകശക്തിയും സഹായിയുമാണ്.(ഉന്നത സ്വഭാവത്തിന്റേയും ഉന്നത പെരുമാറ്റത്തിന്റേയും ഉടമയാകണമെങ്കിൽ, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കണമെങ്കിൽ തൗബ ഒന്നു മാത്രമാണ് പ്രയോജനപ്പെടുന്നത്. സഹായിയായിത്തീരുന്ന ആ കാരണംകൊണ്ടു തന്നെയാണ് മനുഷ്യൻ അഭിവൃദ്ധിപ്പെടുന്നത്.) "അത് മനുഷ്യനെ സമ്പൂർണനാക്കുന്നു. അതായത് ആരാണോ തന്റെ ദുഃസ്വഭാവം മാറണമെന്ന് ആഗ്രഹിക്കുന്നത് അവൻ നിർബന്ധമായും സത്യഹൃദയത്തോടും ഉറച്ച തീരുമാനത്തോടുംകൂടി തൗബ ചെയ്യേണ്ടതാണ്. തൗബയ്ക്ക് മൂന്നു നിബന്ധനകളുണ്ടെന്ന കാര്യവും ഓർക്കേണ്ടതാണ്. (വെറും തൗബ ചെയ്യുന്നതു കൊണ്ട് തൗബയാകുകയില്ല.) ഇത് പൂർത്തിയാകാതെ സത്യസന്ധമായ തൗബ, തൗബത്തുന്നുസൂഹ് എന്നാണ് അതിന് പറയുന്നത് ലഭിക്കുകയില്ല. എന്താണ് ആ നിബന്ധനകൾ?

"ആ നിബന്ധനകളിൽ ഒന്നാമത്തേത് അറബീ ഭാഷയിൽ അതിന് **ഇഖ്ലാഅ്** എന്നാണ് പറയുന്നത്. അതായത് തിന്മചെയ്യാൻ പ്രേരിപ്പിക്കുന്ന എല്ലാസ്വഭാവങ്ങളേയും അകറ്റുക. ഭാവനകൾക്ക് ശക്തമായ സ്വാധീനമുണ്ടാകുന്നു എന്നതാണ് യഥാർഥ വസ്തുത. ദുഷ്കർമങ്ങൾ നിലവിൽ വരുന്നതിനു മുമ്പേ ഓരോ പ്രവൃത്തിയും ഭാവനാത്മകമായൊരു വർണം ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ട് പശ്ചാത്താപത്തിനുള്ള ആദ്യത്തെ നിബന്ധന ദുഃസ്വഭാവത്തിന് കാരണമാകുന്ന ചീത്തചിന്താഗതികളെല്ലാം ഉപേക്ഷിക്കുക എന്നതാണ്. ഉദാഹരണത്തിന് ഒരാൾക്ക് ഏതെങ്കിലും സ്ത്രീയുമായി അവിഹിതബന്ധമുണ്ടെങ്കിൽ, അതിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങാൻ അവളെ നിർബന്ധമായും വിരൂപയായി കാണേണ്ടത് ആദ്യത്തെ നിബന്ധനയാണ്. അവളുടെ എല്ലാ ചീത്ത സ്വഭാവങ്ങളും ഓർക്കേണ്ടതാണ്. കാരണം ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ ഭാവനകൾക്ക് ഉഗ്രമായ സ്വാധീന ശക്തിയാണുള്ളത്. ഞാൻ സ്വൂഫിയാക്കളുടെ തദ്ക്കിറകളിൽ വായിച്ചിട്ടുണ്ട്, അവർ ഭാവനകളെ എത്ര മാത്രം കൊണ്ടെത്തിച്ചുവെന്നാൽ മനുഷ്യനെ കുരങ്ങന്മാരുടേയും പന്നികളുടേയും രൂപങ്ങളിൽ കണ്ടിരുന്നു. ചുരുക്കം പറഞ്ഞാൽ ഒരാളുടെ ഭാവനയ്ക്കനുസരിച്ചാണ് അയാളിൽ അതിന്റെ നിറം പിടിക്കുന്നത്. ആ രുചിയുടെ കാരണമായി മനസ്സിലാക്കുന്ന ചിന്താഗതികളെ ഉന്മൂലനം ചെയ്യുക എന്നതാണ് ഒന്നാമത്തെ നിബന്ധന.

രണ്ടാമത്തെ നിബന്ധന 'നദ'മാണ്. അതായത് ലജ്ജയും പശ്ചാത്താപവും പ്രകടിപ്പിക്കൽ. ഓരോ മനുഷ്യന്റേയും ബോധം ഓരോ തിന്മയെകുറിച്ചും അറിയിച്ചുകൊണ്ടിരിക്കാനുള്ള ശക്തി ഉൾക്കൊള്ളുന്നതാണ്. എന്നാൽ, ദുഷ്ടനായ മനുഷ്യൻ അത് കൈവിട്ടുകളയുന്നു. അതുകൊണ്ട് പാപങ്ങളും തിന്മയും ഉണ്ടാകുമ്പോൾ അതിൽ ലജ്ജ പ്രകടിപ്പിക്കുക. അതിൽനിന്നുണ്ടായ സുഖങ്ങൾ അല്പനാളത്തേക്കുള്ളതും താല്ക്കാലികവുമാണെന്ന് കരുതുക. ഓരോ പ്രാവശ്യവും ആ സുഖത്തിലും രുചിയിലും കുറവു വന്നുകൊണ്ടിരിക്കുന്നുണ്ടോ എന്നും ചിന്തിക്കുക. അവസാനം വാർധക്യത്തിൽ എത്തുമ്പോൾ ശക്തികളെല്ലാം ക്ഷയിക്കുകയും ബലഹീനമാകുകയും ചെയ്യുമ്പോൾ ആ ഭൗതികമായ എല്ലാ ആനന്ദാനുഭൂതികളേയും ഉപേക്ഷിക്കേണ്ടിവരും. സ്വന്തം ജീവിതത്തിൽത്തന്നെ ഇതെല്ലാം ഉപേക്ഷിക്കേണ്ടി വരുമ്പോൾ പിന്നെ അതു ചെയ്യുന്നതുകൊണ്ട് എന്ത് ഫലമാണുളളത്? പശ്ചാത്താപത്തിലേക്ക് തിരിയുന്ന മനുഷ്യൻ മഹാഭാഗ്യവാനാണ്. അവനിൽ ആദ്യം ഇഖ്ലാഅ് അഥവാ

ഉപേക്ഷിക്കണമെന്ന ചിന്തയുണ്ടാവണം. അതായത് ദുഃസ്വഭാവത്തിന് കാരണമാകുന്ന ചിന്താഗതികളെയെല്ലാം മുരടോടെ നശിപ്പിക്കുക. ഈ മാലിന്യവും അശുദ്ധിയും പുറത്തുപോയാൽ പിന്നീട് താൻ ചെയ്തതിൽ ലജ്ജിക്കുന്നവനുമാകണം.

മൂന്നാമത്തെ നിബന്ധന ദൃഢനിശ്ചയമാണ്. ഇനിയൊരിക്കലും ആ തിന്മകൾ ചെയ്യുകയില്ലെന്ന് ഉറച്ച തീരുമാനം എടുക്കുക. അത് പതിവായി പാലിക്കുമ്പോൾ അല്ലാഹുവിൽനിന്ന് സത്യസന്ധമായ തൗബചെയ്യാൻ ഭാഗ്യം നല്കുന്നതാണ്. എത്രത്തോളമെന്നാൽ ആ പാപങ്ങളെല്ലാം അവനിൽനിന്ന് മാഞ്ഞുപോയി സൽസ്വഭാവങ്ങളും സ്തുത്യർഹമായ പ്രവർത്തികളും ആ സ്ഥലം കരസ്ഥമാക്കുന്നതാണ്. ഇത് സൽസ്വഭാവങ്ങളുടെമേലുള്ള വിജയമാണ്. അതിൽ ശക്തിയും കഴിവും ഉണ്ടാക്കുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. കാരണം എല്ലാ ശക്തികളുടേയും കഴിവുകളുടേയും അധികാരി അവനാണ്. **അന്നൽ ഖുവ്വത്ത ലില്ലാഹി ജമീആ**(2:166)സകല ശക്തിയും അല്ലാഹുവിനാകുന്നു എന്നു പറഞ്ഞതുപോലെ. മനുഷ്യൻ ദുർബലനും ബലഹീനനുമാണ്. **ഖുലിഖൽ ഇൻസാനു ളഈഫാ**(4:29)മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അവന്റെ പരമാർഥം അതാണ്. അതുകൊണ്ട് അല്ലാഹുവിൽനിന്ന് ശക്തി ആർജിക്കാൻ മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളും പൂർത്തിയാക്കി മനുഷ്യൻ മടിയും അലസതയും കൈവെടിയണം. എപ്പോഴും സന്നദ്ധനായി അല്ലാഹുവിനോട് ദുആ ചെയ്യണം. അല്ലാഹു സ്വഭാവമാറ്റം വരുത്തുന്നതാണ്.'(മൽഫൂദാത്ത് വാള്യം 1 പേജ് 138-140 1984 ലണ്ടൻ പതിപ്പ്)

ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാർഗനിർദേശങ്ങളാണ്. തങ്ങൾ ഇന്ന ദുഷ്കർമങ്ങളിൽനിന്ന് രക്ഷപ്പെടാൻ ദുആ ചെയ്തു, പക്ഷേ, ആ ദുഷ്കർമം തങ്ങളിൽനിന്ന് അകന്നില്ല, അല്ലാഹു ഞങ്ങളുടെ ദുആ സ്വീകരിച്ചില്ല എന്നപറയുന്നവരും എപ്പോഴും ഇത് ഓർക്കേണ്ടതാണ്. കുട്ടികളിൽ അല്ലെങ്കിൽ ചില യുവാക്കളിൽ തെറ്റായ ശീലങ്ങൾ ഉണ്ടാകുമ്പോൾ മാതാപിതാക്കൾ വിഷമിക്കാറുണ്ട്. തങ്ങൾ പരിശ്രമിച്ചുവെന്നും ദുആ ചെയ്തുവെന്നും സ്വീകരിക്കപ്പെട്ടില്ലെന്നും അവർ പറയുന്നു. ഇക്കാര്യം തെറ്റാണ്. അവർക്ക് ഞാൻ എളുപ്പമായ രീതിയിൽ വീണ്ടും മനസ്സിലാക്കിക്കൊടുക്കാം. ദുആ സ്വീകരിക്കുന്നതിനും നിർബന്ധമായി ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. അത് പൂർത്തിയാക്കേണ്ടത് നിർബന്ധമാണ്. നാലു ദിവസം ദുആ ചെയ്തിട്ട് അല്ലാഹു ദുആ സ്വീകരിച്ചില്ല എന്ന് പറയുന്നത് തന്റെ അനർഹത അല്ലാഹുവിന്റെ മേൽ അടിച്ചേല്പിക്കുന്ന കാര്യമാണ്.

എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികൾ ഞാൻ വായിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തിന്മയെ എങ്ങനെ തടയണം പശ്ചാത്താപം എങ്ങനെ ലഭ്യമാകും എന്നതിനെക്കുറിച്ചാണ് ഞാൻ ഇപ്പോൾ പറയാൻ ആഗ്രഹിക്കുന്നത്. തൗബ ചെയ്യുന്നതിനും തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിനും അനിവാര്യമായ ചില കാര്യങ്ങളും കർമങ്ങളും അധ്വാനങ്ങളും രീതികളുമുണ്ടെന്നും അതനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുകയുണ്ടായി. അവ ചെയ്യുകയാണെങ്കിൽ ഫലമുണ്ടാകും. കുറച്ചു കർമപരമായ നടപടികൾ സ്വീകരിക്കുമ്പോഴാണ് ദോഷങ്ങളിൽനിന്ന് രക്ഷപ്പെടാൻ ചെയ്യുന്ന ദുആകളും സ്വീകരിക്കപ്പെടുന്നത്. കർമപരമായ നടപടികൾ ഒന്നും ചെയ്യാതെ സാധാരണ ഗതിയിൽ ദുആ ചെയ്തിട്ട് അല്ലാഹു അത് സ്വീകരിച്ചിട്ടില്ല, ഒരുപക്ഷേ താൻ പാപിയായിത്തന്നെ ഇരിക്കുന്നതായിരിക്കും അവനിഷ്ടം എന്നു പറയുന്നത് തെറ്റാണ്. ദുഷ്കർമങ്ങളേയും ദുസ്വഭാവത്തേയും നല്ലതാക്കിത്തീർക്കണമെങ്കിൽ ആദ്യം മൂന്നുകാര്യങ്ങൾ മനുഷ്യൻ സ്വയം ചെയ്തിട്ട് ദുആ ചെയ്യണം എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. അപ്പോഴാണ് താൻ ചെയ്ത ദുആ സഹായിയായിത്തീരുന്നത്. അപ്പോഴാണ് തിന്മകൾ അകലുന്നത്.

സത്യസന്ധമായ പശ്ചാത്താപത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: ഒന്നാമത്തെ കാര്യം മലീമസവും അശുദ്ധവുമായ ചിന്താഗതികളിൽനിന്ന് സ്വന്തം മനസ്സിനെ വൃത്തിയാക്കുക എന്നതാണ്. ഏതെങ്കിലും തിന്മയുടെ സങ്കല്പത്തിലൂടെയുള്ള ആസ്വാദനമാണ് ആദ്യം മനസ്സിലുണ്ടാകുക. അപ്പോഴാണ് മനുഷ്യൻ ആ തിന്മ ചെയ്യുന്നത്. മനസ്സിൽ തിന്മയുടെ ആസ്വാദനത്തിന്റെ സങ്കല്പം ഇല്ലാതിരിക്കുകയും അതിനോട് വെറുപ്പുണ്ടാകുകയും ചെയ്താൽ അവൻ ഒരിക്കലും തിന്മ ചെയ്യുകയില്ല. ആദ്യമുണ്ടാകുന്നത് സങ്കല്പത്തിലൂടെയുള്ള ആസ്വാദനമാണ്, ബോധമാണ്. പിന്നീട് ആ തിന്മചെയ്യാൻ തല്പരനാകുന്നു. അതുകൊണ്ട് തിന്മയിൽനിന്ന് രക്ഷപ്പെടാൻ ആദ്യമായി നടപടി സ്വീകരിക്കണം. തന്റെ മനസ്സിനെ ചീത്ത സങ്കല്പങ്ങളിൽനിന്ന് അല്ലെങ്കിൽ താല്കാലികമായ ആനന്ദങ്ങളിൽനിന്ന് പരിശുദ്ധമാക്കണം. അതിന്റെ ഉദാഹരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞുതന്നു: ഏതെങ്കിലും സ്ത്രീയോട് അവിഹിതമായ ബന്ധമുണ്ടാകുന്നു. അങ്ങനെ സുഹൃത് ബന്ധം സ്ഥാപിക്കപ്പെടുന്നു. അത്തരം സ്ത്രീയെ കുറിച്ചുള്ള സൽഭാവന മനസ്സിൽ നിലനിറുത്തുന്നതിനു പകരം അവളെ വിരൂപയായി സങ്കല്പിക്കണം. അവളുടെ സൗന്ദര്യവും ഗുണങ്ങളും നോക്കുന്നതിനുപകരം അവളെ എങ്ങനെയൊക്കെ വിരൂപയായി സങ്കല്പിക്കാൻ കഴിയുമോ ആ രീതിയിലൊക്കെ സങ്കല്പിക്കേണ്ടതാണ്. അവളുടെ ദോഷകരമായിട്ടുള്ള ചീത്ത സ്വഭാവങ്ങൾ മുന്നിൽ കൊണ്ടു വരിക. അവളോട് വെറുപ്പ് ഉളവാക്കുന്ന രൂപം മനസ്സിൽ കൊണ്ടുവരിക. എന്നാൽ, മാത്രമേ ഈ തിന്മയിൽനിന്ന് നിങ്ങൾക്ക്

അകലാൻ കഴിയുകയുള്ളൂ. രണ്ടാമത്തെ നിബന്ധന പറഞ്ഞത് നിങ്ങളുടെ നല്ലബുദ്ധിയെ ഉണർത്തുകയും താൻ ഏതു തരത്തിലുള്ള തിന്മയിലാണ് അകപ്പെട്ടിട്ടുള്ളതെന്ന് ചിന്തിക്കുകയും ചെയ്യുക എന്നതാണ്. സ്വന്തം അവസ്ഥ ഓർത്ത് ലജ്ജിക്കുക. ഈ അവസ്ഥ ഉണ്ടായാൽ തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതാണ്. മൂന്നാമത്തെ നിബന്ധന പറഞ്ഞത് ഉറച്ചതും ശക്തവുമായ തീരുമാനം എടുക്കുക എന്നതാണ്. അതായത് ആ തിന്മയുടെ അടുത്ത് പോകുകയേയില്ല എന്ന തീരുമാനത്തിൽ ഉറച്ചുനില്ക്കുക. ഈ തീരുമാനത്തിൽ ഉറച്ചുനില്ക്കാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അല്ലാഹു സത്യസന്ധമായി പശ്ചാത്തപിക്കാൻ തൗഫീഖ് നല്കുന്നു. തിന്മയിൽനിന്ന് രക്ഷപ്പെടാൻ ചെയ്ത ദുആകൾ സ്വീകരിക്കപ്പെടുന്നു. ദുആകൾ സ്വീകരിക്കപ്പെടുന്നതിനു മുമ്പേ ഈ കർമങ്ങൾ ചെയ്യേണ്ടത് നിർബന്ധമാണ്. അല്ലാതെ രാവിലെ മുതൽ വൈകുന്നേരംവരേയും രാത്രിമുതൽ രാവിലെവരേയും തെറ്റായ പ്രവൃത്തികളിൽ മുഴുകുകയും തിന്മകളിൽ കുടുങ്ങിക്കിടക്കുകയും ചെയ്തിട്ട് ഏതെങ്കിലും നേരത്തോ സമയത്തോ എന്നെ ഈ തിന്മകളിൽനിന്ന് രക്ഷിക്കണേ എന്ന് ദുആ ചെയ്യുകയല്ല വേണ്ടത്. ആ കർമങ്ങൾ വെളിവാക്കുന്നത് ദുആ ഗൗരവത്തോടെ ചെയ്യപ്പെട്ടില്ല എന്നാണ്. ആ സൽപ്രകൃതി ഉള്ളിൽ മറഞ്ഞിരിക്കുകയാണ്. അത് ഏതെങ്കിലും നേരത്ത് 'നിന്റെ അവസ്ഥ എന്താണ്, തിന്മകളിൽ മുങ്ങിത്താണ് കിടക്കുകയാണല്ലോ' തുടങ്ങിയ വിചാരങ്ങളെ തളിക്കയറ്റുകയും ഈ താല്കാലികമായ ബോധത്താൽ ദുആയിലേക്ക് താല്കാലികമായ ശ്രദ്ധ ഉണ്ടാകുകയും ചെയ്യുമെങ്കിലും പിന്നീട് ആ തിന്മ നേരിൽ വരുന്ന നേരത്ത് അത് ചെയ്യാനുള്ള ആഗ്രഹം ആ താല്കാലികമായുണ്ടായ ബോധത്തെ നശിപ്പിക്കുകയും ലജ്ജയെ കീഴടക്കുകയും ചെയ്യും. അത്തരം അവസ്ഥ തിന്മകളിൽനിന്ന് സ്ഥിരമായി രക്ഷിക്കുകയില്ല. ദുആയോടുള്ള കടമകൾ നിറവേറ്റുന്നതായി തീരുകയുമില്ല. എന്നല്ല അത് ദുആയെ പരിഹസിക്കലാണ്. അല്ലാഹുവിനെ തന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള ശ്രമമാണ്. അല്ലാഹു ആരുടേയും നിയന്ത്രണത്തിന് വിധേയനല്ല. അതുകൊണ്ട് അത്തരമാളുകൾക്ക് അല്ലാഹുവിന്റെ പൊറുമയിൽനിന്ന് യഥാർഥ അനുഗ്രഹം എടുക്കണമെങ്കിൽ, അവന്റെ പാരിതോഷികങ്ങൾക്ക് അനന്താരാവകാശികളാകണമെങ്കിൽ, തങ്ങളുടെ ദുആകളുടെ സ്വീകാര്യത ദർശിക്കണമെങ്കിൽ തങ്ങളുടെ അവസ്ഥകളിലേക്ക് ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്. ഞാൻ പറഞ്ഞതുപോലെ അല്ലാഹു കൃപാലുവാണ്. എപ്പോഴും തന്റെ കാരുണ്യത്തിന്റെ പുതപ്പ് തന്റെ ദാസരെ പുതപ്പിക്കാൻ തയ്യാറാണ്. ഇക്കാര്യം, നിങ്ങൾ അല്ലാഹുവിന്റെ കല്പനപാലിച്ച് നടക്കാനും അങ്ങനെ അല്ലാഹുവിന്റെ പൊറുക്കലും കാരുണ്യവും കരസ്ഥമാക്കാനും നമ്മളോട് ആവശ്യപ്പെടുന്നില്ലേ? അവന്റെ വിശാലമായ കാരുണ്യമുണ്ടായിട്ടും അവന്റെ ശിക്ഷയ്ക്ക് പാത്രമാകുന്ന കാര്യങ്ങളിൽനിന്ന് വിട്ടു നില്ക്കാൻ ആവശ്യപ്പെടുന്നില്ലേ? നമ്മുടെ തൗബ സത്യസന്ധമായിത്തീരട്ടെ. നമ്മൾ എപ്പോഴും അവന്റെ മുമ്പിൽ കുനിയുന്നവരായിത്തീരട്ടെ.

ഹദ്റത്ത മസീഹ് മൗഊദ് (അ) പറയുന്നു: നിങ്ങളുടെ കർമങ്ങളെ ശുദ്ധമാക്കുക. അല്ലാഹുവിനെ എപ്പോഴും സ്മരിക്കുക. മടി കാണിക്കരുത്. ഓടുന്ന ഇര അല്പം അശ്രദ്ധനാകുമ്പോൾ വേട്ടക്കാരന്റെ കൈയിൽ അകപ്പെടുന്നതുപോലെ അല്ലാഹുവിന്റെ സ്മരണയിൽ അശ്രദ്ധരാകുമ്പോൾ നിങ്ങൾ ശയ്ത്വാന്റെ വേട്ടയായി തീരുന്നു. പശ്ചാത്താപത്തെ എപ്പോഴും ജീവിപ്പിച്ച് നിറുത്തുക. മരിക്കാൻ വിടരുത്. കാരണം ഏതൊരു അവയവംകൊണ്ടാണോ പ്രവർത്തിക്കുന്നത് അതാണ് പ്രയോജനപ്പെടുന്നത്. ഏതൊന്നിനെ അലക്ഷ്യമായി വിട്ടുകളയുന്നുവോ അത് എന്നെന്നേക്കുമായി നിഷ്പ്രയോജനമായിത്തീരുന്നു. ഇതേപോലെ തൗബയേയും ചലിപ്പിച്ചുകൊണ്ടിരിക്കുക; അത് നിഷ്പ്രയോജനമാകാതിരിക്കാൻ. നിങ്ങൾ ശരിയായ തൗബ ചെയ്തിട്ടില്ലെങ്കിൽ അത് കല്ലിന്മേൽ വിതയ്ക്കുന്ന വിത്തുപോലെയാണ്. ഇനി അത് ശരിയായ തൗബയാണെങ്കിൽ യഥാർഥ സമയത്ത് വിളവ് കൊണ്ടുവരുന്ന വളക്കൂറുള്ള മണ്ണിൽ വിതയ്ക്കുന്ന വിത്തുപോലെയാണ്. ഇക്കാലത്ത് ഇത്തരം തൗബ ചെയ്യാൻ വലിയവലിയ പ്രയാസങ്ങളുണ്ട്. കാരണം ദുൻയാവിനോടുള്ള അത്യാഗ്രഹവും ദുൻയാവിന്റെ ആനന്ദാനുഭൂതികളും മുന്നിലുണ്ടാകുന്നു.'

പറഞ്ഞു: 'നമുക്ക് വിജയിക്കാനുള്ള ആയുധം ഇസ്തിഗ്ഫാർ, തൗബ, മതപരമായ അറിവ്, അല്ലാഹുവിന്റെ മഹത്വത്തെ മുന്നിൽ കാണൽ, അഞ്ചുനേരത്തെ നമസ്കാരം അനുഷ്ഠിക്കൽ തുടങ്ങിയവയാണ്. നമസ്കാരം ദുആ സ്വീകരിക്കുന്നതിനുള്ള താക്കോലാണ്. നമസ്കരിക്കുമ്പോൾ ദുആ ചെയ്യുക. അശ്രദ്ധരാവരുത്. ദൈവത്തോടുള്ള കടമകളെ സംബന്ധിച്ചും സൃഷ്ടികളോടുള്ള കടമകളെ സംബന്ധിച്ചുമുള്ള എല്ലാ തരം തിന്മയിൽനിന്നും മുക്തരാകുക.'(മൽഫൂദാത്ത് വാല്യം 5 പേജ് 303 1984 ലണ്ടൻ പതിപ്പ്)

ഇങ്ങനെ ശരിയായ നിലയിൽ തൗബ ചെയ്യുന്നവരിൽ ഉൾപ്പെടാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളായിക്കൊണ്ടിരിക്കുമാറാകട്ടെ. റമദാനുമായി ബന്ധപ്പെട്ട എല്ലാ അനുഗ്രഹങ്ങളും കരസ്ഥമാക്കുന്നവരായി നാം മാറട്ടെ. ●

**വിവ: മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ**

www.alislam.org

# ശരണാർഥിയെ സംരക്ഷിക്കുന്ന ദൈവം

**ദൈവത്തെ മാത്രം ആശ്രയമായി കരുതുന്ന ഒരാൾക്ക് ദൈവം എല്ലാ അർഥത്തിലും അഭയം അരുളുന്നു.**

ഹദ്റത്ത് അഹ്മദ് (അ)

ഒരാൾ തന്റെ ദൈവത്തിലുള്ള വിശ്വാസത്തിന്റെ ബലത്തിനനുസരിച്ച് ഭൗതികതയിലുള്ള ആശ്രിതത്വത്തിൽ നിന്ന് മുഖം തിരിക്കുന്നു. വിശ്വാസം എത്ര കൂടുതൽ വികസിക്കുകയും പുരോഗമിക്കുകയും ചെയ്യുന്നുവോ അത്രകൂടുതലായി അയാൾ ഭൂതകാലത്തിലുള്ള ആശ്രിതത്വത്തിൽ വിമുഖനാവുന്നു. വാസ്തവത്തിൽ ലോകം വഞ്ചനാത്മകമാണ് എന്നത് പ്രകടമാണ്. പുരോഗതിക്ക് നിദാനമാണ് എന്ന് കരുതുന്ന ഭൗതിക വസ്തുക്കൾ അധോഗതിക്ക് കാരണമാകുന്നു. ലോകത്തിന്റെ ആദരവും സ്ഥാനവും ലഭ്യമാകാൻ സമ്പത്ത് മുഖേന വ്യാജമായും വഞ്ചനാത്മകമായും കൃത്രിമവുമായ അനേകം മാർഗങ്ങൾ അവലംബിക്കപ്പെടുന്നു. ആളുകൾ അവരുടെ ലക്ഷ്യങ്ങൾ കാണാൻ അസത്യമായ മാർഗങ്ങൾ തേടുന്നു. അവരുടെ ജീവിതലക്ഷ്യങ്ങളുടെ സാക്ഷാത്ക്കാരത്തിന് ഇത്തരം രീതികൾ ഉപാധിയാക്കണം എന്നവർ കരുതുന്നു. ഇത് ഏതറ്റംവരെയെന്നാൽ ഇത്തരം കുത്സിത മാർഗങ്ങളിലൂടെ കൈവരിച്ച വിജയങ്ങൾ അവരുടെ സ്നേഹിതന്മാർക്ക് മുമ്പാകെ വമ്പിച്ച അഭിമാനത്തോടെ വിവരിക്കുന്നു. ഇതിനെ മഅ്രിഫത്തിന്റെയും (ദൈവികജ്ഞാനം) നീതിയുടെയും വീക്ഷണത്തിൽ വിലയിരുത്തുമ്പോൾ അവരുടെ ഈ രീതിയും ഉപാധികളും അവർക്ക് ഏറെനാൾ നീണ്ടു നിൽക്കുന്ന സന്തോഷവും സംതൃപ്തിയും പ്രദാനം ചെയ്യുന്നില്ല എന്ന് നമുക്ക് കാണാൻ കഴിയും. എപ്പോഴെങ്കിലും അവരോട് ഇതേപറ്റിയുള്ള കാര്യങ്ങൾ ചോദിക്കുക. അവർ എപ്പോഴും നിരാശയുടെയും വിഷമത്തിന്റേയും മുഖം കാണിക്കും. ശാന്തിയും സന്തോഷവും ഒരിക്കലും അവരുടെ വദനങ്ങളിൽ പ്രത്യക്ഷപ്പെടുന്നില്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ മാത്രമേ ഒരാളുടെ മുഖത്ത് സംതൃപ്തിയുടെ ലക്ഷണങ്ങൾ പ്രകടമാകുകയുള്ളൂ. ഏത് വരെ ഒരാൾ ദൈവത്തിൽ പൂർണമായി വിശ്വസിക്കുന്നില്ലയോ ഏതൊരാൾ ദൈവത്തിന്റെ വാഗ്ദാനങ്ങൾ വിശ്വസിക്കുകയും അവൻ വിജയങ്ങൾ തന്നരുളാൻ കെൽപ്പുള്ളവനാണെന്ന് ഉറച്ച് വിശ്വസിക്കുകയും ചെയ്യുന്നില്ലയോ യാതൊരാൾ തന്റെ ജീവിതത്തിൽ ഒരു സമൂല പരിവർത്തനം സാദ്ധ്യമാക്കി സച്ചരിതരുടെ മാർഗത്തിൽ ചലിക്കുന്നില്ലയോ അയാൾക്ക് ഒരിക്കലും പൂർണ സംതൃപ്തി ലഭിക്കുന്നില്ല.

അല്ലാഹു ഖുർആനിൽ പറയുന്നു:

**അവൻ സത്യവിശ്വാസികളെ സംരക്ഷിക്കും (7:197)**

അതായത് പരിഷ്ക്കരണത്തിന്റെയും നന്മയുടെയും മാർഗത്തിൽ സഞ്ചരിക്കുന്നവന് അല്ലാഹു രക്ഷകനാണ്. അത്തരം വ്യക്തികളെ അല്ലാഹു എല്ലാതരത്തിലും സംരക്ഷിക്കും.

ഒരാൾക്ക് ഒരു സംരക്ഷകനുണ്ടെങ്കിൽ അയാളുടെ പല ഭാരങ്ങളും ഒഴിവാക്കാൻ കഴിയും. ഒരു മാതാവ് കുഞ്ഞിന്റെ രക്ഷകനായി വർത്തിക്കുമ്പോൾ കുഞ്ഞിന് അതിന്റെ ആവശ്യങ്ങളെ സംബന്ധിച്ച് ഒന്നും ആവലാതിപ്പെടേണ്ടതില്ല. മാതാവ് ആ കുഞ്ഞിന്റെ എല്ലാ ആവശ്യങ്ങളും നിവർത്തിച്ചുകൊടുക്കും. കുഞ്ഞിന്റെ ആഹാരം, വസ്ത്രം അതുപോലെയുള്ളതിനെല്ലാം മാതാവ് ഉത്കണ്ഠപ്പെട്ടുകൊണ്ടിരിക്കും. അവൾ കുഞ്ഞിന്റെ ആരോഗ്യം പരിപാലിക്കുകയും അതിനെ കുളിപ്പിച്ച് വൃത്തിയാക്കുകയും ചെയ്യുന്നു. ചിലപ്പോൾ കുഞ്ഞിനെ മാതാവ് ഭക്ഷണം കഴിക്കാനും വസ്ത്രം ഉടുപ്പിക്കാനും ചെറുതായി അടിക്കുന്നു. കുഞ്ഞിന് അവന്റെ ആവശ്യങ്ങൾ എന്താണെന്ന് അറിയുന്നില്ല. എന്നാൽ മാതാവിന് അതറിയുകയും അത് അനിവർത്തിക്കുന്നതിൽ വ്യാപൃതനാവുകയും ചെയ്യുന്നു. കുഞ്ഞ് മാതാവിന്റെ സംരക്ഷണ വലയത്തിൽ നിന്ന് വളർന്ന് വലുതാവുമ്പോൾ സ്വാഭാവികമായും അവന് മറ്റു ചില രക്ഷാധികാരികളേയും സംരക്ഷകരേയും ആവശ്യമായി വരുന്നു. അവന്റെ രക്ഷാധികാരികളാവാൻ മറ്റു പലരേയും പലരീതിയിൽ അവൻ തേടുന്നു. അവന്റെ പല വിധ ആവശ്യങ്ങളും നിറവേറ്റാൻ കഴിഞ്ഞേക്കാവുന്ന മറ്റുള്ളവരെ തന്റെ രക്ഷാധികാരികളും സംരക്ഷകരുമായി കാണാൻ അവൻ ശ്രമിക്കുന്നു. അവനെപോലെ തന്നെ സ്വയം ബലഹീനരായ വ്യക്തികളെ അവന്റെ

**അല്ലാഹുവിന്റെ അനുഗ്ര ഹത്താൽ മാത്രമേ ഒരാളുടെ മുഖത്ത് സംതൃപ്തിയുടെ ലക്ഷണ ങ്ങൾ പ്രകടമാകുകയുള്ളൂ. ഏത് വരെ ഒരാൾ ദൈവത്തിൽ പൂർണ മായി വിശ്വസിക്കുന്നില്ലയോ ഏതൊ രാൾ ദൈവത്തിന്റെ വാഗ്ദാനങ്ങൾ വിശ്വസിക്കുകയും അവൻ വിജയ ങ്ങൾ തന്നരുളാൻ കെൽപ്പുള്ളവനാ ണെന്ന് ഉറച്ച് വിശ്വസിക്കുകയും ചെയ്യുന്നില്ലയോ യാതൊരാൾ തന്റെ ജീവിതത്തിൽ ഒരു സമൂല പരി വർത്തനം സാദ്ധ്യമാക്കി സച്ചരിത രുടെ മാർഗത്തിൽ ചലിക്കുന്നില്ല യോ അയാൾക്ക് ഒരിക്കലും പൂർണ സംതൃപ്തി ലഭിക്കുന്നില്ല.**

രക്ഷാധികാരികളും സംരക്ഷകരു മാക്കി വെക്കുന്നു. അവരാകട്ടെ തങ്ങളുടെ സ്വന്തം ആവശ്യങ്ങളിൽ മുങ്ങിക്കിടക്കുന്നവരും മറ്റുള്ളവ രുടെ ആവശ്യങ്ങൾ പൂർണമായി ശ്രദ്ധിക്കാൻ കഴിവില്ലാത്തവരു മാണ്.

ഒരാൾ തന്റെ മറ്റുള്ളവരി ലുള്ള അത്തരം ആശ്രിതത്വം മുറിച്ചുമാറ്റുകയും സാത്വികമാ യൊരു ജീവിതം നയിക്കുകയും സ്വയം പരിഷ്ക്കരിക്കുകയും ചെയ്യുന്നുവോ അത്തരക്കാർക്ക് ദൈവം സ്വയം സംരക്ഷകനും രക്ഷാധികാരിയുമായി തീരും. അവന്റെ എല്ലാ ആവശ്യങ്ങളും ആഗ്രഹങ്ങളും പൂർത്തിയാക്കിത്ത രുന്നു. അത്തരം ആളുകൾക്ക് മറ്റ് യാതൊരു ബാഹ്യമായ സംരക്ഷക ന്റെയും ആവശ്യം വേണ്ട. അവരുടെ ആവശ്യങ്ങൾ അവർ സ്വയം അറിയുന്നതിനേക്കാൾ കൂടുതലായി അല്ലാഹുവിനറിയാം. അത്തരക്കാർക്ക് അത്ഭുതങ്ങൾ ഉളവാക്കുമാറ് അവന്റെ അനുഗ്രഹ ങ്ങളും മഹത്വങ്ങളും അവരിൽ ചൊരിയുന്നു.

ദൈവം ഒരു മനുഷ്യന്റെ രക്ഷാധികാരിയാണെങ്കിൽ ആ വ്യക്തി നിരവധി ഘട്ടങ്ങളിലൂടെ കടന്നു പോകേണ്ടതുണ്ട്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു വ്യക്തി ദൈവത്തിന്റെ രക്ഷാധികാരത്തിന് കീഴിൽ വരുന്നതിന് മുമ്പായി മറ്റു പല രക്ഷാധികാരികളുടെയും രക്ഷാകർതൃത്വത്തിലൂടെ കടന്നു പോകേണ്ടതുണ്ട്. അല്ലാഹു ഖുർആനിൽ പറയുന്നു:

**' പറയുക, ഞാൻ അഭയം പ്രാപിക്കുന്നു. മനുഷ്യരുടെ നാഥനെ, മനുഷ്യരുടെ രാജാവിനെ, മനുഷ്യരുടെ യഥാർഥ ആരാധ്യനെ, പിന്മാറിക്കളയുന്ന ദുർബോധകന്റെ ഉപദ്രവത്തിൽ നിന്ന്. മനുഷ്യ ഹൃദയങ്ങളിൽ ദുർബോധനം ചെയ്യുന്നവനത്രെ അവൻ. മറഞ്ഞി രിക്കുന്നവരിൽ നിന്നും സാധാരണ മനുഷ്യരിൽ നിന്നു മുള്ളവൻ.'**
**(114 2 7)**

ആദ്യമായി മനുഷ്യന് പ്രായപൂർത്തിയെത്തുന്നത് വരെ മാതാപിതാക്കളുടെ ആവശ്യമുണ്ട്. അതിന് ശേഷം അവന് രാജാ ക്കന്മാരുടെയും ഭരണാധികാരികളു ടെയും ആവശ്യമുണ്ട്. അവൻ കൂടുതൽ വളരുമ്പോൾ അവന്റെ വികലതകൾ മൂലം മറ്റു പലരിലും അവൻ വിശ്വാസം അർപ്പിക്കുന്നു. അവരാകട്ടെ അവന്റെ ആവശ്യ ങ്ങൾ നിവർത്തിച്ചുകൊടുക്കാൻ ശക്തിയില്ലാത്ത ദുർബലരായ മനുഷ്യ ജീവികളാണ്. ഈ ഘട്ട ത്തിലാണ് അവൻ സ്ഥിരോത്സാഹ ത്തോടുകൂടി ദൈവത്തിങ്കലേക്ക് തിരിയുന്നത്. ദൈവം മാത്രമാണ് തന്റെ യഥാർഥ രക്ഷാധികാരിയും സംരക്ഷകനുമെന്ന് അവൻ അറി യുന്നു. ഈ അറിവ് അവനിൽ അളവറ്റ ആനന്ദത്തിന് ഉറവിടമായി തീരുന്നു. അവിടം മുതൽ അവൻ സംതൃപ്തിയുടേതായ ഒരു ജീവിതത്തിൽ പ്രവേശിക്കുന്നു. ദൈവം തന്നെ അവനോട് പറയുന്നു ഞാൻ നിന്റെ മുതവല്ലി (സംരക്ഷകൻ) ആണെന്ന് . ആ നിമിഷം മുതൽ അവൻ സംതൃപ്തി യുടെയും സന്തോഷത്തിന്റെയും അവസ്ഥയിലെത്തുന്നു. ഇതെല്ലാം വാക്കുകളിൽ ആവിഷ്ക്കരിക്കാൻ സാദ്ധ്യമല്ല. ഈ സന്ദർഭത്തിൽ മനുഷ്യന്റെ ജീവിതം എല്ലാവിധ ദുഃഖങ്ങളിൽ നിന്നും മുക്തമാവു ന്നു. ലൗകിക ജീവിതത്തിലാകട്ടെ മനുഷ്യന് ദുഃഖങ്ങളൊഴിഞ്ഞ നേരമില്ല. ലോകത്തിന്റെ ഊഷര ഭൂമിയിൽ മുഴുവൻ ദുഃഖങ്ങളും മുള്ളുകളുമാണ്. ഒരു പേഴ്സ്യൻ പഴമൊഴിയിലേത് പോലെ

**'ഇവിടെ വേദനകളും നിഗൂഢമായ വിപത്തുകളുമല്ലാതെ മറ്റെന്താണുള്ളത്. ലോകത്തിന്റെ തീക്ഷ്ണമായ ഊഷരതയിൽ സമാശ്വാസത്തിനായി ദൈവത്തി ന്റെ അടുപ്പമല്ലാതെ മറ്റെന്താണു ള്ളത്?'**

ദൈവം തന്റെ സ്നേഹിതന്റെ രക്ഷകനാകുന്ന അവസ്ഥയിൽ ലോകത്തിന്റെ ആകുലതയിൽ നിന്നും അവൻ മുക്തനാകുകയും അവൻ യഥാർഥ ആനന്ദത്തിന്റെ യും തൃപ്തിയുടെയും ജീവിതത്തി ലേക്ക് പ്രവേശിക്കുകയും ചെയ്യു ന്നു. അത്തരം ആളുകൾക്ക് ദൈവ ത്തിൽ നിന്നുള്ള വാഗ്ദാനം ഇങ്ങനെയാണ്.

**' വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അവന് അല്ലാഹു രക്ഷ പ്പെടാനുള്ള മാർഗ മുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗത്തു കൂടെ അല്ലാഹു അവന് ഉപജീവനം നൽകുകയും ചെയ്യും.'(65:3,4)**

ആരാണോ സത്യവിശ്വാ സത്തിന്റെ പാത തിരഞ്ഞെടുക്കു ന്നത്, ദൈവം അവനെ സകല വിധദുഃഖങ്ങളിൽ നിന്നും ശിക്ഷക ളിൽ നിന്നും രക്ഷിക്കുന്നതാണ് ദൈവം സ്വയം തന്നെ അവന്റെ കാര്യങ്ങളെല്ലാം നോക്കുകയും അവൻ ഒരിക്കലും വിചാരിക്കാത്ത മാർഗങ്ങളിലൂടെ അവനെ സഹാ യിക്കുകയും ചെയ്യുന്നു. ●

(മൽഫൂസാത്ത്, ഭാഗം 17, പേ 5254)

# മതത്തിന്റെ ഉദ്ഭവം ഭയത്തിൽ നിന്നോ?

(രണ്ടാം ഭാഗം)

## ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

വിശുദ്ധ ഖുർആൻ സോഷ്യോളജിസ്റ്റുകളുടെ ഈ പരികൽപന നിരാകരിക്കുന്നു. അതിന്റെ വിപരീതമായിരിക്കും ശരി എന്ന് അത് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. ലോകത്തിലെ എല്ലാ പ്രമുഖ മതങ്ങളും ഒരു പോലെ അവരുടെ യാത്ര ദൈവത്തിന്റെ ഏകത്വത്തോടു കൂടി ആരംഭിക്കുന്നു. സോഷ്യോളജിസ്റ്റുകളുടെ ഈ പരിണാമവാദം ചരിത്രത്തിന്റെ പിൻബലത്തോടുകൂടി തെളിയിക്കപ്പെട്ടിട്ടില്ല. മനുഷ്യന്റെ മന:ശാസ്ത്രവുമായി അത് ഒത്തുപോകുകയുമില്ല.

പ്രവാചകന്മാർക്ക് ഗൂഢമായ ചില ഉദ്ദേശ്യങ്ങളും രഹസ്യ പദ്ധതികളുമുണ്ടായിരുന്നുവെന്നുമുള്ള ആരോപണങ്ങളുടെ മുനയൊടിക്കുമാറ് അവരുടെ ജീവിതം ഒരു തുറന്ന പുസ്തകമാണ്. എതിരാളികളുടെ ദുരാരോപണങ്ങളെ സാധൂകരിക്കുന്ന എന്തെങ്കിലും ഒരു തെളിവ് അവരുടെ പ്രവാചകത്വ വാദത്തിന് മുമ്പേയുളള ജീവിതത്തിലും നമുക്ക് കാണാൻ സാധ്യമല്ല. പിൽക്കാലത്ത് വ്യാജ പ്രവാചകത്വം വാദിക്കാൻ അവർ ആസൂത്രണം നടത്തി എന്നതായിരുന്നു എതിരാളികളുടെ ആരോപണം. ദൈവത്തിന്റെ ഏകത്വത്തിന്റെ മഹാവക്താക്കളായ അബ്രഹാം(അ), മോസസ് (അ), മുഹമ്മദ്(സ) എന്നിവരുടെ ജീവിതത്തിൽ അത്തരം തെളിവുകൾ കാണാൻ സാധ്യമല്ല. അദ്ദേഹത്തിന്റെ സന്തതി പരമ്പരയിൽപെട്ട എബ്രഹാമിന്റെ കാലമാവുമ്പോഴേക്കും ലൗകികമായ ഇതിഹാസങ്ങളിലെ അനേക ദൈവങ്ങളിലുള്ള വിശ്വാസമായി അധഃപതിച്ചിട്ടുണ്ടായിരുന്നു. അബ്രഹാം(അ) വീണ്ടും ദൈവത്തിന്റെ ഏകത്വം സ്ഥാപിക്കാനുള്ള ഭഗീരഥ യത്നം ആരംഭിക്കുകയുണ്ടായി. അവസാനം ഏക ദൈവ വിശ്വാസം വീണ്ടും സ്ഥാപിതമായി. ഏകത്വത്തിന്റെ കെടാവിളക്ക് അദ്ദേഹത്തിന്റെ സന്തതികൾ ഉയരത്തിൽ സ്ഥാപിച്ചു. തുടർന്നു വന്ന തലമുറകൾ അത് ഉയർത്തിപ്പിടിച്ചു കൊണ്ടിരുന്നു.

**ഭയത്തിൽ നിന്നാണ് ആരാധന ഉണ്ടായതെന്നും ബഹു ദൈവാരാധന പരിണമിച്ചാണ് ഏക ദൈവാരാധന ഉണ്ടായതെന്നും വാദിക്കുന്ന സോഷ്യോളജിസ്റ്റുകളുടെ അയുക്തികമായ അബദ്ധജൽപ്പനങ്ങൾ വിശുദ്ധ ഖുർആൻ നിരാകരിക്കുന്നു.**

ജീർണതയുടെ പുരാതന കാലം മുതൽക്കുള്ള ആ പ്രവണതയുടെ അതേവിധി വിനാശകരമായ ഫലങ്ങളുളവാക്കിക്കൊണ്ട് അവരുടെ സമൂഹങ്ങളിലും അവസാനം കടന്നു വന്നു. അബ്രഹാമി(അ)ന്റെ കാലത്തിന് ശേഷം ഏതാനും നൂറ്റാണ്ടിനുള്ളിൽ ഇസ്രായേൽ സമൂഹം അതേ ബിംബാരാധനയിലേക്ക് തന്നെ തിരിച്ചു പോയി. ഇത് മോസസി(അ)ന്റെ കാലം വരെ തുടർന്നു. ദൈവത്തിന്റെ ഏകത്വത്തിന് വേണ്ടി യത്നിച്ച പ്രവാചകൻമാരിൽ അസാമാന്യനായ ജേതാവായിരുന്നു മോസസ്(അ). തുടർന്ന് വന്ന നൂറ്റാണ്ടുകളിൽ, ബിംബാരാധന അദ്ദേഹത്തിന്റെ അനുയായികളിലേക്ക് സംക്രമിക്കുകയും അവരുടെ വിശ്വാസത്തെ അത് മലിനപ്പെടുത്തുകയും ചെയ്തു. ഏകത്വത്തിൽ നിന്നുള്ള തകർച്ച ഒരു വീഴ്ചയാണെന്ന് ഇത് സംശയരഹിതമായി തെളിയിക്കുന്നു. മനുഷ്യനെ തനിയെ വിടുകയാണെങ്കിൽ ഔന്നത്യത്തിന്റെ ഗോവണിയിൽ നിന്ന് ബഹുദൈവത്വത്തിന്റെയും അന്ധവിശ്വാസങ്ങളുടേയും ബിംബപൂജയുടെയും താഴ്ന്ന വിതാനത്തിലേക്ക് അവർ വീണു പോകും.

ഖുർആൻ ഉദ്ധരിച്ച മറ്റൊരു ഉദാഹരണം ദൈവത്തിന്റെ ഏകത്വത്തിന് വേണ്ടി അബ്രഹാം(അ) പണിത ദൈവത്തിന്റെ ഭവനമായ മക്കയിലെ ബൈത്തുൽ ഹറാം ആണ്. അത്ഭുതകരമെന്ന് പറയട്ടെ ദൈവത്തിന്റെ കീർത്തികേട്ട ഈ പുണ്യഗേഹത്തിലേക്ക് വളരെക്കാലം ബിംബങ്ങൾ പ്രവേശിച്ചില്ല. ദീർഘകാലത്തിനുശേഷം 'ബൈത്തുൽ ഹറാം' എന്ന പേരൊഴികെ മറ്റെല്ലാം മാറിയിരുന്നു. ചന്ദ്രമാസത്തിലെ ഓരോ ദിവസത്തെയും പ്രതിനിധാനം ചെയ്തുകൊണ്ട് 360 എണ്ണത്തിൽ കുറയാത്ത ബിംബങ്ങൾ കഅബാലയത്തിന്റെ മതിലുകൾക്കുള്ളിലെ മുറികളിൽ കുടിയിരുത്തപ്പെടുകയുണ്ടായി. ആ വിഗ്രഹങ്ങൾക്കെല്ലാം അവിടെ മുറികളുണ്ടായിരുന്നു. പക്ഷേ, ദൈവത്തിനു മാത്രം സ്ഥലമുണ്ടായിരുന്നില്ല.

സോഷ്യോളജിസ്റ്റുകൾ ധാരാളമായി പറയുന്ന പരിണാമ പ്രക്രിയയാണോ ഇത്? വിഗ്രഹാരാധന പരിണമിച്ച് പരമോന്നതനായ ഏക ദൈവവിശ്വാസമായി രൂപാന്തരപ്പെട്ടത് ഈ വിധത്തിലാണെന്നാണോ അവർ വിശ്വസിക്കുന്നത്? മനുഷ്യൻ അവന്റെ പ്രാകൃതമായ മാനസികാവസ്ഥയിൽ നിന്ന് ഉന്നതമായ അവസ്ഥയിലേക്ക് പുരോഗമിക്കുന്നതിനനുസരിച്ച് എങ്ങനെയാണ് ഒടുവിൽ ദൈവത്തിന്റെ പ്രതിരൂപം സൃഷ്ടിക്കപ്പെടുക? ഇല്ല, ഒരിക്കലുമില്ല. മത ചരിത്രം എകകണ്ഠ്യേന സോഷ്യോളജിസ്റ്റുകളുടെ ഈ കൃത്രിമ ജൽപനം നിരാകരിക്കുന്നു. ദൈവത്തിന്റെ ഏകത്വം അവനിൽ നിന്ന് തന്നെ വെളിപ്പെട്ട് ഇറങ്ങിയതാണെന്ന് സ്പഷ്ടമായി വ്യക്തമാക്കുന്നു. അത് സ്വാഭാവികമായ ഒരു പിരിയൻ കോണിയിലൂടെ ബിംബാരാധന പുരോഗമിച്ച് അവനിലെത്തിച്ചേർന്നതല്ല.

ബഹുദൈവങ്ങളിൽ നിന്നുമാണ് ഏകദൈവത്തിലേക്ക് എത്തിചേർന്നതെങ്കിൽ മതചരിത്രം അത് സാക്ഷ്യപ്പെടുത്തുമായിരുന്നു. പക്ഷേ, ലോകമതങ്ങളുടെ വ്യവസ്ഥാപിത ചരിത്രത്തിൽ അങ്ങനെ സംഭവിച്ചതിന്റെ ഒരടയാളം പോലും അവശേഷിക്കുന്നില്ല. ഏകദൈവ വിശ്വാസികളായ സമൂഹം ക്രമേണ ബഹുദൈവ വിശ്വാസികളായി അധഃപതിക്കുകയായിരുന്നു. ഇതിന് വിപരീതമായി ഒരിക്കലും സംഭവിച്ചിട്ടില്ല. സാത്വികരായ ജനങ്ങൾക്ക് അവരുടെ സാത്വികത അനന്തര തലമുറയിലേക്ക് ദീർഘകാലമായി പകർന്നു നൽകുക എന്നത് അത്യന്തം വിഷമകരമാണ്. ചിലപ്പോഴെല്ലാം അപ്രകാരം സംഭവിച്ചിട്ടുണ്ട്. പൂർവപിതാക്കളുടെ സാത്വികത തുടർന്നു വരുന്ന തലമുറകളിലേക്ക് അഗാധമായി വേരോടിയതായി കാണാം. ആദ്യതലമുറയിലെ ധാരാളം പേർ വെളിച്ചത്തിലേക്ക് നയിക്കപ്പെടുന്നു. അവർ ഒരിക്കലും തന്നെ പഴയ ഇരുട്ടിലേക്ക് തിരിച്ചു പോകുന്നില്ല. തലമുറകൾ കഴിയുമ്പോൾ വിശ്വാസം ദുർബലമായി വരുന്നു. അത് ഒരൊറ്റ രാത്രികൊണ്ട് സംഭവിക്കുന്നില്ല. പ്രവാചകന്റെ മരണത്തിനു ശേഷം ആരംഭിക്കുന്ന മന്ദമായ ഒരു ജീർണന പ്രക്രിയയാണത്. അവസാനം വളരെ കഷ്ടപ്പെട്ടു സമ്പാദിച്ച ദൈവത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസം നശിക്കുന്നു. വിശ്വാസത്തിന് മങ്ങലേൽക്കുമ്പോൾ അന്ധവിശ്വാസങ്ങൾ അതിക്രമിച്ച് വരികയും വിശ്വാസത്തിനു മേൽകൈ നേടുകയും ചെയ്യുന്നു. സർവശക്തനായ ദൈവം നിരവധി ദൈവങ്ങളായി ശകലീകരിക്കപ്പെടുന്നു. ആരാധനാലയങ്ങൾതോറും വെളിച്ചപ്പാടുകൾ ഉണ്ടാവാൻ ആരംഭിക്കുകയും അസത്യവാൻമാരായ മതപുരോഹിതൻമാർ സാധാരണ ജനങ്ങളെ വഞ്ചിക്കാൻ തങ്ങൾ സ്വതന്ത്രരാണെന്ന് കരുതുകയും ചെയ്യുന്നു.

മനുഷ്യരോടുള്ള ഇടപാടുകളിൽ എല്ലാ മതങ്ങളും ധാർമികത പാലിക്കാൻ ഊന്നിപ്പറയുന്നു. മറ്റു പല കാര്യങ്ങളിലും വ്യത്യസ്തതയുണ്ടെങ്കിലും ധാർമികതയിൽ ഊന്നൽ നൽകുന്ന കാര്യത്തിൽ അവർ ഒന്നിക്കുന്നു. മതം അധികാരസ്ഥരുടെയും സമ്പന്നൻമാരുടെയും പക്ഷം ചേരുന്നു എന്നത് എല്ലായിടത്തും എല്ലാകാലത്തും കാണപ്പെടുന്ന സാർവത്രികമായ ഒരു ആരോപണമാണ്. പിന്നീടുണ്ടായ ജീർണത മുറ്റിയ കാലഘട്ടത്തിന്റെ പശ്ചാത്തലത്തിൽ ഒരു പക്ഷേ ഈ ആരോപണം ഒരളവോളം ശരിയാണെന്ന് വരും. ഒരു പ്രവാചകന്റെ ആഗമനത്തോടെ ആരംഭിക്കുന്ന ഒരു മതത്തിന്റെ ആദിമ ചരിത്രത്തിന്റെ വെളിച്ചത്തിൽ ഈ ആരോപണം ഒരിക്കലും അംഗീകരിക്കാൻ സാധ്യമല്ല. പ്രവാചകൻമാരുടെ ധാർമികത എപ്പോഴും നീതിയുടെയും ന്യായത്തിന്റെയും പക്ഷം ചേർന്നാണ് പ്രവർത്തിച്ചത്. ദുർബലരേയും നിർധനരേയും ചൂഷണം ചെയ്യുന്നതിനെതിരെ ഒരു വിശുദ്ധയുദ്ധം പ്രഖ്യാപിച്ചു കൊണ്ടാണ് അവർ നീതിയുടെയും ന്യായത്തിന്റെയും പക്ഷത്ത് നിലയുറപ്പിച്ചത്. മർദകർക്കെതിരെ മർദിതരുടെ കരങ്ങളേയും വേട്ടക്കാർക്കെതിരെ ഇരകളുടെ കരങ്ങളേയും അവർ ശക്തിപ്പെടുത്തി.ഭൂമിയിലെവിടെയാണ് ചൂഷിതർക്കെതിരെ ചൂഷകരെ മതം പിന്തുണച്ചത്. മതങ്ങളുടെ ആദ്യകാല ചരിത്രം മുഴുവൻ പരിശോധിച്ചാലും അത്തരത്തിലുള്ള ഒരുദാഹരണം പോലും നിങ്ങൾക്ക് കാണാൻ സാധ്യമല്ല. അത് ദുർബലർക്കും പാവപ്പെട്ടവർക്കും വേണ്ടിയായിരുന്നു നിയമനിർമാണം നടത്തിയിരുന്നത്. ഈ നിയമങ്ങളുടെ യഥാർഥത്തിലുള്ള നടത്തിപ്പ് ഉറപ്പു വരുത്തിയിരുന്നതും ദൈവം എല്ലാം അറിയുന്നവനാണ് എന്ന വിശ്വാസം ഉൾക്കൊണ്ടായിരുന്നു. ദൈവത്തിന്റെ പ്രവൃത്തിയിൽ നിന്നും ദൈവം ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തിയിൽ നിന്നും അതിനെപ്പറ്റിയെല്ലാമുള്ള ദൈവത്തിന്റെ അറിവിൽ നിന്നും ഒരു വിശ്വാസിക്ക് ഒരിക്കലും രക്ഷപ്പെടാൻ സാധ്യമല്ലായിരുന്നു. മനുഷ്യനിർമിത നിയമം നടപ്പാക്കുമ്പോൾ ഇത്തരത്തിലുള്ള മേൻമ അതിന് അവകാശപ്പെടാൻ സാധ്യമല്ല. മനുഷ്യ നിർമിത നിയമങ്ങൾ അത് നിർമിക്കുന്ന വ്യവസ്ഥയെ സംരക്ഷിക്കുന്നതിൽ നിരന്തരം പരാജയപ്പെടുന്നു. നിയമം നിർമിച്ചവർ ആരാണോ അവർ സദാസമയം തങ്ങളെ നോക്കിപ്പാർത്തുകൊണ്ടിരിക്കുന്നു എന്ന ബോധം നിയമ ലംഘകരായ കുറ്റവാളിക്ക് ഇല്ലാത്തതിനാലാണ് ഇങ്ങനെ മനുഷ്യനിർമിത നിയമങ്ങൾ പരാജയപ്പെടുന്നത്. ശിക്ഷയെക്കുറിച്ച് ഭീഷണിപ്പെടുത്തിക്കൊണ്ട് നിയമം എത്രതന്നെ കർക്കശമാക്കിയാലും ശരി കുറ്റവാളികളുടെ കരങ്ങളെ ബന്ധിക്കാൻ സാധ്യമല്ല. കുറ്റത്തിന്റെ പ്രഭവ കേന്ദ്രങ്ങളിലേക്ക് എത്തിച്ചേരാൻ അതിന് സാധ്യമല്ല. അതായത് കുറ്റങ്ങൾ ഉത്ഭവം കൊള്ളുന്ന നിഗൂഢ ചിന്തകളുടെ രഹസ്യ സങ്കേതങ്ങളിലേക്ക് ഇറങ്ങി ചെല്ലാൻ നിയമത്തിനാവില്ല. തന്റെ നിഗൂഢചിന്തകൾ ആരും അറിയാതിരിക്കുന്നത് പോലെ തന്റെ പ്രവൃ

ത്തിയും നിയമത്തിന്റെ ദൃഷ്ടിയിൽ നിന്ന് മറക്കപ്പെടും എന്ന പ്രതീക്ഷ യിലാണ് ഒരു കുറ്റവാളി എപ്പോഴും അഭയം കണ്ടെത്തുന്നത്. തിന്മയുടെ മടിത്തട്ടിൽ അഭയം തേടുക എന്നത് കുറ്റത്തിന്റെ മറ്റൊരു ദുഷ്പ്രേരണ യാണ്. കുറ്റം ചെയ്യാനുള്ള മനു ഷ്യന്റെ വാസനയും, കുറ്റകൃത്യ ങ്ങൾ നടത്തുവാനുള്ള എടുത്തുചാ ട്ടവും, കുറ്റം കണ്ടു പിടിക്കപ്പെടുക യില്ല എന്ന വിചാരവുമായി നേരിട്ട് ബന്ധപ്പെട്ടതാണ്. അതുകൊണ്ട് നിയമനിർമാണം കൊണ്ട് മാത്രം സാമൂഹിക തിന്മകളെ ഉൻമൂലനം ചെയ്യാൻ സാധ്യമല്ല. കാരണം കുറ്റകൃത്യം രൂപപ്പെടുന്ന അഗാധമായ അന്ധകാര ഗർത്തത്തി ലേക്ക് അതിന് കടന്നെത്താനുള്ള കഴിവില്ല. മിക്ക തിന്മകളും ആളു കൾ നിർവഹിക്കപ്പെടുന്നത് ആരും കാണുന്നില്ല എന്നും, പിടിക്കപ്പെടില്ല എന്നുമുള്ള ധാരണയിലാണ്. കുറ്റ കൃത്യങ്ങൾ കണ്ടുപിടിക്കപ്പെടാ നുള്ള അത്യാധുനിക സാമഗ്രികൾ വന്നാലും അതൊന്നും തന്നെ കുറ്റ വാളിയുടെ, താൻ പിടിക്കപ്പെടില്ല എന്ന ആത്മവിശ്വാസത്തെ ചഞ്ചല പ്പെടുത്തുന്നില്ല. കാരണം നിയമ ത്തിന്റെ കണ്ണിൽപ്പെടാതെ കുറ്റവാളി കുറ്റകൃത്യങ്ങൾ ആസൂത്രണം ചെയ്യുന്നത് ഹൃദയത്തിന്റെ രഹസ്യ മുറികളിൽ വെച്ചാണ്.

ദൈവത്തിന്റെ അസ്തിത്വ ത്തിലുളള അഗാധമായ വിശ്വാ സവും ദൈവത്തോടു കണക്ക് പറ യേണ്ടി വരുമെന്നുള്ള വിശ്വാസവു മാണ് എല്ലാ കുറ്റകൃത്യങ്ങളേയും ഇല്ലാതാക്കുകയും നശിപ്പിക്കുകയും ചെയ്യുന്നത്. ഇത് തന്നെയാണ് മത ത്തിന്റെ ഭാഗത്ത് നിന്നുള്ള ധാർമിക നിയമങ്ങളുടെ ഉദ്ദേശ്യം. വാസ്തവ ത്തിൽ ധാർമികത എന്നത് മത ത്തിന്റെ നിലനിൽപ്പിന് സ്വയം അനു പേക്ഷണീയമായ ഒന്നാണ്. ധാർമിക നിലവാരം അധഃപതിക്കു മ്പോൾ അത് ആദ്യമായി ബാധി ക്കുക മതത്തേയാണ്. സത്യസന്ധ തയില്ലായ്മയും അധാർമികതയും മനുഷ്യനിർമിത നിയമത്തേയും ഭര ണഘടനയെപ്പോലും ജീർണിപ്പിക്കു ന്നു. അപ്രകാരം അധാർമികത യുണ്ടാക്കുന്ന കെടുതിയിൽ മത ത്തിന്റെ ആദ്ധ്യാത്മിക സൗധവും തകരുന്നു. മഹത്തായ മതങ്ങളുടെ സമുന്നതമായ ധാർമിക പ്രാകാര ങ്ങൾ ചിതലരിച്ച് നിലം പൊത്തു ന്നത് പോലെ തകർന്നടിയുന്നു.

മതത്തിന്റെ എല്ലാ തലത്തിലു മുള്ള വിശ്വാസങ്ങളുടേയും ആചാ രങ്ങളുടേയും ജീർണതയെ സംബ ന്ധിച്ച് മനസ്സിലാക്കാനുള്ള മർമം ഇതാണ്. ധാർമികതയുടെ താഴ്ന്ന നിലവാരത്തിന്റെ ഫലമായി ദൈവ ത്തിന്റെ ഏകത്വത്തിലുള്ള വിശ്വാസ ത്തിന് ശൈഥില്യം സംഭവിക്കു കയും അതിന്റെ ശകലീകരണം തുട രുകയും ചെയ്യുന്നു. ദൈവത്തിന്റെ ഏകത്വത്തിന് പകരമായി വിഗ്രഹ ങ്ങൾ സ്ഥലം പിടിക്കുന്നു. ദൈവ ത്തിന്റെ ആരാധനാലയങ്ങളിൽ ബിംബങ്ങൾ വന്നു നിറയുകയും അത് അമ്പലങ്ങളായി രൂപാന്തരമെ ടുക്കുകയും ചെയ്യുന്നു. അത്തരത്തി ലുള്ള വിനാശകരമായ പ്രതിഭാസ ത്തിനു പിന്നിൽ സത്യസന്ധതയില്ലാ യ്മയുടെ ബീജങ്ങൾ കണ്ടെത്താവു ന്നതാണ്. നേതൃത്വത്തിൽ സത്യസ ന്ധതയില്ലായ്മ വാഴുമ്പോൾ അത് മാരകമായ വിഷമായി മാറുന്നു. എന്നാൽ മതനേതൃത്വത്തിൽ സത്യ സന്ധയില്ലായ്മ പ്രവർത്തിക്കു മ്പോൾ അതിനേക്കാൾ കൊടിയ വിഷം വഹിക്കപ്പെടുന്നതായി മറ്റൊന്നില്ല. ദൈവത്തിന്റെ ശാന്ത മായ സൃഷ്ടിയിൽ അത് ദൈവ ത്തിന്റെ പേരുപറഞ്ഞ് നാശം വിത യ്ക്കുന്നു. മനുഷ്യരുടെ കാര്യ ത്തിൽ ദൈവത്തിന്റെ പ്രവർത്തന ങ്ങളുടെ പങ്ക് അവസാനിക്കുന്നു. അവന്റെ ശൂന്യമായ സിംഹാസന ത്തിൽ മതശ്രേണിയിലെ വ്യാജദൈ വങ്ങൾ പ്രതിഷ്ഠിക്കപ്പെടുന്നു.

അതുകൊണ്ട് മതത്തിന്റെ പിൽക്കാലഘട്ടം വിലയിരുത്തുന്നതി നേക്കാൾ നല്ലത് ആ മതം ആരംഭിച്ച പ്രാഥമിക ഘട്ടത്തെ വിലയിരുത്തു കയാണ്. മനുഷ്യന്റെ കൈകടത്ത ലുകൾ കൊണ്ട് അതിന്റെ പ്രാക്തന വിശുദ്ധിക്ക് നാശം സംഭവിക്കുന്നു. മതങ്ങളുടെ ആരംഭം മഹത്തര മാണ്, എന്നാൽ എളിയതുമാണ്. മത ങ്ങളോട് അവയുടെ പ്രാരംഭ വിശു ദ്ധിയിൽ സമൂഹത്തിനുണ്ടായിരുന്ന സമീപനം കഠിനമായ ശത്രുതയു ടെയും തിരസ്ക്കാരത്തിന്റേതുമാണ്. മതങ്ങളുടെ ഏറ്റവും മഹിതമായ ജീവിത മാതൃകകൾ ആ മതങ്ങ ളുടെ പ്രവാചകൻമാർ തന്നെയാണ്. അവരാണ് തിരസ്കാരങ്ങളുടെയും പരിഹാസങ്ങളുടെയും നിർദയമായ ശത്രുതയുടെയും കുറിമാനമായി ത്തീരുന്നത്.

സത്യത്തിന്റെ മാർഗത്തിൽ ആദ്യകാല വിശ്വാസികൾ കാഴ്ച വെച്ച ആർജവം, സമർപ്പണം, ത്യാഗമനോഭാവം, എന്നിവ പിൽക്കാ ലത്ത് മറ്റാരിലും കാണാത്ത വിധം സമാനതകളില്ലാത്തതാണ്. അത്തര ത്തിലുള്ള മഹാത്മാക്കളെ അവർ ജീവിച്ചിരുന്ന കാലമത്രയും സമൂഹം സ്വീകരിച്ചിട്ടില്ല എന്നത് എത്രമാത്രം വിരോധാഭാസമാണ്. ഭൂമിയിലെ ജീവിത വേദിയിൽ നിന്ന് അവർ എന്നെന്നേക്കുമായി തിരോ ഭവിച്ചപ്പോൾ അവർ ബഹുമാനിതരാ യി. അവർ യഥാർഥത്തിൽ അർഹി ച്ചിരുന്ന സ്ഥാനത്തേക്കാൾ ഉപരി യായി അവർ പ്രതിഷ്ഠിക്കപ്പെട്ടു. അവർ ദൈവസമാനൻമാരായി. അവർ ആരാധ്യപുരുഷൻമാരുടെ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടു. അവരുടെ മൃതകുടീരങ്ങൾ ആരാധ നാലയങ്ങളായി മാറി. സമൂഹ ത്തിന്റെ സമീപനത്തിലുള്ള ഈ വിചിത്രമായ അസാംഗത്യം ത്യാഗ ത്തിന്റെ വില നൽകാതെ വിശ്വാസം മാത്രം പാരമ്പര്യമായി ലഭിച്ച സമൂ ഹങ്ങളിലാണ് ക്രമേണ പടർന്നു പന്തലിക്കുന്നത്. വഞ്ചനാപരമായി മതത്തിന്റെ മഹിതമായ മൂല്യങ്ങളെ അവർ ജീർണിപ്പിക്കുന്നു. ഉപരിതല ത്തിനടിയിൽ കീടങ്ങളെപ്പോലെ അവർ പ്രവർത്തിക്കുന്നു. ദൈവ ത്തിന്റെ ഏകത്വം രണ്ട് വിധത്തി ലാണ് പ്രവർത്തിക്കുന്നത്. ദൈവ ത്തിന്റെ ഏകത്വത്തിന്റെ വക്താക്കൾ ദൈവവുമായി അഭേദ്യമാം വിധം ബന്ധിതരാണ്; അപ്രകാരം അവർ

തമ്മിലും പരസ്പരം ബന്ധിതരാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഏകത്വം ഏകദൈവവിശ്വാസത്തിന്റെ വക്താക്കളെ സ്രഷ്ടാവുമായും സ്രഷ്ടാവിന്റെ സൃഷ്ടികളുമായും ബന്ധിപ്പിച്ചു നിറുത്തുന്നു.

പ്രവാചകത്വത്തിന്റെ വ്യവസ്ഥാപിതചരിത്രം പരിശോധിച്ചാൽ ഒരു പ്രവാചകനും തന്റെ മുൻഗാമിയായ മറ്റൊരു പ്രവാചകനെ തിരസ്കരിക്കുകയോ അപകീർത്തിപ്പെടുത്തുകയോ ചെയ്യുന്നില്ല. ഏകത്വത്തെ സംബന്ധിച്ച അതേ സമീപനം ഭാവികാലത്തേക്കും ബാധകമാണ്. തീർച്ചയായും വ്യാജ പ്രവാചകൻമാരെക്കുറിച്ച് താക്കീതും അവരാൽ നൽകപ്പെടുന്നു. വ്യാജ പ്രവാചകൻമാരാകട്ടെ അവരുടെ ദൈവ വിരുദ്ധമായ സ്വഭാവത്താൽ എളുപ്പത്തിൽ തിരിച്ചറിയപ്പെടുന്നു. പക്ഷേ ഭാവിയിൽ അവതരിക്കുന്ന സത്യ പ്രവാചകനെക്കുറിച്ച് വളരെ സ്നേഹവായ്പ്പോടും ബഹുമാനത്തോടുംകൂടി എപ്പോഴും പരാമർശിക്കപ്പെടുന്നു. ഇത് എല്ലാകാലത്തും ഏകദൈവ വിശ്വാസം ഉയർത്തിപ്പിടിച്ചവർക്കെല്ലാം ഒരുപോലെ ബാധകമാണ്. ദൈവത്തിന്റെ ഏകത്വം അവരെയെല്ലാവരേയും ഒരു സാഹോദര്യത്തിനു കീഴിൽ ഒന്നിപ്പിക്കുന്നു. ദുഷിച്ച മതപുരുഷൻമാർക്ക് ഒരിക്കലും ഇത്തരത്തിലുള്ള ഗുണങ്ങൾ സ്വായത്തമാക്കാൻ സാധ്യമല്ല.

ഏകത്വത്തിൽ പെരുമ്പറ മുഴുക്കുമ്പോഴും അവർ വിഭാഗീയത വളർത്തുന്നു. ഏകത്വത്തിന്റെ സ്നേഹം ദൈവത്തിന്റെ പ്രവാചക സമൂഹത്തെ ഗാഢമായി ഒന്നിപ്പിച്ചു നിറുത്തുന്നു. അതിൽ ഒരാളെ ആക്രമിക്കുന്നത് എല്ലാവരേയും ആക്രമിക്കുന്നതിന് തുല്യമാണ്. ദൈവത്തിന്റെ ഏകത്വം ദൈവത്തിനും അവന്റെ തിരഞ്ഞെടുക്കപ്പെട്ട ദാസൻമാർക്കുമിടയിലുള്ള ഐക്യത്തിന്റെ ശക്തമായ പ്രതീകമാണ്. അതുപോലെ ദൈവദൂതൻമാർക്കിടയിലെ ഐക്യത്തിന്റെ പ്രതീകവുമാണ്.

ഏകത്വം എന്നത് സ്രഷ്ടാവുമായും അതുപോലെ സർവചരാചരങ്ങളുടേയും അസ്തിത്വവുമായുള്ള വിശേഷ ബന്ധത്തിന്റെ സ്വയം പ്രകടനമാണ്. സ്രഷ്ടാവിന്റെ ഏകത്വം അവന്റെ സൃഷ്ടി ജാലങ്ങളുമായുള്ള ബന്ധത്തെ ഐക്യപ്പെടുത്തുന്നു, പ്രത്യക്ഷവും സൂക്ഷ്മവുമായ വഴികളിലൂടെ സ്രഷ്ടാവും സൃഷ്ടികളുമായി ഐക്യപ്പെടുത്തുന്നു. എന്നാൽ, കഷ്ടമെന്നു പറയട്ടെ ഈ ഏകത്വത്തിന്റെ സമഗ്രമായ ബന്ധത്തിൽ കാലക്രമേണ വിഘടനം സംഭവിക്കുന്നു. അന്തിമമായി ഇത് തിന്മയുടെ വൃക്ഷം വളരാനുള്ള മണ്ണൊരുക്കുന്നു.ഐക്യത്തിന്റെ അലങ്കോലപ്പെടൽ ആദ്യം ആരംഭിക്കുന്നത് പിൽക്കാലത്തെ അഹങ്കാരികളായ പൗരോഹിത്യത്തിൽ നിന്നാണ്. അവർ ഏകത്വത്തിന്റെ അലംഘനീയമായ രേഖയെ അതിവർത്തിച്ചു കൊണ്ട് തങ്ങളുടെ മനുഷ്യരായ പ്രവാചകൻമാരെ ചില ദിവ്യമായ അധികാരങ്ങൾ നൽകി ഉയർത്തുമ്പോഴാണ് അത് സംഭവിക്കുന്നത്. ആ പ്രവാചകന്മാരാകട്ടെ ഒരിക്കലും അപ്രകാരം വാദിക്കാത്തവരാണ്. പൂർവ പ്രവാചകൻമാരെപ്പറ്റി ഊതിപ്പെരുപ്പിച്ച സ്നേഹം വിശ്വാസശൈഥില്യം ബാധിച്ച പുതിയ മതസമൂഹത്തിന്റെ വിശ്വാസമായി മാറുന്നു. അതിശയോക്തിപരമായ സ്തുതികൾ അവർക്ക് മേൽ ചൊരിയപ്പെടുന്നു. അങ്ങനെ പുതിയ ആൾദൈവങ്ങൾ രൂപപ്പെടുന്നു. പുതിയ നശ്വരൻ അനശ്വര പദവിയിലേക്കുയർത്തപ്പെടുന്നു. ഈ പുരോഹിതൻമാരും, പിൽക്കാലത്ത് മുഴുവൻ സമൂഹവും അവരുടെ ശ്രദ്ധമുഴുവൻ ശബ്ദജടിലമായ ഈ അനൗചിത്യത്തിലാണ് അർപ്പിച്ചിരിക്കുന്നത് എന്ന യാഥാർഥ്യം കുറച്ചു മാത്രമേ അവർ മനസ്സിലാക്കുന്നുള്ളൂ. പൂർവപ്രവാചകന്മാരോടുള്ള അന്ധമായ ഭക്തിയാണ് അവരുടെ മതത്തിന്റെ ജീവാത്മാവും പരമാത്മാവും. ഈ വ്യാജ ഭക്തൻമാരുടെ അഭിനവ വർഗം ആ പ്രവാചകൻമാരുടെ സന്ദേശത്തിന്റെ ആത്മാവും ചൈതന്യവും നശിപ്പിക്കുകയും തകർക്കുകയും ചെയ്യുന്നു.

പാപത്തെ വിപാടനം ചെയ്യാനാണ് പ്രവാചകൻമാർ ആഗതരാവുന്നത്. പക്ഷേ, പ്രവാചകൻമാരോടുള്ള സ്നേഹം പാപം ചെയ്യാൻ വേണ്ടി ചൂഷണം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. പ്രവാചകൻമാരോടുള്ള സ്നേഹാതിരേകത്താൽ അവരുടെ അനുയായികൾ ചെയ്യുന്ന ഏതൊരു പാപത്തിൽ നിന്നും തങ്ങൾ രക്ഷിക്കപ്പെടുമെന്ന് അവർ കരുതുന്നു. മരിച്ചു പോയ പ്രവാചകൻമാരോടുള്ള അവരുടെ സ്നേഹം മരണത്തേക്കാൾ മോശമായ ഒരു ജീവിതത്തിലേക്ക് അവരെ ആനയിക്കുന്നു. ദൈവത്തിന്റെ ഏകത്വത്തെ മനുഷ്യരായ ദൈവ പങ്കാളികൾക്ക് മുമ്പിൽ തലകുനിച്ച് അവർ ഭഞ്ജിക്കുകയും തങ്ങൾ ദൈവത്താൽ സുരക്ഷിതരാണെന്ന് കരുതുകയും ചെയ്യുന്നു. ഇത് ധാർമികമായ അപചയങ്ങളുടെ പ്രളയ കവാടങ്ങൾ തുറക്കാൻ കാരണമാകുന്നു. ഒരിക്കൽ അത് തുറക്കപ്പെട്ടാൽ പിന്നീട് മനുഷ്യ ശ്രമങ്ങ

**പാപത്തെ വിപാടനം ചെയ്യാനാണ് പ്രവാചകൻമാർ ആഗതരാവുന്നത്. പക്ഷേ, പ്രവാചകൻമാരോടുള്ള സ്നേഹം പാപം ചെയ്യാൻ വേണ്ടി ചൂഷണം ചെയ്യപ്പെടുകയാണ് ചെയ്യുന്നത്. പ്രവാചകൻമാരോടുള്ള സ്നേഹാതിരേകത്താൽ അവരുടെ അനുയായികൾ ചെയ്യുന്ന ഏതൊരു പാപത്തിൽ നിന്നും തങ്ങൾ രക്ഷിക്കപ്പെടുമെന്ന് അവർ കരുതുന്നു. മരിച്ചു പോയ പ്രവാചകന്മാരോടുള്ള അവരുടെ സ്നേഹം മരണത്തേക്കാൾ മോശമായ ഒരു ജീവിതത്തിലേക്ക് അവരെ ആനയിക്കുന്നു.**

**ജീർണത മുറ്റിയ ഇതേ മത പൗരോഹിത്യം ദൈവത്തോട് അവർക്കുള്ള സ്നേഹത്തിന്റെ പേരിൽ വിദ്വേഷം, രക്തച്ചൊരിച്ചിൽ, ഭീകരത, അടിസ്ഥാനപരമായ മനുഷ്യാവകാശ ധ്വംസനങ്ങൾ എന്നിവ പ്രബോധനം ചെയ്യുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ മതപൗരോഹിത്യം ഒരു വിടവ് സൃഷ്ടിക്കുന്നു. ദൈവത്തിന്റെ ഈ ശൂന്യസ്ഥലത്ത് പൗരോഹിത്യമാണ് കയറി നിന്ന് ആജ്ഞകൾ നൽകുന്നത്.**

ളാൽ അത് ബന്ധിക്കാൻ സാധ്യമല്ല. പാപരഹിതമായ പ്രവാചകൻമാരോടുള്ള സ്നേഹത്താൽ പാപം നിരന്തരമായി പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു.

ജീർണത മുറ്റിയ ഇതേ മത പൗരോഹിത്യം ദൈവത്തോട് അവർക്കുള്ള സ്നേഹത്തിന്റെ പേരിൽ വിദ്വേഷം, രക്തച്ചൊരിച്ചിൽ, ഭീകരത, അടിസ്ഥാനപരമായ മനുഷ്യാവകാശ ധ്വംസനങ്ങൾ എന്നിവ പ്രബോധനം ചെയ്യുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ മതപൗരോഹിത്യം ഒരു വിടവ് സൃഷ്ടിക്കുന്നു. ദൈവത്തിന്റെ ഈ ശൂന്യസ്ഥലത്ത് പൗരോഹിത്യമാണ് കയറി നിന്ന് ആജ്ഞകൾ നൽകുന്നത്. ഉപരിലോകത്ത് നിന്ന് യാതൊരു അറിയിപ്പും ലഭിക്കാതെ അവർ കൽപനകൾ പുറപ്പെടുവിക്കുന്നു. അവരത് സമ്മതിക്കുകയില്ലെങ്കിലും നിരവധിവാക്കുകളിലൂടെ അവർ ദൈവം ചമയുകയാണ്. അവരെ സംബന്ധിച്ചിടത്തോളം ദൈവത്തിന്റെ കാര്യങ്ങളൊന്നും പ്രസക്തങ്ങളല്ല. അവർ സ്വയം തന്നെയാണ് പരമ പ്രധാനമായിട്ടുള്ളത്. അവരുടെ കോപമാണ് സമൂഹം ഭയക്കേണ്ടത്. അവരുടെ സുഖമാണ് അവർ എപ്പോഴും അന്വേഷിച്ചു കൊണ്ടിരിക്കുക. ഇത് രക്ഷാ ശിക്ഷക്കുള്ള അഭിനവ മാനദണ്ഡമായി വരുന്നു. ഈ വ്യാജദൈവങ്ങളുമായി ആരെങ്കിലും വിയോജിച്ചാൽ അവർ നരകത്തിൽ തള്ളപ്പെടുമെന്ന് ആജ്ഞാപിക്കപ്പെടും. ആരെങ്കിലും അവരുമായി ഒത്തുപോകുകയാണെങ്കിൽ അവർക്ക് സ്വർഗം സമ്മാനിക്കപ്പെടും. അവർ നിർദേശിക്കുന്നതെന്തും ദൈവം നടപ്പാക്കണം. പൊതുജനങ്ങളുടെ ധാർമികതയെ പറ്റി അവർ ശ്രദ്ധിക്കാറില്ല. അവരെപ്പോഴും ശ്രദ്ധിച്ചു കൊണ്ടിരുന്നത് അവരുടെ ഈഗോയും ജനങ്ങളുടെ മേൽ അവർക്കുള്ള അധീശാധികാരവുമാണ്. അവരുടെ സങ്കുചിതമായ സിദ്ധാന്ത ശാഠ്യത്തിനു മുമ്പിൽ മര്യാദ, സംസ്കാരം, നീതിബോധം, ന്യായം മുതലായവയെല്ലാം നിഷ്കരുണം ഹോമിക്കപ്പെടുന്നു. ഒരർഥത്തിലല്ലെങ്കിൽ മറ്റൊരർഥത്തിൽ ദൈവത്തിന്റെ ഏകത്വം ലംഘിക്കപ്പെടുമ്പോൾ സമൂഹം എപ്പോഴും നൽകപ്പെടുന്ന വിലയാണിത്.

മുറിവേറ്റ സർപ്പത്തെപ്പോലെ ദിവ്യമായ ഇടപെടലിനെതിരെ പകയുടെ ശിരസ്സുമായി അവർ വീണ്ടും ഉത്ഥാനം ചെയ്യാൻ ശ്രമിക്കും. പൂർവികരായ പ്രവാചകൻമാരോടുള്ള അവരുടെ ആരാധന ഒരു തന്ത്രമാണ്. ഈ പൊയ്മുഖത്തിനു പിന്നിൽ അവരുടെ സ്വന്തം അഹംബോധത്തോടുള്ള ആരാധനയാണ്. പക്ഷേ, പ്രശ്നമിതാണ്, അത്തരം ദൈവരഹിതമായ ഒരു സമൂഹത്തിൽ അവരെപോലെയുള്ള വ്യാജ ദൈവങ്ങളുടെ പെരുപ്പമുണ്ടാകുന്നു. ദൈവത്തിന്റെ ഏകത്വമില്ലാതെ യാതൊരു ഏകത്വവുമില്ല. പുരോഹിത വർഗത്തിൽ നിന്നു തന്നെയുള്ള ചെറിയ ഏതിരാളികൾ അവരുടെ വിഹിതം എടുക്കാൻ തുടങ്ങുന്നു. അങ്ങനെ അവർ വിഭജിക്കപ്പെടുകയും പുതിയ കക്ഷികളായിത്തീരുകയും ചെയ്യുന്നു. അവരുടെ ഭിന്നത സൈദ്ധാന്തികമായ വ്യത്യസ്തകളുടെ പുതിയ കൊടിക്കൂറകൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു.തുടർന്ന് ജനങ്ങൾക്കുമേൽ മേധാവിത്വം സ്ഥാപിക്കാനുള്ള ഹീനമായ ശ്രമം ആരംഭിക്കുന്നു. അവരുടെ പിന്നിലുള്ള ആളുകളുടെ ജനസംഖ്യയിലാണ് അവരുടെ യഥാർഥ ശ്രദ്ധ. അവരാൽ നയിക്കപ്പെടുന്ന ജനങ്ങളുടെ ധാർമികതയെപ്പറ്റി അവർക്ക് തീരെ ശ്രദ്ധയില്ല. സമൂഹത്തിന്റെ ദൈനം ദിന ജീവിതത്തിലോ ധാർമികതയിലോ ക്രിയാത്മകമായ യാതൊരു സ്വാധീനവും അവർക്കില്ല. തങ്ങളുടെ എതിർ വിഭാഗത്തിനെതിരെ വിദ്വേഷത്തിന്റെ ഭ്രാന്തമായ ഒരു വിതാനത്തിലേക്ക് വികാരാവേശങ്ങൾ ഉത്തേജിപ്പിക്കുക എന്ന പണി മാത്രമേ അവർക്കറിയൂ. സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും വിത്തു വിതയ്ക്കാൻ അവരുടെ അനുയായികളുടെ ഹൃദയങ്ങളെ അവർ ഒരിക്കലും പാകപ്പെടുത്താറില്ല. ഇത്തരത്തിലുള്ള ഒരു സമൂഹം വിഗ്രഹാരാധന വേരുപിടിക്കാൻ അനുയോജ്യമായ ഒരു മാതൃകാ ഭൂമികയാണ്. വിശ്വാസ കാര്യത്തിലുള്ള വിശ്വാസ സിദ്ധാന്തങ്ങളിലും ഉപാധിയില്ലാതെ കീഴടങ്ങാനാണ് അവർ ആവശ്യപ്പെടുന്നത്. ഈ കീഴടങ്ങലിന്റെ അനന്തരഫലമായി അവർ നയിച്ചു വരുന്ന ജീവിതത്തെ ദൈവത്തിന്റെ ഇച്ഛക്ക് മുമ്പിൽ സമർപ്പിക്കുക എന്നത് സംഭവിക്കുന്ന കാര്യമല്ല. അവർക്ക് കൊള്ളയും കൊള്ളിവെപ്പും നടത്താം. അവർക്ക് അംഗഛേദം വരുത്തുകയോ കൊല്ലുകയോ ചെയ്യാം. അവർക്ക് സമ്പത്ത് കുന്നുകൂട്ടാം. കളവിന്റെയും വഞ്ചനയുടെയും ചതിയുടെയും വ്യാജത്തിന്റെയും കൊട്ടാരങ്ങൾ പടുത്തുയർത്താം. അവരുടെ സ്വന്തം പുരോഹിതൻമാരോട് കൂറ് പുലർത്തുകയും പുരോഹിതൻമാരുടെ എതിരാളികളുടെ മുമ്പിൽ കീഴടങ്ങാതെ നിൽക്കുകയും ചെയ്യുന്നിടത്തോളം കാലം ഈ അനുയായി സമൂഹത്തിന് ഇഷ്ടമുള്ളതെല്ലാം ചെയ്യാം. അതെല്ലാം സ്വീകാര്യവും നീതിയും

നന്മയുമാണ്. അവരുടെ വിശ്വാസത്തിന്റെ കേന്ദ്രം ദൈവത്തിൽ നിന്ന് പ്രവാചകൻമാരിലേക്കും അവിടെ നിന്ന് അവരുടെ ദുഷിച്ച ഈഗോയിലേക്കും മാറുന്നു. അങ്ങനെ ദുഷിച്ച മനുഷ്യൻ ഈ പുതിയ അർധ ദൈവങ്ങളുടെ സ്ഥാനത്ത് പ്രതിഷ്ഠിക്കപ്പെടുന്നു. അവരെ പിൻപറ്റുന്ന അജ്ഞാനികളായ പൊതുജനങ്ങളുടെ സ്ഥിതി സഹതാപാർഹമാണ്. ഭൂമിയിൽ ദൈവം പുരോഹിതനാണെന്നും പുരോഹിതൻ ദൈവമാണെന്നുമാണ് അവരെല്ലാം മനസ്സിലാക്കിയിട്ടുള്ളത്. വിശ്വാസകാര്യത്തിൽ പുരോഹിതൻമാരുടെ അധികാരത്തെ ചോദ്യം ചെയ്യാൻ അവർക്ക് ശക്തിയില്ല. യഥാർഥത്തിൽ കീഴ്വണങ്ങേണ്ടുന്ന ശക്തിക്ക് നേർവിപരീതമായ ഒരു കീഴ്വണക്കമാണ് ഇവിടെ സംഭവിക്കുന്നത്. അതിന്റെ വ്യത്യാസം ഗ്രഹിക്കാനുള്ള കഴിവ് അവർക്കില്ല. അവരെ സംബന്ധിച്ചിടത്തോളം പുരോഹിതന്റെ ഇച്ഛയാണ് ദൈവത്തിന്റെ ഇച്ഛ. അവരുടെ സ്വന്തം താൽപര്യങ്ങളെ പുരോഹിതൻ അതിക്രമിക്കാത്തിടത്തോളം കാലം അതങ്ങനെ തുടരുന്നു. ഏത് നിമിഷം മുതലാണോ പുരോഹിതൻ ജനങ്ങളുടെ താൽപര്യത്തിനെതിരായി പ്രവർത്തിക്കുന്നത് ആ നിമിഷം മുതൽ പുരോഹിതൻമാർക്ക് അവരുടെമേലുള്ള അധികാരം നഷ്ടപ്പെടുന്നു. അതുമുതൽ അവർ പുരോഹിതൻമാരെ കീഴ്വണങ്ങാൻ അർഹതയുള്ളവരായി കരുതുകയില്ല. ഇത്തരം അധാർമിക സമൂഹത്തിലെ ഒരു വ്യക്തി തന്റെ സ്വകാര്യ ലോകത്ത് താനൊഴിച്ച് മറ്റൊരു ദൈവത്തേയും കാണുന്നില്ല. സമൂഹത്തിലെ വ്യക്തികൾ അവരുടെ ഈഗോയുമായി സംഘട്ടനമില്ലാത്തിടത്തോളം കാലം അവർ പുരോഹിതൻമാരുടെ വ്യാജ ദൈവങ്ങൾക്ക് പ്രണാമങ്ങളർപ്പിക്കുന്നു. അങ്ങനെ ഏകദൈവ വിശ്വാസത്തിൽ നിന്ന് ബഹുദൈവ വിശ്വാസത്തിലേക്കുള്ള പ്രയാണം പൂർണമാകുന്നു. ഒരു സമൂഹം ജീർണിക്കുമ്പോൾ അതിന്റെ യുക്തിപരമായ പതിതസ്ഥാനം ആത്മപൂജയാണ്.

മേൽ പ്രസ്താവിച്ച വിധം താറുമാറായ എല്ലാ സമൂഹങ്ങളിലും ദൈവത്തിന്റെ പക്കൽ നിന്നുള്ള ഒരു താക്കീതുകാരന്റെ പെട്ടെന്നുള്ള പ്രത്യക്ഷപ്പെടൽ സ്വൈരം കെടുത്തുന്ന ഇടപെടലായി കണക്കാക്കപ്പെടുന്നു. ഇസ്രായേൽ ഗൃഹത്തിലെ ആട്ടിൻ ഗോത്രങ്ങൾക്കിടയിലേക്ക് യേശു പ്രത്യക്ഷനായപ്പോൾ അത്തരത്തിലുള്ള ഒരു അനുഭവമായിരുന്നു യേശുവിനു സഹിക്കേണ്ടി വന്നത്. പക്ഷേ അദ്ദേഹത്തോട് ആട്ടിൻകുട്ടികൾ എന്ന് വിശേഷിപ്പിക്കപ്പെട്ട ആ സമൂ ഹത്തിന്റെ സമീപനം ആട്ടിൻ കുട്ടി എന്നതിനേക്കാൾ ചെന്നായയുടെതായിരുന്നു. എന്നിരുന്നാലും ആട്ടിൻ പറ്റങ്ങളെ പരിപാലിക്കുന്ന ഇടയന്റെ ആട്ടിൻ കുഞ്ഞിനോടുള്ള സ്നേഹമായിരുന്നു അദ്ദേഹത്തിന് അവരോട് ഉണ്ടായിരുന്നത്.

എത്ര വഞ്ചനാത്മകമായിട്ടാണ് അവരുടെ വഴി ശാശ്വതമായി തടയപ്പെട്ടതെന്ന് ഏതൊരാൾക്കും എളുപ്പത്തിൽ ദർശിക്കാവുന്നതാണ്. വാസ്തവത്തിൽ പ്രവാചകൻമാരുടെ പ്രവർത്തനങ്ങളുടെ ബിംബവത്ക്കരണം പിൽക്കാലത്ത് സാധാരണ മനുഷ്യരായി വരുന്ന പ്രവാചകൻമാരുടെ മാർഗത്തിൽ ഘോരവും സംഭ്രമജനകവുമായ തടസ്സങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. ബിംബവത്ക്കരണങ്ങളില്ലാതെ തന്നെ പ്രവാചകൻമാർക്ക് മേൽ ചൊരിയുന്ന അതിശയോക്തിപരമായ സ്തുതികളും അവരുടെ മേൽ പറയപ്പെടുന്ന അമാനുഷിക സിദ്ധികളും പിൽക്കാലത്ത് ഇത്തരം പ്രൗഢ ഗംഭീരമായ ഭാവത്തിൽ അവതരിക്കപ്പെടാത്ത എല്ലാ സത്യപ്രവാചകൻമാരേയും നിഷേധിക്കാൻ മതിയായ കാരണമായിത്തീരുന്നു. ആയതിനാൽ ഒരു തിരിച്ചറിവിന്റെ പ്രതിസന്ധി അവരുടെ മാർഗത്തിൽ ഒരു തടസ്സമായി നിലകൊള്ളുന്നു.

പ്രവാചകനെ കൂടാതെയുള്ള ദൈവത്തിൽ മാത്രം വിശ്വസിക്കുക എന്നത് നിരീശ്വരവാദത്തിന്റെ മറ്റൊരു പേരാണ്. പ്രവാചകൻമാരുടെ ദൈനംദിന ജീവിത വൃത്തികളും സ്വഭാവങ്ങളും എല്ലാം ദൈവത്തെ പ്രതിഫലിപ്പിക്കുന്നു. ഇത്തരത്തിലുള്ള പ്രവാചകന്മാരെ ദൈവം ഉപേക്ഷിക്കുകയാണെങ്കിൽ ഒരിക്കലും തിരിച്ചു വരാത്ത വിധം കിളി പറന്നു പോയ കൂട് പോലെയായിരിക്കുമത്.

അത്തരത്തിലുള്ള ഒരു വെല്ലുവിളിയായിരുന്നു യേശുക്രിസ്തു(അ) നേരിട്ടത്. അദ്ദേഹത്തിന്റെ കാലത്തുള്ള യഹൂദ സമുദായം അത്തരത്തിലുള്ള ധാർമികവും ആത്മീയവുമായ ഒരു പ്രതിസന്ധിയെ നേരിടുകയായിരുന്നു. റബ്ബിമാരും സെദുക്യരും പരീഷികളുമെല്ലാം വ്യാജ ദൈവങ്ങളായി മാറി. ഈ ശ്രേണിയിൽ ഒരു ദിവ്യാത്മാവിന് നിൽക്കാനുള്ള സ്ഥലമില്ലായിരുന്നു. അതുകൊണ്ട് ദൈവത്തിന്റെ നാമത്തിൽ ഏകനായി വിനീത സ്വരത്തിൽ സംസാരിച്ച യേശുവിന്റെ ശബ്ദം ശത്രുതയുടെ ക്ഷുഭിതമായ ആരവങ്ങളിൽ മുങ്ങിപ്പോയത് അത്ര വലിയ അത്ഭുതമൊന്നുമായിരുന്നില്ല.

ചുരുക്കത്തിൽ മതങ്ങളുടെ ഉത്ഭവത്തിന്റെയും ഉത്ഥാനപതനങ്ങളുടെയും ചരിത്രമിതാണ്. പക്ഷേ, ഏതൊരു പതനത്തിന് ശേഷവും ദൈവത്തിന്റെ ഏകത്വം പുനഃസ്ഥാപിക്കാൻ വീണ്ടും ഒരാരംഭമുണ്ടാവുന്നു. അത് ഉപരിലോകത്ത് നിന്ന് ആരംഭം കുറിക്കുകയും വെളിപാട് മുഖേന ഭൂമിയിലേക്ക് ഇറക്കപ്പെടുകയും ചെയ്യുന്നു. ആ ആരംഭം ഒരിക്കലും താഴെ ഭൂമിയിൽ നിന്നുമല്ല തുടക്കം കുറിക്കുന്നത്. അത് മനുഷ്യന്റെ ആശയക്കുഴപ്പങ്ങളിൽ നിന്ന് ഉടലെടുത്ത് ആകാശത്തെ ഭേദിച്ച് മുകളിലോട്ടുയരുന്നതിലേക്ക് നയിക്കില്ല. അതിനു പകരം ഏകദൈവ വിശ്വാസം പതിതനായ മനുഷ്യനെ ദൈവ സന്നിധാനമുള്ള വാനലോകത്തേക്ക് ആരോഹിതനാക്കാൻ ഉപരിലോകത്ത് നിന്ന് ഇറക്കപ്പെടുന്നതാണ്. ●

# റമദാൻ:
## അനുഗ്രഹവർഷത്തിന്റെ വസന്തകാലം

**ആരംഭഘട്ടത്തിൽ റഹ്മത്തും(ദൈവ കാരുണ്യം) മദ്ധ്യഘട്ടത്തിൽ മഅ്ഫിറത്തും (പാപപ്പൊറുതിയും) അവസാന ഘട്ടത്തിൽ നരകത്തിൽ നിന്നുള്ള മോചനവും വിധിക്കപ്പെട്ട ആത്മീയ പൂങ്കാവനത്തിലെ വസന്തകാലമായ പുണ്യമാസം ഇതാ നമ്മുടെ ജീവിതത്തിൽ വീണ്ടും സമാഗതമായിരിക്കുന്നു. ഈ പുണ്യ മാസത്തെ വ്രതാനുഷ്ഠാനം, ദിക്റെ ഇലാഹി, ഖുർആൻ പരായണം, തറാവീഹ്, തഹജ്ജുദ് എന്നിവ വഴി അലംകൃതമാക്കാനും ഈ പുണ്യമാസത്തെ തങ്ങളാലാവും വിധം പ്രയോജനപ്രദമാക്കുവാനുമുള്ള സൗഭാഗ്യം അല്ലാഹു തന്നനുഗ്രഹിക്കുമാറാകട്ടെ.**

മുഹമ്മദ് ഉമർ, കോഴിക്കോട്

### വിശുദ്ധ ഖുർആൻ

ഈ പുണ്യമാസത്തിൽ അനുഷ്ഠിക്കേണ്ട കർമങ്ങളെക്കുറിച്ച് ഖുർആൻ ഇപ്രകാരം അരുൾ ചെയ്യുന്നു: വിശ്വാസികളെ നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടത് പോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ധാർമികമായും ആത്മീയമായും ന്യൂനതകളിൽ നിന്ന് സുരക്ഷിതമാവും വിധം ദോഷബാധയെ സൂക്ഷിക്കുകയും സൂക്ഷ്മത കൈവരിക്കുകയും ചെയ്യുന്നതിന് വേണ്ടി.

*(ഈ വ്രതാനുഷ്ഠാനം) ചില നിശ്ചിത ദിവസങ്ങളിലാണ്. എന്നാൽ നിങ്ങളിലാരെങ്കിലും (താൽക്കാലികമായി) രോഗിയോ യാത്രയിലോ ആയാലോ മറ്റു ദിവസങ്ങളിൽ എണ്ണം പൂർത്തിയാക്കിക്കൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുവെങ്കിൽ അത് അയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ (കാര്യം) ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രേ.*

*സമസ്ത മനുഷ്യർക്കും സന്മാർഗത്തിന്റേയും സത്യാസത്യ വിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമദാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിക്കുന്നതായാൽ അയാൾ അതിൽ (ആ മാസത്തിൽ) വ്രതമനുഷ്ഠിക്കട്ടെ. എന്നാൽ നിങ്ങളിലാരെങ്കിലും (താൽക്കാലികമായി) രോഗിയാവുകയോ, യാത്രയിലാവുകയോ ചെയ്യുന്ന പക്ഷം എണ്ണം മറ്റു ദിവസങ്ങളിൽ പൂർത്തിയാക്കേണ്ടതാണ്. അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത്. അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല. (ഇതാകട്ടെ) നിങ്ങൾക്ക് എണ്ണം പൂർത്തിയാക്കുന്നതിനും അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിനും നിങ്ങൾ കൃതജ്ഞത രേഖപ്പെടുത്തുന്നതിനും വേണ്ടിയാകുന്നു. എന്നെ സംബന്ധിച്ച് നിന്റെ ദാസന്മാർ നിന്നോട് ചേദിക്കുന്ന പക്ഷം നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു (എന്നു പറയുക.) പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക് ഞാൻ ഉത്തരം നൽകും. അവൻ എന്നെ വിളിച്ചു പ്രാർഥിക്കുമ്പോൾ ഞാൻ ഉത്തരം നൽകുന്നതാണ്. അത്കൊണ്ട് അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നതിന് വേണ്ടി. (2:184 187)*

പ്രസ്തുത വിശുദ്ധ വചനങ്ങൾ വ്രതാനുഷ്ഠാനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലേക്ക് വെളിച്ചം വീശുന്നു.

1. ദൈവം നിശ്ചയിച്ച ഒരോ കൽപ്പനയിലും അതിന്റെ കാര്യകാരണവും തത്ത്വജ്ഞാനവും അടങ്ങിയിരിക്കുന്നു. വ്രതാനുഷ്ഠാനം കൊണ്ടുള്ള ഉദ്ദേ്യശം മനുഷ്യൻ ശാരീരികമായും ആത്മീയമായും സൂക്ഷ്മത കൈവരിക്കുകയാണ്. അതിനുള്ള പരിശീലന കാലഘട്ടമാണ് ഈ റമദാൻ മാസക്കാലം. ഒരു മാസക്കാലം അതിനുള്ള പരിശീലനം രാപ്പകൽ ലഭിച്ചതിന് ശേഷം നോമ്പനുഷ്ഠിക്കുന്ന ആൾ മുത്തഖിയായി ദൈവ ഭക്തനായി സൂക്ഷ്മത കൈവരിച്ച ആളായി പുറത്തുവരുന്നു.

2. ഈ മാസത്തിൽ രോഗിയോ യാത്രയിലോ ആണെങ്കിൽ വ്രതമനുഷ്ഠിക്കരുത്. എത്ര നോമ്പുകളാണോ അങ്ങനെ ഉപേക്ഷിക്കേണ്ടി വന്നത് അത്രയും നോമ്പുകൾ പിന്നീട് നോറ്റു വീട്ടേണ്ടതാണ്.

3. ***ഫമൻ തതവഅ: ഖൈറൻ ഫഹുവ ഖൈറുൻ ലഹു*** എന്ന ആയത്തിന് രണ്ട് അർഥങ്ങളാണുള്ളത്. നിങ്ങളിൽ ആരെങ്കിലും നഫൽ ആയിട്ട് (ഐച്ഛികമായി)നന്മ ചെയ്യുകയാണെങ്കിൽ അത് അയാൾക്ക് പുണ്യം തരുന്നതായിരിക്കും. ഫർള് ചെയ്യപ്പെട്ട ശേഷമാണ് ഐച്ഛികമായ കാര്യങ്ങൾ ചെയ്യേണ്ടത്. ഫർളിന് പകരമായി നഫൽ അനുഷ്ഠിക്കുക എന്നത് നന്മയാകുന്നില്ല.

രണ്ടാമത്തെ അർഥം അനുസരണ ബോധത്തോടുകൂടി ആരാണോ നന്മ ചെയ്യുന്നത് അത് അവർക്ക് പുണ്യം തരുന്നതായിരിക്കും. അതായത് നന്മ എന്നത് അനുസരണത്തിൽ അധിഷ്ഠിതമായ പുണ്യകർമമാണ്. റമദാൻ

മാസത്തിൽ രോഗിയോ യാത്രക്കാര നായോ ഒരാൾ നോമ്പനുഷ്ഠിക്കുന്നത് പുണ്യകർമമാകുന്നില്ല. ഇത് അല്ലാഹു തന്ന അനുഗ്രഹത്തെയും അനുവാദത്തെയും തിരസ്ക്കരിക്കലാണ്. നന്മയെന്നത് അനുസരണത്തിന്റെ പേരാണ്. ബലാൽക്കാരമായി നന്മ ചെയ്തുകൊണ്ട് അല്ലാഹുവിനോട് ധിക്കാരം കാണിക്കലല്ല.

4. വ്രതാനുഷ്ഠാനവും വിശുദ്ധ ഖുർആനും തമ്മിൽ അഭേദ്യമായ ഒരു ബന്ധമുണ്ട്. കാരണം വിശുദ്ധ ഖുർആന്റെ അവതരണം ആ മാസവുമായിട്ടാണ് ബന്ധപ്പെട്ടു കിടക്കുന്നത്. അതുകൊണ്ട് ആ മാസത്തിൽ ഖുർആൻ പരായണം, ഖുർആൻ ക്ലാസ്സിൽ സംബന്ധിക്കൽ മുതലായ കാര്യങ്ങളിൽ അതീവ ശ്രദ്ധ കാണിക്കണം.

5. അതേ പ്രകാരം വ്രതാനുഷ്ഠാനവും പ്രാർഥനയും പരസ്പരം ബന്ധിതമായ ആരാധനകളാണ്. പ്രാർഥനകൾ ഏറ്റവും അധികം സ്വീകാര്യമാകുന്ന പുണ്യമായ മാസമാണിതെന്നത് കൊണ്ടാണ് വിശുദ്ധ ഖുർആൻ വ്രതാനുഷ്ഠാനത്തെക്കുറിച്ച് പ്രതിപാദിച്ച ഉടനെ പ്രാർഥനയെക്കുറിച്ച് സൂചിപ്പിക്കുന്നത്.

## ഹദീസ്

റമദാൻ മാസത്തിന്റെ മാഹാത്മ്യത്തെ കുറിച്ച് ഹദ്റത്ത് നബി (സ) തിരുമേനിയുടെ ഒരു പ്രഭാഷണം ഹദ്റത്ത് സൽമാനുൽ ഫാരിസി ഇപ്രകാരം നിവേദനം ചെയ്യുന്നു.

ഹദ്റത്ത് നബി കരീം (സ) ശഅ്ബാൻ മാസത്തിൽ അവസാനത്തിൽ ഞങ്ങളെ അഭി മുഖീകരിച്ച് കൊണ്ട് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി.

അല്ലയോ ജനങ്ങളെ! അനുഗൃഹീതവും മഹത്വമേറിയതുമായ ഒരു മാസം ഇതാ നിങ്ങൾക്ക് തണലേകുവാനായി ഉദയമാവുകയാണ്. ആ മാസത്തിൽ ആയിരം മാസത്തേക്കാൾ ശ്രേഷ്ഠകരമായ ഒരു രാവുണ്ട്. ആ മാസത്തിൽ നോമ്പനുഷ്ഠിക്കുന്നത് അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. ആ മാസത്തിലെ രാവുകളിൽ ഐച്ഛികമായ ഇബാദത്തുകൾ നിശ്ചയിച്ചിരിക്കുന്നു. ആ മാസത്തിൽ ചെയ്യപ്പെടുന്ന ഐച്ഛികമായ ഇബാദത്തുകൾക്കും ഫർളായ ഇബാദത്തുകൾക്കും എഴുപതിരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. അത് ക്ഷമയുടെയും സഹനത്തിന്റെയും മാസമാണ്. ക്ഷമയുടെ പ്രതിഫലം സ്വർഗമാണ്. അത് സഹതാപത്തിന്റെയും സഹാനുഭൂതിയുടെയും മാസമാണ്. അതായത് പാവപ്പെട്ടവന്റെ വിശപ്പിന്റെ കാഠിന്യം അറിയുന്ന മാസമാണ്. വിശ്വാസികളുടെ റിസ്ഖ് (ആഹാരികൾ) വർധിപ്പിക്കപ്പെടുന്ന മാസമാണ്. ആ മാസത്തിൽ നോമ്പനുഷ്ഠിച്ചയാളുടെ നോമ്പ് തുറപ്പിക്കുകയാണെങ്കിൽ അത് അയാളുടെ പാപപ്പൊറുതിക്കും നരകാഗ്നിയിൽ നിന്നുള്ള മോചനത്തിനും കാരണമായി തീരുന്നു. മാത്രമല്ല നോമ്പുകാരന്റെ അത്രതന്നെ പ്രതിഫലം അയാൾക്ക് ലഭിക്കുന്നതുമാണ്. എന്നാൽ നോമ്പ് തുറപ്പിക്കുന്ന ആളുകളുടെ പ്രതിഫലത്തിൽ ഒരു കുറവും ഉണ്ടാകുന്നതല്ല. അപ്പോൾ ഞങ്ങൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ ഞങ്ങളിൽ ആർക്കും തന്നെ ഇപ്രകാരം നോമ്പ് തുറപ്പിക്കാനുള്ള കഴിവില്ലല്ലോ. അതിന് പ്രത്യുത്തരമായി അല്ലാഹുവിന്റെ റസൂൽ (സ) പറഞ്ഞു. നിങ്ങളിൽ ആരെങ്കിലും ഒരു കവിൾ പാലോ ഒരിറക്ക് വെള്ളമോ കൊടുക്കുകയാണെങ്കിലും അല്ലാഹു അയാൾക്ക് അതിനുള്ള പ്രതിഫലം നൽകുന്നതാണ്. എന്നാൽ ഏതൊരാൾ നോമ്പനുഷ്ഠിക്കുന്ന ആൾക്ക് സുഭിക്ഷമായ നിലയിൽ വയറു നിറയെ ഭക്ഷണം കൊടുക്കുന്നുവോ, ആ ആളെ അല്ലാഹു ഹൗളർ കൗസറിൽ നിന്ന് ജലപാനം ചെയ്യിപ്പിക്കുന്നതായിരിക്കും. അങ്ങനെയുള്ള ആൾ സ്വർഗത്തിൽ പ്രവേശിക്കുന്നത് വരെ ദാഹമുണ്ടായിരിക്കുന്നതല്ല. ആ മാസത്തിന്റെ ആദ്യഘട്ടം പാപപ്പൊറുതിയും അവസാനം നരകത്തിൽ നിന്നുള്ള മോചനവും ആയിരിക്കും. (മിശ്കാത്തു മസ്വാബിഹ്)

## ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ)

ഏതൊരനുഷ്ഠാനത്തിന്റെ മഹത്തായ ഉദ്ദേശലക്ഷ്യത്തെക്കുറിച്ച് കാലത്തിന്റെ ഇമാമായ ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) ഇപ്രകാരം അരുൾ ചെയ്തു.

കുറഞ്ഞ ഭക്ഷണവും വിശപ്പും സഹനവും ഹൃദയ പരിശുദ്ധിക്ക് വളരെ ആവശ്യമാണ്. ഇതിനാൽ ദിവ്യദർശന ശക്തി വർധിക്കുന്നു. മനുഷ്യൻ വെറും ആഹാരം കൊണ്ട് മാത്രം ജീവിക്കുന്നില്ല. ശാശ്വതവും നിരന്തരവുമായ ജീവിതത്തെക്കുറിച്ചുള്ള ചിന്ത ഉപേക്ഷിക്കുന്നത് തങ്ങളുടെ മേൽ ദൈവശാപം ഇറങ്ങുന്നതിനുള്ള നിമിത്തമായിതീരുന്നതാണ്. എന്നാൽ വ്രതാനുഷ്ഠാനം കൊണ്ട് വെറും വിശപ്പും ദാഹവും സഹിച്ചിരിക്കുകയാണുദ്ദേശ്യമെന്ന് നോമ്പനുഷ്ഠിക്കുന്ന ആൾ കരുതരുത്. മറിച്ച് ദൈവ സ്മരണയിൽ മുഴുകിയിരിക്കേണ്ടതാണ്. ഹദ്റത്ത് നബി (സ) റമദാൻ മാസത്തിൽ ധാരാളമായി ഇബാദത്തുകൾ ചെയ്യാറുണ്ടായിരുന്നു. ഈ ദിവസങ്ങളിൽ ഭക്ഷണ പാനീയങ്ങളിൽ നിന്ന് ശ്രദ്ധതിരിച്ചുകൊണ്ട് അല്ലാഹുവിലേക്കുള്ള സമർപ്പണത്തിൽ ലയിച്ചിരിക്കേണ്ടതാണ്. ഭൗതികമായ ആഹാരം ലഭിച്ച മനുഷ്യൻ ആത്മീയമായ ആഹാരത്തെക്കുറിച്ച് അശ്രദ്ധ കാണിക്കുന്നത് ദൗർഭാഗ്യകരമാണ്. ഭൗതികാഹാരം ശരീരത്തിന് ശക്തിപകരുന്നത് പോലെ ആത്മീയാഹാരം ആത്മാവിനും ശക്തി പകർന്ന് കൊടുക്കുന്നതാണ്. അതിന്റെ ഫലമായി ആത്മീയ ശക്തി തീവ്രത പ്രാപിക്കുന്നു. അതുകൊണ്ട് അല്ലാഹുവിങ്കൽ വിജയം കരസ്ഥമാക്കാൻ ശ്രമിക്കുക. എല്ലാ കവാടങ്ങളും അവന്റെ തൗഫീഖ് ഉണ്ടെങ്കിൽ മാത്രമേ തുറക്കപ്പെടുകയുള്ളൂ. (ബദർ 18.1.1907)

അല്ലാഹു നമുക്കെല്ലാം ഈ അനുഗൃഹീതമാസത്തിൽ നിന്ന് അധികമധികം ദിവ്യാനു ഗ്രഹങ്ങൾ സ്വായത്തമാക്കുന്നതിനുള്ള മഹാഭാഗ്യം തന്നനുഗ്രഹിക്കട്ടെ. (ആമീൻ) ●

# ദൈവാസ്തിക്യം:

## ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങൾ II

പ്രൊഫ: സാലേ മുഹമ്മദ് അല്ലാദീൻ

പ്രപഞ്ചം എന്നും ഉണ്ടായിരുന്നു എന്ന വീക്ഷണത്തെ രസതന്ത്രവും എതിർക്കുന്നു. രസതന്ത്ര പ്രൊഫസറായ ഡോ. ജോൺ ക്ലീവ്‌ലന്റ കേർത്ത് എഴുതുന്നു: രസതന്ത്രം വെളിപ്പെടുത്തുന്നത് പദാർഥം ഇല്ലാതാവുകയാണെന്നാണ്. ചിലയിനങ്ങൾ അത്യധികം സാവധാനത്തിലും ചിലവ അത്യധികം വേഗത്തിലുമാണ്. അതുകൊണ്ട് പദാർഥത്തിന്റെ അസ്തിത്വം അനന്തമല്ല. തദനന്തരം പദാർഥത്തിന് ഒരു തുടക്കമുണ്ടായിരിക്കണം (Evidence P. 41).

റേഡിയോ ആക്റ്റീവായ മൂലകങ്ങളുടെ സാന്നിദ്ധ്യവും ചൂണ്ടിക്കാണിക്കുന്നത് പ്രപഞ്ചം അനന്തമല്ലെന്നാണ്. ഭൗമരസതന്ത്രജ്ഞനായ ഡോ. റോബർട്ട് കോർ എഴുതുന്നു: തുടക്കമില്ലാതെ എന്നെന്നും നിലനിൽക്കുന്ന പ്രപഞ്ചത്തിൽ റേഡിയോ ആക്റ്റീവ് മൂലകങ്ങൾ നിലനിൽക്കില്ല. (Evidence. 134).

ചുരുക്കത്തിൽ പ്രപഞ്ചത്തിന് ഒരു തുടക്കമുണ്ടായിരുന്നില്ല എന്ന കാര്യം ജ്യോതിശാസ്ത്രവും ഭൗതിക ശാസ്ത്രവും രസതന്ത്രവും ഭുഗർഭ ശാസ്ത്രവും ഏകാഭിപ്രായത്തോടെ അംഗീകരിക്കുന്നു.

പ്രപഞ്ചത്തിന്റെ ഉൽപത്തിയെക്കുറിച്ച് ദൈവത്തിൽ വിശ്വസിക്കാത്ത ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായമെന്താണെന്നാൽ The Fascinating Astronomy, എന്ന തന്റെ ഗ്രന്ഥത്തിൽ ഡോ. വി എൻ കോമോറോവ് ഒരു പ്രമുഖ സോവ്യറ്റ് തത്ത്വചിന്തകനായ പ്രോയ്ട്ടർ ഫെഡോസെയേവിന്റെ താഴെ പറയുന്ന വാക്കുകൾ ഉദ്ധരിക്കുന്നു:

ഭൗതിക തത്ത്വശാസ്ത്രം ഈ ലോകം ബോധപൂർവം ഒരു പരമ സത്തയാൽ സൃഷ്ടിക്കപ്പെട്ടതല്ല എന്ന് കരുതുന്നു. പ്രപഞ്ചത്തെക്കുറിച്ചുള്ള ഇപ്പോഴത്തെ പഠനം കൊണ്ട് പ്രപഞ്ചമുണ്ടായിട്ട് 20 ബില്ല്യൻ വർഷമായെന്ന് നാം സമ്മതിക്കുകയാണെങ്കിൽ തത്ത്വശാസ്ത്രപരമായ വീക്ഷണത്തിൽ വളരെ പ്രധാനപ്പെട്ട സംഗതിയെന്തെന്നാൽ ഈ പ്രക്രിയയുടെ വസ്തു നിഷ്ഠമായ സ്വഭാവത്താൽ പദാർഥം സ്വയം പരിണമിച്ച് ഒരു പ്രപഞ്ചമായി ഭവിച്ചു എന്ന് കരുതേണ്ടി വരും. ഭൗതികാർഥത്തിൽ ഇത് വിശദീകരി ക്കേണ്ട ജോലി ശുദ്ധ ശാസ്ത്രത്തിന്റേതാണ്. സങ്കീർണമായ ക്ഷേത്രഗണിതത്തോടെ നിരവധി പ്രപഞ്ച ങ്ങളുടെ അസ്തിത്വത്തെക്കുറിച്ച് നമുക്ക് ധാരണയുണ്ടാവാൻ സാദ്ധ്യതയുണ്ട്. നാം ഇപ്പോൾ ആർജിച്ച വിധത്തിൽ അറിവിനെ നിർവചിക്കുന്ന പ്രകൃതി ശാസ്ത്രജ്ഞന്റെ സങ്കൽപ്പവും ഭൗതിക ലോകത്തെക്കുറിച്ചുള്ള തത്ത്വജ്ഞാനപരമായ സങ്കൽപ്പവും തമ്മിൽ വിവേചിച്ചറിയുന്നത് ബുദ്ധിപൂർവകമായിരിക്കും. പ്രപഞ്ചത്തെക്കുറി ച്ചുള്ള പ്രകൃതി ശാസ്ത്രത്തിന്റെ ഭാവിയിലുള്ള നേട്ടങ്ങളുടെ മറഞ്ഞു കിടക്കുന്ന ഒരു രൂപം അതിലുൾപ്പെടുന്നു. (The Facinating Astronomy 1985 p. 137)

മേലുദ്ധരണിയിൽ നിന്ന് വ്യക്തമാവുന്നത് പ്രപഞ്ചത്തിന്റെ സ്രഷ്ടാവായ ദൈവത്തെ നിഷേധിക്കുന്നവർക്ക് അവരുടെ വീക്ഷണത്തിനാധാരമായ ശാസ്ത്രീയമായ തെളിവുകൾ ഇല്ലെന്നാണ്. എന്നാൽ ഏറ്റവും ആദ്യത്തെ പദാർഥം എങ്ങനെ അസ്തിത്വത്തിൽ വന്നു എന്ന് അവർക്കറിയില്ല. തത്ത്വജ്ഞാനപരമായ അവരുടെ വീക്ഷണത്തിൽ ഭാവിയിലെ ശാസ്ത്രം അതിന്റെ ഉത്തരം കണ്ടെത്തുമെന്ന പ്രതീക്ഷ മാത്രമാണ് അവർക്കുള്ളത്. ഭാവിയിലെ ശാസ്ത്രം തുടക്കത്തിലുള്ള പദാർഥത്തിന്റെ സ്രോതസ്സ് കണ്ടുപിടിച്ചാൽ തന്നെ ദൈവ വിശ്വാസികൾ അടുത്ത ചോദ്യമുന്നയിക്കും. ആ സ്രോതസ്സിന്റെ ഉൽപത്തി എന്താണ്?

***അന്തിമമായി എല്ലാ വസ്തുക്കളും പോകുന്നത് നിന്റെ നാഥന്റെ അടുക്കലേക്കാണ്. (വിശുദ്ധ ഖുർആൻ 53:43)***

എന്ന സൂക്തത്തെ വ്യാഖ്യാനിച്ചു കൊണ്ട് വാഗ്ദത്ത മസീഹ് (അ) പറയുന്നു:

നാം ശ്രദ്ധാപൂർവം നിരീക്ഷിക്കുകയാണെങ്കിൽ ഈ പ്രപഞ്ചം മുഴുവൻ കാര്യകാരണ ബന്ധത്തിന്റെ വ്യവസ്ഥയിൽ ബന്ധിതമാണെന്ന് കണ്ടെത്തുന്നു. ഈ വ്യവസ്ഥയാണ് എല്ലാ ജ്ഞാനത്തിന്റെയും വേര്. സൃഷ്ടിപ്പിന്റെ ഒരു ഭാഗവും ഈ വ്യവസ്ഥക്ക് പുറത്തല്ല. ചില വസ്തുക്കൾ മറ്റുള്ളവയുടെ വേരുകളും ചിലത് അവയുടെ ശാഖകളുമാണ്. ഒരു കാരണം പ്രാഥമികമായിരിക്കാം. അല്ലെങ്കിൽ മറ്റൊരു കാരണത്തിന്റെ ഫല

മായിരിക്കാം, അതാകട്ടെ വേറെയൊരു ഫലത്തിന്റെ കാരണമായിരിക്കും. അങ്ങനെ പോകുന്നു. അപ്പോൾ ഈ പരിമിതമായ ലോകത്തിൽ കാര്യകാരണവ്യവസ്ഥ അപരിമിതമാവാൻ സാധ്യതയില്ല. അവ അവസാനത്തെ ഒരു കാരണത്തിൽ നിന്നു പോകണം എന്ന് അംഗീകരിക്കാൻ നാം നിർബന്ധിതരാകുന്നു. അതാണ് ദൈവം. ഈ സൂക്തം (അദ്ധ്യായം 53 സൂക്തം 43) വളരെ ചുരുങ്ങിയ നിലയിൽ ഈ വാദഗതി യാണ് മുന്നോട്ട് വെക്കുന്നത്. കാര്യകാരണ വ്യവസ്ഥ ദൈവത്തിൽ അവസാനിക്കുന്നുവെന്ന് അത് ഉറപ്പിച്ചു പറയുന്നു (The philosophy of the teachings of islam by Hadrath Mirza Ghulam Ahmad 1989. p.46)

അതിനാൽ ഇസ്‌ലാം വിവരിക്കുന്ന സൃഷ്ടി പ്രപഞ്ച വീക്ഷണത്തിനനുകൂലമാണ് ശാസ്ത്രം അവതരിപ്പിക്കുന്ന വീക്ഷണം എന്നത് വളരെ പ്രകടമാണ്.

### പ്രപഞ്ചം: യാദൃച്ഛികമോ അഭികൽപനയാലോ?

ഒന്നാമത്തെ സാദ്ധ്യത അതായത് പ്രപഞ്ചം നിലവിൽ വന്നത് യാദൃച്ഛികമായാണ് എന്ന വാദം നിലനിൽക്കുന്നതല്ല. പ്രപഞ്ചത്തിന്റെ സൃഷ്ടിയിലൊരു ക്രമവും ബുദ്ധിയും ജ്ഞാനവും നമുക്ക് ദർശിക്കാൻ സാധിക്കുന്നു. അതിനാൽ ഇതെല്ലാം യാദൃച്ഛികമാണെന്ന് നമുക്ക് പറയാൻ സാദ്ധ്യമല്ല. ഇത് സംബന്ധമായി മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദി(റ)ന്റെ വിശുദ്ധ ഖുർആൻ വ്യാഖ്യാനത്തിൽ നിന്ന് തിളക്കമാർന്ന ഒരു ഖണ്ഡിക ഞാൻ ഉദ്ധരിക്കാം. പിന്നെ ശാസ്ത്രജ്ഞന്മാരുടെ വീക്ഷണ ങ്ങളും നൽകാം. വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു: ***നിങ്ങളെ സൃഷ്ടിക്കുന്നതാണോ ഏറെ ദുഷ്ക്കരം അതല്ല ആകാശത്തെ സൃഷ്ടിക്കുന്നതോ (അദ്ധ്യായം 79:സൂക്തം 28)***

ഈ സൂക്തത്തെ വ്യാഖ്യാനിച്ച് കൊണ്ട് അദ്ദേഹം പറയുന്നു:

സർവശക്തനായ അല്ലാഹു തന്റെ അസ്തിത്വത്തിന് തെളിവായി പ്രപഞ്ച വ്യവസ്ഥയെയാണ് മുന്നോട്ട് വെക്കുന്നത്. ഈ മഹത്തായ വ്യവസ്ഥയിൽ സ്രഷ്ടാവിന്റെ ഉന്നതമായ ഒരു കൈയുണ്ടെന്ന് കാണിക്കുന്നില്ലേ? അതിന്റെ ഒരോ അംശവും മറ്റൊന്നിനെ ആശ്രയിച്ചിരിക്കുന്നു. ആറ്റങ്ങളുടെ സംയോജനം മൂലമാണ് ഈ ലോകം ഉണ്ടായതെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നു. ആറ്റങ്ങൾ സംയോജിച്ചാണ് ഈ അത്ഭുത പ്രപഞ്ചം നിലവിൽ വന്നതെന്ന് അവർ പറയുന്നു. വിവിധ ആറ്റങ്ങൾ ശരിയായ രീതിയിൽ സംയോജിച്ച് ഇന്നുള്ള നമ്മുടെ ആവശ്യം നാഴികകൾക്കപ്പുറത്ത് വെച്ച് പൂർത്തീകരിക്കപ്പെടുന്ന ഏർപ്പാടുണ്ടെന്ന കാര്യത്തിൽ നാം യോജിക്കുന്നു. ആറ്റങ്ങൾ സംയോജിച്ച് ഈ ലോകം ഉണ്ടായി എന്ന് നാം സമ്മതിക്കുന്നു. പക്ഷേ ഈ ലോകത്തിന് ഒരു ദൈവമുണ്ടായിരുന്നെങ്കിൽ മനുഷ്യന്റെ ആവശ്യം പൂർത്തീകരിക്കുന്ന രീതിയിൽ ആറ്റങ്ങൾ യോജിച്ചുവെന്നത് എങ്ങനെ സംഭവിച്ചു ? അത് നമ്മുടെ ആവശ്യങ്ങൾ പൂർത്തികരിക്കാൻ എങ്ങനെ അനുയോജ്യമായി? ആറ്റങ്ങളുടെ ഈ ഏറ്റുമുട്ടൽ യാദൃച്ഛികമായേക്കാം. പക്ഷേ അവയുടെ ഈ സംയോജനം മനുഷ്യന്റെ ഒരോ ആവശ്യം നിറവേറ്റുന്ന രീതിയിൽ സംഭവിച്ചത് യാദൃച്ഛികമാണെന്ന് പറയാൻ വയ്യ.

ഈ പ്രപഞ്ചത്തിന് പിന്നിൽ മറ്റൊരു സത്ത പ്രവർത്തിക്കുന്നുവെന്ന് നാം സമ്മതിക്കേണ്ടതുണ്ട്. നാം ലെതർ കാണുകയാണെങ്കിൽ അത് യാദൃച്ഛികമായി വന്നതാണെന്ന് പറയാം. പക്ഷേ ലെതർ കൊണ്ടുണ്ടാക്കിയ ബൂട്ട് നാം കാണുന്നുവെങ്കിൽ അല്ലെങ്കിൽ ആ ലതർ സോഫയിലും കസേരയിലും കോണിപടികളിലും അലങ്കരിച്ചതായി നാം കാണുകയാണെങ്കിൽ ഇവയെല്ലാം യാദൃച്ഛികമായി ഉണ്ടായതാണെന്ന് നമുക്ക് പറയാൻ പറ്റില്ല. അങ്ങനെ പരിപൂർണമായ ഒരു വ്യവസ്ഥ യാദൃച്ഛികമാണെന്ന് പറയാനും സാദ്ധ്യമല്ല. ഒരു വസ്തുവിനെ സംബന്ധിച്ച് അത് യാദൃച്ഛികമാണെന്ന് പറയാം. ഒരു വശത്ത് സർവശക്തനായ ദൈവം കണ്ണ് സൃഷ്ടിച്ചതായി നാം കാണുന്നു. ആ കണ്ണിന് വെളിച്ചമില്ലാതെ കാണാൻ കഴിയില്ല എന്ന ഗുണവും അവൻ അതിൽ നിക്ഷിപ്തമാക്കി. മറുവശത്ത് നമ്മിൽ നിന്നും ലക്ഷോപലക്ഷം മൈലുകൾക്കപ്പുറത്ത് അവൻ സൂര്യനെ സൃഷ്ടിച്ചു. നമുക്ക് ചുറ്റുമുള്ളവ കാണാൻ അത് കണ്ണുകളെ പ്രാപ്തമാക്കി. മനുഷ്യന്റെ മറ്റു ആവശ്യങ്ങളുടെ നിർവഹണത്തിന് ഇതേ അവസ്ഥ തന്നെയാണുള്ളത്. സർവശക്തനായ അല്ലാഹു മനുഷ്യന്റെ പ്രകൃതിപരമായ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കാൻ വേണ്ട സംവിധാനങ്ങൾ ഒരുക്കി വെച്ചിരിക്കുന്നു. ചില ആവശ്യങ്ങൾ പൂർത്തീകരിക്കാൻ സർവശക്തനായ അല്ലാഹു ആ വ്യക്തിയിൽ തന്നെ വേറെ ചില ആവശ്യങ്ങളുണ്ട്. അത് പൂർത്തീകരിക്കാനുള്ള ചുറ്റുപാടുകൾ മനുഷ്യന്റെ ചുറ്റുപാടിലുമായി ഒരുക്കി വെച്ചിരിക്കുന്നു. വേറെ ചില ആവശ്യങ്ങൾ പൂർത്തീകരിക്കാൻ സർവശക്തനായ അല്ലാഹു മനുഷ്യനിൽ നിന്ന് ലക്ഷോപലക്ഷം നാഴികകൾക്കപ്പുറം ഏർപ്പാടുകൾ ചെയ്തിരിക്കുന്നു. ചുരുക്കത്തിൽ മനുഷ്യന്റെ എല്ലാവിധ ആവശ്യങ്ങളും പൂർത്തീകരിക്കാനുള്ള ഏർപ്പാടുകൾ സർവശക്തനായ ദൈവം ഈ ലോകത്ത് തന്നെ സജ്ജീകരിച്ചിരിക്കുന്നു. ഈ വ്യവസ്ഥ എത്രത്തോളം സമഗ്രമാണെന്ന് വെച്ചാൽ ഈ പുർണ ചിത്രം നോക്കുന്ന ആർക്കും തന്നെ ഇവയെല്ലാം യാദൃച്ഛികമായി സംഭവിച്ചതാണെന്ന് പറയാൻ സാദ്ധ്യമല്ല. അങ്ങനെ നിങ്ങളെ സൃഷ്ടിച്ചതിൽ നിന്ന് എത്രയോ ദുഷ്ക്കരമാണ് ആകാശ ഭുമികളെ സൃഷ്ടിക്കാൻ എന്ന കാര്യം നോക്കി മനസ്സിലാക്കാൻ സർവശക്തനായ അല്ലാഹു മനുഷ്യനോട് പറയുന്നു. ഒരു കാര്യം യാദൃച്ഛികമാണെന്നും അല്ലെങ്കിൽ രണ്ട് വസ്തുക്കൾ യാദൃച്ഛികമാ

ണന്ന് നിങ്ങൾക്ക് പറയാം. അല്ലെങ്കിൽ ഈ മുഴുവൻ വ്യവസ്ഥയും യാദൃച്ഛികമാണെന്ന് പറയാൻ നിങ്ങൾക്കെങ്ങനെ സാധിക്കും?. (തഫ്സീർ കബീർ അധ്യായം, 79 ന്റെ വ്യാഖ്യാനം)

ഇനി ദൈവാസ്തിക്യത്തിന് ഉപോൽബലകമായി വിശുദ്ധ ഖുർആൻ പറയുകയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് രണ്ടാമൻ വളരെ ലളിതമായി വിശദീകരിക്കുകയും ചെയ്ത ഈ വാദഗതിയെക്കുറിച്ച് ശാസ്ത്രജ്ഞന്മാരുടെ വീക്ഷണങ്ങൾ ഇതുമായി ഒത്തുപോകുന്നതാണോയെന്ന് നമുക്ക് നോക്കാം

ലോകത്തുണ്ടായ ശാസ്ത്രജ്ഞന്മാരിൽ ഏറ്റവും മഹാനെന്ന് കരുതപ്പെടുന്ന ആളാണ് സർ ഐസക്ക് ന്യൂട്ടൺ. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ദൈവവിശ്വാസമില്ലാതെ ഈ പ്രപഞ്ചത്തെ വിശദീകരിക്കാൻ സാദ്ധ്യമല്ല. അദ്ദേഹം പറയുന്നു: സൂര്യൻ, ചന്ദ്രൻ, ഉൽക്കകൾ എന്നിവയുടെ ഈ ഏറ്റവും മനോഹരമായ വ്യവസ്ഥ അതീവ ബുദ്ധിമാനും ശക്തനുമായ ഒരു സത്തയുടെ അധികാരത്തിൽ നിന്നും അവന്റെ ഇച്ഛപ്രകാരവുമല്ലാതെ ഉണ്ടാകില്ല (our solar system and stellar universe by charles hyte. p. 1923)

ന്യൂട്ടന്റെ കാലത്ത് പ്രകൃതി നിയമങ്ങളുടെ പഠനം അറിയപ്പെട്ടിരുന്നത് പ്രകൃതി തത്ത്വശാസ്ത്രം എന്ന പേരിലായിരുന്നു. ന്യൂട്ടന്റെ അഭിപ്രായത്തിൽ പ്രപഞ്ച പഠനത്തിൽ നിന്ന് ദൈവത്തിന്റെ അസ്തിത്വം കണ്ടെത്തുന്നത് പ്രകൃതി തത്ത്വശാസ്ത്രത്തിന്റെ മണ്ഡലത്തിൽ പെടുന്നു. പക്ഷേ പിന്നീട് വിജ്ഞാനം പല മേഖലകളിൽ തരംതിരിക്കപ്പെട്ടപ്പോൾ ശാസ്ത്രജ്ഞന്റെ അധികാര പരിധി ഭൗതിക മണ്ഡലങ്ങളിൽ പരിമിതമായി. ദൈവം ഉണ്ടോ ഇല്ലയോ എന്ന പ്രശ്നം ശാസ്ത്രത്തിനും പുറത്തായി. എന്നാലും ഇരുപതാം നൂറ്റാണ്ടിൽ ശാസ്ത്രജ്ഞന്മാർ ദൈവത്തെക്കുറിച്ചുള്ള തങ്ങളുടെ വീക്ഷണങ്ങൾ പ്രകടിപ്പിച്ചു തുടങ്ങി.

ഡോ. ആൽബർട്ട് ഐൻസ്റ്റീൻ ഇരുപതാം നൂറ്റാണ്ടിന്റെ മഹാന്മാരായ ശാസ്ത്രജ്ഞന്മാരിലൊരാളായിരുന്നു. അദ്ദേഹത്തോടൊപ്പം ജോലി ചെയ്യാൻ അവസരം ലഭിച്ച ഡോ. ഇൽഫെഡ് ഐൻസ്റ്റീനെ കുറിച്ച് പറഞ്ഞത് ഇതാണ്:

അദ്ദേഹത്തിന് പുതിയ ആശയം വരുമ്പോൾ അദ്ദേഹം സ്വയം ചോദിച്ചു ലോകത്തെ ദൈവത്തിന് ഈ രീതിയിൽ സൃഷ്ടിക്കാനാവുമോ? അല്ലെങ്കിൽ ഈ ഗണിത ഘടന ദൈവത്തിന്റെ ഗുണ മാഹാത്മ്യമാണോ? (quest , by lepold infeld. p. 11)

പ്രപഞ്ചത്തിന്റെ ഗാംഭീര്യത്തിലും സൗന്ദര്യത്തിലും അതിലടങ്ങിയ അഗാധ ബുദ്ധിയിലും ഹർഷപുളകിതയനായിക്കൊണ്ട് ഡോ. ഐൻസ്റ്റീൻ പറഞ്ഞു: നമുക്ക് അനുഭവിക്കാവുന്ന ഏറ്റവും മനോഹരവും ഏറ്റവും അഗാധവുമായ വികാരം നിഗൂഢമായ ഇന്ദ്രിയജ്ഞാനമാണ്. യഥാർഥ ശാസ്ത്രം വിതക്കുന്നത് അതാണ്. ഈ വികാരം അന്യമായ ഒരാൾ അതിനെക്കുറിച്ച് അത്ഭുതപ്പെടാതിരിക്കുകയും ആദരാന്വിതമായ ഭയത്താൽ നിമഗ്നനാകാതിരിക്കുകയും ചെയ്യുന്ന ആൾ മരിച്ചവനെപോലെയാണ്. യഥാർഥത്തിൽ ഉണ്ട് എന്നറിയുന്നത് അത് സ്വയം ഉന്നതമായ ബുദ്ധിയുടെയും ഏറ്റവും പ്രശോഭിതമായ മനോഹാരിതയും പ്രകടിപ്പിക്കുന്നു. ഈ അറിവിന്റെ ഏറ്റവും പ്രാകൃതമായ രുപമേ നമ്മുടെ മങ്ങിയ കഴിവുകൾക്ക് മനസ്സിലാക്കാൻ സാധിക്കൂ. യഥാർഥ മതവിശ്വാസത്തിന്റെ കേന്ദ്രമാണ് ഈ വികാരം. അദ്ദേഹം വീണ്ടും പറയുന്നു:

നമ്മുടെ ദുർബലമായ മനസ്സുകൾ കൊണ്ട് ചെറിയ വിശദീകരണത്തോടെ നമുക്കറിയാൻ കഴിയുന്ന സ്വയം വെളിപ്പെടുത്തുന്ന അപരിമിതമായ ആ പരമോന്നത സത്തയെ സംബന്ധിച്ച് വിനീതമായ അനുമോദനം ഉൾക്കൊള്ളുന്നതുമാണ്. എന്റെ മതം മനസ്സിലാക്കാൻ കഴിയാത്ത പ്രപഞ്ചത്തിൽ വെളിപ്പെടുന്നു. പരമോന്നതമായ ബുദ്ധിവൈഭവത്തിന്റെ സാന്നിദ്ധ്യത്തിന്റെ അഗാധമായ വൈകാരിക ബോദ്ധ്യമാണ് ദൈവത്തെക്കുറിച്ചുള്ള എന്റെ ആശയം. (The universe and dr. einstein by lincon barnet , p.118.1950)

ശാസ്ത്രഗവേഷണത്തിന്റെ രണ്ട് അടിസ്ഥാന പ്രശ്നങ്ങളാണ് പ്രപഞ്ചത്തിന്റെ ഉൽപത്തിയും ജീവന്റെ ഉൽപത്തിയും. അതിൽ പ്രപഞ്ചത്തിന്റെ ഉൽപത്തിയെക്കുറിച്ച് ഞാൻ പരാമർശിച്ചുവല്ലോ. ഇനി ഞാൻ ജീവന്റെ ഉൽപത്തിയെക്കുറിച്ച് ചില പരാമർശങ്ങൾ നടത്താം. വിശുദ്ധ ഖുർആൻ പറയുന്നു:

***നിങ്ങൾക്കെങ്ങനെ അല്ലാഹുവിൽ വിശ്വസിക്കാതിരിക്കാൻ കഴിയും? ജീവനില്ലാത്ത അവസ്ഥയിൽ നിന്നും നിങ്ങളെ അവൻ ജീവനുള്ളവരാക്കി. ഇനി അവൻ നിങ്ങളെ മരിപ്പിക്കുകയും പിന്നെ ജീവിപ്പിക്കുകയും ചെയ്യും. എന്നിട്ട് നിങ്ങൾ അവങ്കലേക്കു തന്നെ മടക്കപ്പെടുന്നതാണ്. (അദ്ധ്യായം 2 : 29)***

ഒരു ശാസ്ത്രജ്ഞന്റെ വാക്കുകളിൽ തന്നെ അതേ വാദഗതി നമുക്ക് കേൾക്കാം. പ്രിസ്റ്റൺ യൂണിവേഴ്സിറ്റിയിലെ ജന്തുശാസ്ത്രജ്ഞനായ പ്രൊഫസർ എഡ്വിൻ കോങ്ക്‌ലിൻ പറയുന്നു:

ഒരു അച്ചു കൂടത്തിലുണ്ടാകുന്ന സ്ഫോടനം അതിന്റെ ഫലമായി ഉണ്ടാകുന്ന പൂർണമായ ഒരു നിഘണ്ടുവിന്റെ സാധ്യതയുമായി ജീവൻ യാദൃച്ഛികമായി ഉത്ഭവിച്ചതാണെന്ന സാധ്യതയുമായി നമുക്ക് താരതമ്യപ്പെടുത്താം. (Evidence.174)

ഈ വീക്ഷണത്തെ അനുകൂലിച്ചുകൊണ്ട് ഒരു രസതന്ത്ര ഗവേഷകനായ ഡോ. എഡ്മണ്ട് കാൽ കോൺഫീൽഡ് പറയുന്നു:

ഞാൻ തുറന്ന മനസ്സോടെ ആ പ്രസ്താവനയെ പിന്തുണ

ക്കുന്നു. ഒരു ദൈവമുണ്ടെന്നത് എന്റെ ഉറച്ച ബോദ്ധ്യമാണ്. അവൻ പ്രപഞ്ചത്തെ ആസൂത്രണം ചെയ്യുകയും സൃഷ്ടിക്കുകയും പരിപാലിക്കുകയും ചെയ്യുന്നു വെന്നും ഞാൻ വിശ്വസിക്കുന്നു. (Evidence 174)

രസതന്ത്രത്തിലുള്ള തന്റെ അറിവിന്റെ വെളിച്ചത്തിൽ അദ്ദേഹം തന്റെ വീക്ഷണങ്ങൾ താഴെ പറയും വിധം പ്രകടിപ്പിക്കുന്നു:

പ്രകൃതിയിൽ ക്രിയാത്മകമായി ഒരു പരമ ബുദ്ധിയുണ്ടെന്ന് വിശ്വസിക്കുന്നതായി നാം സമ്മതിക്കുന്നു: അല്ലെങ്കിൽ പിന്നെ ഇതര മാർഗം നാം കാണുന്ന ഈ പ്രപഞ്ചം യാദൃച്ഛികമായുണ്ടായതാണെന്ന് വിശ്വസിക്കലാണ്. അതായത് വെറും യാദൃച്ഛികം. ജൈവ രസതന്ത്രത്തിൽ അത്ഭുതകരമായ സങ്കീർണതയും വ്യാപകമായ ക്രമവും ദർശിക്കുന്ന ഒരാൾക്ക് പ്രത്യേകിച്ച് ജീവവ്യവസ്ഥകളിൽ യാദൃച്ഛികം എന്ന ആശയം അങ്ങേയറ്റം ത്യാജ്യമാണ്. മോളിക്കൂളിന്റെ ഘടനയെ പറ്റിയും അവയുടെ പരസ്പര ബന്ധത്തെക്കുറിച്ചും പഠിക്കുന്തോറും ഒരു ആസൂത്രകന്റെ ആവശ്യകതയെക്കുറിച്ച് നമുക്ക് ബോദ്ധ്യപ്പെടും. മനുഷ്യനിർമിതമായ ഏറ്റവും ലളിതമായ ഒരു മെക്കാനിസത്തിനുപോലും ഒരു ആസൂത്രകന്റെ അഥവാ നിർമാതാവിന്റെ ആവശ്യമുണ്ടായിരിക്കണം. ഇതിനേക്കാൾ പതിനായിരം ഇരട്ടി സങ്കീർണതകളും വിഷമകരവുമായ സംവിധാനം സ്വയം വികാസം പ്രാപിച്ചതാണെന്ന് പറയുന്നത് എനിക്ക് തീരെ ഉൾക്കൊള്ളാൻ കഴിയുന്നില്ല. (Evidence 176)

പ്രകൃതി നിയമങ്ങൾ കണ്ടുപിടിക്കാൻ ശാസ്ത്രജ്ഞന്മാർ അത്യദ്ധ്വാനം ചെയ്യുന്നു. നിയമങ്ങൾ നിലനിൽക്കുന്നു എന്ന വസ്തുത തന്നെ നിയമങ്ങൾക്ക് ഒരു നിർമാണകൻ ഉണ്ട് എന്ന വസ്തുത കാണിക്കുന്നു. മിനസോവ യൂണിവേഴ്സിറ്റിയിലെ രസതന്ത്ര പ്രൊഫസറായ ഡോ. ജോൺ ക്ലീവ്ലാന്റ് കേർത്ത് എഴുതുന്നു: പദാർഥത്തേയും ഊർജത്തെയും സംബന്ധിച്ചുള്ള പഠനം ഭൂതകാലത്തും ഇപ്പോഴും കാണിക്കുന്നത് ബോധമില്ലാത്ത പദാർഥങ്ങൾ പോലും യാദൃച്ഛികമായുള്ളതല്ല എന്നും മറിച്ച് അവ കണിശമായ ചില പ്രകൃതി നിയമങ്ങൾ പാലിക്കുന്നു എന്നുമാണ്. ( Evidence.p. 38) വീണ്ടും അദ്ദേഹം പറയുന്നു: അറിവും ബുദ്ധിയുമുള്ള ഒരാൾക്ക് പറയാൻ സാധിക്കുമോ ബോധമില്ലാത്ത പദാർഥം സ്വയം തന്നെ യാദൃച്ഛികമായി ഉത്ഭവിച്ചതാണെന്ന്, ഈ വ്യവസ്ഥയെല്ലാം പിന്നെ യാദൃച്ഛികമായി സ്വയം തന്നെ അടിച്ചേൽപിക്കപ്പെട്ടതാണെന്ന്? തീർച്ചയായും അല്ല എന്ന് തന്നെയാണ് ഉത്തരം. (Evidence.p.41)

1985ൽ ഞാൻ ഇറ്റലി സന്ദർശിച്ചു. 1985 ഒക്ടോബർ 1 ന് അഹ്മദിയ്യാ ജമാഅത്തിന്റെ നാലാം ഖലീഫ ആയിരുന്ന ഹ: മിർസാ ത്വാഹിർ അഹ്മദ് (റഹ്) ഇറ്റലിയിലെ വെറോണ പട്ടണം സന്ദർശിച്ചു. ഭൗതിക ശാസ്ത്രത്തിൽ ആദ്യത്തെ മുസ്‌ലിം നോബൽ പ്രൈസ് ജേതാവും ഭക്തനുമായ അഹ്മദി അബ്ദുസ്സലാം സാഹിബ് ഹുസൂറിന്റെ ബഹുമാനാർഥം ഒരു വമ്പിച്ച സ്വീകരണം നൽകി. ശാസ്ത്രത്തെ സംബന്ധിച്ച് ഹുസൂർ (റഹ്) ചില അഭിപ്രായങ്ങൾ നൽകി ഞങ്ങളെ പ്രകാശ പൂരിതമാക്കി. അദ്ദേഹം നമ്മുടെ ശ്രദ്ധ വെള്ളത്തിന്റെ ഒരു ഗുണവിശേഷത്തിലേക്ക് ക്ഷണിച്ചു. അതായത് ജലത്തിന്റെ താപം 4 ഡിഗ്രി സെന്റിഗ്രേഡിൽ എത്തുന്നത് വരെ കുറയുമ്പോൾ ജലത്തിന്റെ സാന്ദ്രത കൂടുന്നു. താപം വീണ്ടും കുറയുമ്പോൾ സാന്ദ്രത കൂടുന്നതിന് പകരം കുറയുന്നു. ജലത്തിന്റെ ഈ അസാധാരണ വികാസം കാരണം ശിശിരകാലത്ത് സമുദ്രം ഐസ് കൊണ്ട് മൂടപ്പെട്ടാൽ സമുദ്രത്തിന്റെ അടിയിൽ ഐസുണ്ടാവില്ല. എന്തെന്നാൽ അടിയിലുള്ള ജലത്തിന്റെ സാന്ദ്രത ഐസിനേക്കാൾ കൂടുതലാണ്. അതുകൊണ്ട് കഠിനമായ ശിശിര കാലത്ത് കടലിലെ ജന്തുക്കൾ സുരക്ഷിതരാണ്. എന്തെന്നാൽ ദ്രവജലം അവക്ക് ലഭ്യമാണ്. ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്) പറഞ്ഞു: വെള്ളത്തിന്റെ ഈ പ്രത്യേക ഗുണം കാണിക്കുന്നത് ദൈവയുക്തിയാണ്. അത് ചൂണ്ടിക്കാണിക്കുന്നത് ദൈവത്തിന്റെ അസ്തിത്വമാണ്.

കാനഡയിലെ മാനിടോബ സർവകലാശാലയിലെ ജൈവ ഭൗതിക ശാസ്ത്ര പ്രൊഫസറായ ഡോ. ഫ്രാങ്ക് അല്ലൻ പ്രപഞ്ചത്തിന്റെ ഉൽപ്പത്തി യാദൃച്ഛികമോ ഒരു പദ്ധതി പ്രകാരമോ? എന്ന തന്റെ ഉപന്യാസത്തിൽ ഇതേ വിഷയത്തിൽ തന്നെ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത് കാണുക. ദൈവത്തിന്റെ അസ്തിത്വത്തിനനുകൂലമായി അദ്ദേഹം ജലത്തിന്റെ ഇതേ ഗുണത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു: അദ്ദേഹം പറയുന്നു:

നാല് എടുത്തു പറയത്തക്ക ഗുണങ്ങളാണ് ജലത്തിനുള്ളത്. താണ താപത്തിൽ അധികമായ പ്രാണവായു ആഗിരണം ചെയ്യാനുള്ള ജലത്തിന്റെ കഴിവ് 4 ഡിഗ്രി സെന്റിഗ്രേഡിലുള്ള അതിന്റെ ഏറ്റവും കൂടുതലുള്ള സാന്ദ്രത. അത് മുഖേന തടാകങ്ങളി ലേയും നദികളിലേയും ജലം ദ്രവരൂപത്തിൽ നിലനിൽക്കുന്നു. ജലത്തേക്കാൾ കുറഞ്ഞ ഐസിന്റെ സാന്ദ്രത അത് മുഖേന ഐസ് ഉപരിതലത്തിൽ നിൽക്കുന്നു. അത് തണുക്കുമ്പോൾ അധികമായ താപം പുറത്ത് വിടാനുള്ള ജലത്തിന്റെ കഴിവ്. ഇത് കാരണം ദൈർഘ്യമേറിയ ശിശിര കാലത്തും തടാകങ്ങളിലും നദികളിലും ജീവൻ സംരക്ഷിക്കപ്പെടുന്നു. (Evidence.2)

അതുപോലെ രസതന്ത്രത്തിൽ വിദഗ്ധനായ ഡോ. തോമസ് സാവിസ് പാർക്ക്സ് എന്ന ശാസ്ത്രജ്ഞൻ പറയുന്നു:

തണുക്കുന്നതിനനുസരിച്ച് ഘനം കുറയുന്ന ഏക വസ്തു ജലമാണ്. ഇത് ജീവനെ സംബന്ധിച്ചിടത്തോളം വളരെ യധികം പ്രാധാന്യമർഹിക്കുന്നതാണ്.

(Evidence.75)

ഇതേക്കുറിച്ച് നമുക്ക് ചിന്തിക്കാം. ഈ അസാധാരണ ഗുണമുള്ള ഏക വസ്തു ജലമാണ്. അതിനെ തണുപ്പിക്കുന്തോറും അതിന്റെ സാന്ദ്രത കുറയുന്നു. ഈ ഗുണം കാരണം സമുദ്രത്തിലെ ജീവൻ നിലനിൽക്കുന്നു. ഇതിൽ അഗാധമായ ബുദ്ധി ഒളിഞ്ഞു കിടക്കുന്നു എന്ന് ഒരാൾക്ക് കാണാൻ സാധിക്കില്ലേ?

കടലിലെ മത്സ്യങ്ങൾക്ക് മാത്രമല്ല എല്ലാ ജന്തുക്കൾക്കും അവയുടേതായ അനുയോജ്യമായ സംവിധാനങ്ങൾ ഉണ്ട്. വാഗ്വിലാസത്തോടെ ഇക്കാര്യം ഒരു കവിതാ രൂപത്തിൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ഉറുദുവിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിന്റെ പരിഭാഷ ഇതാണ്.

സമുദ്രത്തിലെ മത്സ്യങ്ങളും വായുവിലെ പക്ഷികളും
വീട്ടു മൃഗങ്ങളും വന്യമൃഗങ്ങളും
എല്ലാവർക്കും അവൻ ഭക്ഷണമേകുന്നു.
അവൻ തൻ നിധികൾക്കറ്റമില്ല.
അവൻ സജീവനും ജീവദായകനുമാണ്.
അവൻ നിരാശ്രയനും മറ്റുള്ളവർക്കാശ്രയം നൽകുന്നവനുമത്രെ.

നമ്മുടെ പ്രപഞ്ചം ഇപ്പോഴുള്ള അവസ്ഥയിലെത്തിയത് ദൈർഘ്യമേറിയ ഒരു പരിണാമ വികാസത്തിലൂടെയാണ്. അങ്ങേയറ്റം സൂക്ഷ്മ കണികകളായ ഇലക്ട്രോണും പ്രോട്ടോണുമുണ്ടായി. അവ ആറ്റങ്ങളും തന്മാത്രകളുമായി. അമിനോ ആസിഡുകൾ ഉൽപ്പാദിപ്പിക്കപ്പെടുകയും ജീവൻ രൂപം കൊള്ളുകയും ചെയ്തു.

മിഷിഗൺ സ്റ്റേറ്റ് സർവകലാശാലയിലെ പ്രകൃതി ശാസ്ത്ര പ്രൊഫസറായ ഇർവിങ്ങ് വില്യം നോ ബ്ലോക്ക് പറയുന്നു:

ഞാൻ ദൈവത്തിൽ വിശ്വസിക്കുന്നു...... കാരണം ആദ്യ ഇലക്ട്രോണുകളും പ്രോട്ടോണുകളും ആദ്യത്തെ ആറ്റങ്ങൾ ആദ്യത്തെ അമിനോ ആസിഡുകൾ, ആദ്യത്തെ പ്രോട്ടോ പ്ലാസം, ആദ്യത്തെ വിത്ത്, ആദ്യത്തെ തലച്ചോറ് ഇതെല്ലാം രംഗത്ത് വന്നത് വെറും യാദൃച്ഛികമാണെന്നതിനോട് ഞാൻ യോജിക്കുന്നില്ല. ഞാൻ വിശ്വസിക്കുന്നു. എന്തെന്നാൽ അവന്റെ അസ്തിത്വമാണ് മേൽ പറഞ്ഞ എല്ലാറ്റിനുമുള്ള ബുദ്ധിപരമായ വിശദീകരണം. (Evidence. p.89)

ബുദ്ധിയും ജ്ഞാനവുമുള്ള ഒരു പരമ സത്തയാണ് ഈ പ്രപഞ്ചം സൃഷ്ടിച്ചതെന്ന് നാം വിശ്വസിക്കുകയാണെങ്കിൽ നമ്മെക്കാൾ പരിഗണനീയമായ നിലയിൽ ബുദ്ധിയുള്ളവർ ജീവനില്ലാത്ത വസ്തുക്കളാണെന്ന് നാം വിശ്വസിക്കേണ്ടിവരും. എന്തെന്നാൽ അവതമ്മിലുള്ള പ്രവർത്തനവും സഹകരണവും മുഖേന സൂര്യനും ചന്ദ്രനും പർവതങ്ങളും സമുദ്രവും രൂപപ്പെടുത്താൻ കഴിയും. എന്നാൽ മനുഷ്യരായ നമുക്ക് പരസ്പരം യോജിച്ചു കൊണ്ട് ശാസ്ത്രം വളരെയേറെ പുരോഗമിച്ച ഇക്കാലത്ത് ഒരു ചെറുപ്രാണിയുടെ കാൽ പോലും നിർമിക്കാൻ സാധിക്കുകയില്ല. ചുരുക്കത്തിൽ ഈ പ്രപഞ്ചം വളരെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നത് ശക്തവാനും സർവജ്ഞാനിയുമായ ഒരു സത്തയിലേക്കാണ്.

***ആകാശ ഭൂമികൾ ആരാണ് സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിക്കുകയാണെങ്കിൽ തീർച്ചയായും അവർ പറയും ശക്തവാനും എല്ലാം അറിയുന്നവനുമായ ദൈവമാണ് സൃഷ്ടിച്ചതെന്ന്***
*(അദ്ധ്യായം 43 സൂക്തം 10)*

## പ്രകൃതിയിലെ വിവേകം

ദൈവത്തിന്റെ സൃഷ്ടിയിൽ യാതൊരു ന്യൂനതയുമില്ലെന്ന് ഖുർആൻ ഊന്നി പറയുന്നു;

***ഏഴാകാശങ്ങളേയും രമ്യമായി സൃഷ്ടിച്ചവനാണ് അവൻ. പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടി കർമത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വിടവും നീ കാണുന്നുണ്ടോ? വീണ്ടും വീണ്ടും കണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ടും ക്ഷീണിച്ചുകൊണ്ടും നിന്നിലേക്ക് തിരിച്ചു വരും (അദ്ധ്യായം 67 സൂക്തം 4,5)***

അപ്രകാരം പ്രകൃതി പ്രദർശിപ്പിക്കുന്ന കുറ്റമറ്റ വിവേകത്തിലേക്ക് വിശുദ്ധ ഖുർആൻ നമ്മുടെ ശ്രദ്ധക്ഷണിക്കുന്നു. പ്രപഞ്ചം യാദൃച്ഛികമായുണ്ടായത ല്ലെന്നും ഒരു ബുദ്ധിമാനായ സത്ത സൃഷ്ടിച്ചതാണെന്നുമുള്ള വസ്തുതയിലേക്ക് ഇത് സ്പഷ്ടമായി സാക്ഷ്യം വഹിക്കുന്നു.

1979 ൽ ഭൗതിക ശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ പ്രൊഫ. അബ്ദുസ്സലാം 1981 ൽ ഇന്ത്യ സന്ദർശിച്ചപ്പോൾ ഇല്ലസ്ട്രേറ്റഡ് വീക്കിലി ഓഫ് ഇന്ത്യ അതിന്റെ 1 - 17 - 1981 ലെ പതിപ്പിൽ അദ്ദേഹത്തെ വിശേഷിപ്പിച്ചത് ദൈവത്തിൽ അഗാധമായ വിശ്വാസമുള്ള വ്യക്തി എന്നായിരുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

യഥാർഥത്തിൽ എല്ലാ ഭൗതിക ശാസ്ത്രജ്ഞന്മാരുടെയും വിശ്വാസം ഇതുതന്നെയാണ് . നമ്മെ ഉത്തേജിപ്പിക്കുന്നതും നിലനിർത്തുന്നതുമായ വിശ്വാസം. എത്രത്തോളം അഗാധമായി നാം തേടുന്നു അത്രത്തോളം നമ്മുടെ ആശ്ചര്യം വർധിക്കുന്നു. നാം സൂക്ഷ്മതയോടെ നോക്കുന്നതിനനുസരിച്ച് നമ്മെ വിസ്മയിപ്പിക്കുന്നു. (review of religions, June 1981)

നോബൽ സമ്മാന ജേതാവും ഉന്നതനായ ഖഗോള ഊർജതന്ത്ര ശാസ്ത്രജ്ഞനുമായ പ്രൊഫ. എസ് ചന്ദ്രശേഖർ പ്രകൃതിയെ സംബന്ധിച്ച് തന്റെ വീക്ഷണങ്ങൾ പ്രകടിപ്പിക്കുന്നത് നോക്കുക.

പ്രകൃതിയിലടങ്ങിയിരിക്കുന്ന സത്യങ്ങൾ ഏറ്റവും ശക്തമായ മനസ്സുകളെ പോലും അതിരുകടക്കുന്നു. പ്രകൃതിയെ സംബന്ധിച്ച് മനസ്സിലാക്കുമ്പോൾ ഒരു തരത്തിലുള്ള മിതത്വം നിരന്തരമായ ശാസ്ത്രാന്വേഷണത്തിന് ഒരു മുന്നുപാധിയാണെന്ന് തോന്നുന്നു. (span , feb 1953) (തുടരും)

Review Of Religions may 2009
*വിവ: കെ.വി ഹസ്സൻ കോയ*

# ഒരു പുതിയ ഭൂമി പിറക്കുന്നു

എ. ക്യു. മഹ്ദി

അങ്ങനെ ഒരു പുതിയ ഭൂമി പിറക്കുകയായിരുന്നു, ആകാശവും! ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി (അ) കാലഘട്ടത്തിന്റെ സന്ദേശവാഹകനായി ദൈവദൂതനായി, വാഗ്ദാനം ചെയ്യപ്പെട്ട മസീഹായി നിയോഗിക്കപ്പെട്ടിരിക്കയാണ്.

ലോകം മുഴുവൻ ആത്മീയാന്ധത ബാധിച്ച കൂരിരുളിൽ തപ്പിത്തടയുമ്പോൾ ആ തമസ്സിനെതിരെ പ്രാപഞ്ചിക സത്യങ്ങളുടെ പുലർവെളിച്ചത്തിലൂടെ ഒരു നവയുഗത്തിന്റെ ദീപശിഖയുമായി അവതരിക്കപ്പെട്ട ദിവ്യ പുരുഷനായിരുന്നു ഹദ്റത്ത് അഹ്മദ്(അ). ആത്മീയ ജ്ഞാനത്തിന്റെ അനന്ത സാഗരത്തിൽ മുങ്ങിത്തുടിച്ചുകൊണ്ടിരുന്ന ആ ദിവ്യാത്മാവ് ഭവിഷ്യദ് വാർത്തകളുടെയും ആത്മീയ ദർശനങ്ങളുടെയും ദിവ്യപ്രകാശത്തിലൂടെ ഭൗതിക ചിന്തകന്മാരെ ഒന്നടങ്കം അമ്പരപ്പിക്കുകയും വിസ്മയഭരിതരാക്കുകയും ചെയ്തു. ഈ ആത്മസത്ത ഉൾക്കൊള്ളാനാകാതെ വന്ന സമൂഹത്തിലെ ചിലരുടെ മാത്രം ദുർഭാവനകൾ ചിറകു വിടർത്തി. ആ മഹാത്മാവിനെതിരെ ദുരാരോപണങ്ങളും കെട്ടുകഥകളും ഏഷണിയും ഭീഷണിയുമൊക്കെ പ്രയോഗിക്കാൻ തുടങ്ങി.

1890 ന്റെ അന്ത്യ ദശകം തനിക്ക് വെളിപ്പെട്ട ദിവ്യ അറിയിപ്പുകളെ ആധാരമാക്കി ഹദ്റത്ത് അഹ്മദ് (അ) സുപ്രധാനമായ ഒരു വിളംബരം നടത്താൻ തീരുമാനിച്ചു. ആ വിളംബരമാകട്ടെ, നൂറ്റാണ്ടുകൾക്കപ്പുറം മുതലുള്ള ലോകത്തിന്റെ ചരിത്രത്തെ തന്നെ മാറ്റിക്കുറിക്കുന്നു. അദമ്യമായ ആ പ്രഖ്യാപനമായിരുന്നു 1891 ൽ വാഗ്ദത്ത മസീഹ് (അ) രചിച്ച 'ഫത്ഹെ ഇസ്‌ലാം', 'തൗസിയെ മറാം' എന്നീ പുസ്തകങ്ങൾ. ആ കൃതികളിലൂടെ താൻ വാഗ്ദത്ത മസീഹായി നിയോഗി ക്കപ്പെട്ടിരിക്കയാണെന്ന് ആ മഹാത്മാവ് തുറന്നു പ്രഖ്യാപിച്ചു. അതൊരു യുഗ ദീർഘമായ മഹാസമരത്തിന്റെ സമാരംഭമായിരുന്നു.

ഇസാ നബി (അ) മരിച്ചിട്ടില്ലെന്നും ആകാശത്തിൽ ജീവിച്ചിരിക്കുന്നുവെന്നും അന്ത്യനാളിൽ സ്ഥൂല ശരീരത്തോടു കൂടി ഇറങ്ങി വരുമെന്നുമാണ് മുസ്‌ലിംകൾ പൊതുവേ വിശ്വസിച്ചു വരുന്നത്. യേശു ക്രിസ്തുവിനെ പറ്റി ക്രൈസ്തവരും ഏകദേശം സമാനമായ നിലയിൽ തന്നെയാണ് വിശ്വാസം പുലർത്തുന്നത്. യേശു ക്രിസ്തു ദൈവമാണെന്നും ദൈവ പുത്രനാണെന്നും കൂടി ക്രൈസ്തവ വിശ്വാസത്തിലുണ്ട്.

എന്നാൽ ഈ വിശ്വാസങ്ങൾ ശരിയല്ലെന്നും ഈസാ നബി (അ) മറ്റു പ്രവാചകന്മാരെ പോലെ മരിച്ചു പോയിരിക്കുന്നുവെന്നും മസീഹിബ്നു മറിയം വീണ്ടും വരുമെന്ന പ്രവചനം തന്റെ നിയോഗത്തിലൂടെ പൂർത്തികരിക്കപ്പെട്ടിരിക്കയാണെന്നും ഹദ്റത്ത് അഹ്മദ്(അ) പ്രഖ്യാപിച്ചു. തനിക്ക് ഈ വിഷയത്തിൽ സുവ്യക്തമായ വെളിപാടുണ്ടായിരിക്കുന്നതായി മേൽ സൂചിപ്പിച്ച രണ്ട് ഗ്രന്ഥങ്ങളിലൂടെ അദ്ദേഹം ലോകത്തെ അറിയിക്കുകയും ചെയ്തു. ആ മഹാത്മാവിന്റെ പല ലിഖിതങ്ങളിലും ഈ വാദം പരോക്ഷമായി ഒളിഞ്ഞു കിടക്കുന്നതായി കാണാം.

1885 ൽ ഹദ്റത്ത് മൗലാനാ ഹക്കീം നൂറുദ്ദീൻ സാഹിബിനയച്ച ഒരു കത്തിൽ ഇസ്രയേലിൽ വന്ന മസീഹ് നാസിരിയെ പോലെ വിനയാന്വിതവും ലളിതസാധാരണവുമായ മട്ടിൽ ജനോദ്ധാരണത്തിനായി താൻ നിയുക്തനായിരിക്കുകയാണെന്ന് ഹദ്റത്ത് അഹ്മദ് (അ) പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. കൂടാതെ ബറാഹീനെ അഹ്മദിയ്യാ എന്ന അദ്ദേഹത്തിന്റെ വിശ്രുതമായ ഗ്രന്ഥത്തിൽ പ്രസിദ്ധം ചെയ്ത വെളിപാടുകളിലും ഈ വസ്തുത കണ്ടെത്താൻ കഴിയുമായിരുന്നു. വ്യക്തമായ ദൈവിക വെളിപാടുകൾ വഴി താൻ ഉദ്ബുദ്ധനാക്കപ്പെടുന്നത് വരെ ഈ പ്രസ്താവനകളുടെയും വെളിപാടുകളുടെയും ആന്തരാർഥം തനിക്ക് തന്നെ മനസ്സിലായിരുന്നില്ല എന്ന് ആ മഹാത്മാവ് വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിൽ നിന്ന് അറിയിപ്പ് ലഭിച്ചതോടെ അവയൊക്കെയും പകൽ വെളിച്ചം പോലെ തനിക്ക് മുമ്പിൽ പ്രത്യക്ഷമായി എന്നും അദ്ദേഹം പ്രഖ്യാപിക്കുകയുണ്ടായി.

**1890 ന്റെ അന്ത്യ ദശകം തനിക്ക് വെളിപ്പെട്ട ദിവ്യ അറിയിപ്പുകളെ ആധാരമാക്കി ഹദ്റത്ത് അഹ്മദ് (അ) സുപ്രധാനമായ ഒരു വിളംബരം നടത്താൻ തീരുമാനിച്ചു. ആ വിളംബരമാകട്ടെ, നൂറ്റാണ്ടു കൾക്കപ്പുറം മുതലുള്ള ലോകത്തിന്റെ ചരിത്രത്തെ തന്നെ മാറ്റിക്കുറിക്കുന്നു.**

മേൽ വിവരിച്ച പുസ്തക ത്തിലും ഫത്ഹെ ഇസ്‌ലാം എന്ന ഗ്രന്ഥത്തിലും ഇസ്‌ലാമിന്റെ ശോചനീയാവസ്ഥയും അതിനെ തിരിൽ ക്രൈസ്തവ പുരോഹിതന്മാ രുടേയും മറ്റു പ്രവർത്തനങ്ങളു ടെയും ഇസ്‌ലാമിന്റെ സംരക്ഷണ ത്തിനുമൊപ്പം പ്രതിയോഗി കളുടെയും എതിർ സിദ്ധാന്തങ്ങളെ പ്രതിരോധിക്കാനും വേണ്ടി പ്രവർത്തിക്കേണ്ട ആവശ്യകതയെ സംബന്ധിച്ചും അതിനുള്ള മാർഗ നിർദേശങ്ങളെക്കുറിച്ചും ഹദ്റത്ത് അഹ്മദ് (അ) വിവരിക്കുക യുണ്ടായി. അതോടൊപ്പം ഈ കാലഘട്ടത്തിന്റെ പ്രത്യേകതകളെ യും പ്രാധാന്യത്തെയും കുറിച്ചും ഊന്നിപ്പറയുകയും തന്റെ ആവിർ ഭാവം നിലവിലുള്ള അന്ധകാരത്തെ തട്ടി നീക്കുവാനായി ദൈവത്തിൽ നിന്ന് വെളിപ്പെട്ട ഐന്ദ്രജാലികമായ അത്ഭുത ദൃഷ്ടാന്തം ആണ് എന്ന് സൂചിപ്പിക്കുകയും ചെയ്തു.

ആ സുപ്രധാന പ്രസ്താ വന അദ്ദേഹം ഇപ്രകാരം തുടരുന്നു.

നിങ്ങൾ വിശ്വാസികളാക ണമെങ്കിൽ ദൈവത്തിന് കൃതജ്ഞ ത അർപ്പിക്കുവീൻ ..... നന്ദിസൂച കമായി സാഷ്ടാംഗം പ്രണാമം ചെയ്യാൻ ഏതൊരു കാലത്തെ കാത്ത് നിങ്ങളുടെ മുൻ തലമുറ കളും വന്ദ്യന്മാരായ പിതാക്കന്മാരും കഴിഞ്ഞുകൂടുകയും എണ്ണമറ്റ ആത്മാക്കൾ ആ നന്മയിൽ തന്നെ യാത്രപുറപ്പെടുകയും ചെയ്തുവോ, ആ അനുഗൃഹീത കാലഘട്ടത്തി ലാണ് നിങ്ങളിന്നു ജീവിക്കുന്നത്. അതിനെ അംഗീകരിക്കുക. അതിൽ നിന്ന് ഫലം കൊയ്യുകയോ കൊയ്യാ തിരിക്കുകയോ എന്തു വേണമെങ്കി ലും നിങ്ങൾക്ക് ചെയ്യാം. എന്നാൽ ഞാൻ നിങ്ങളുടെ മുമ്പിൽ ആവർത്തിച്ചുകൊണ്ടേയിരിക്കും. അത് തുറന്ന് വെളിപ്പെടുത്താതി രിക്കാൻ എനിക്കാവില്ല. യഥാസമ യം യഥാകാലം തന്നെ ലോകോദ്ധാ രണാർഥം അയക്കപ്പെട്ടവനത്രെ ഞാൻ. ജനഹൃദയങ്ങളിൽ മതത്തെ പുനസ്ഥാപിക്കാൻ വേണ്ടി ഞാൻ നിയോഗിക്കപ്പെട്ടിരിക്കുന്നു. മൂസാ നബി(അ)ക്ക് ശേഷം അയക്കപ്പെട്ട താരോ ഹെരോദോവിന്റെ ഭരണ കാലത്ത് കഠിനാനുഭവങ്ങൾക്ക് ശേഷം ആരുടെ ആത്മാവ് സ്വർഗത്തേക്ക് അയക്കപ്പെട്ടുവോ, അവരുടെ സമാന രീതിയിൽ തന്നെയാണ് ഞാനും ഉൽബോധനം ചെയ്തിട്ടുള്ളത്. അതിനാൽ എന്നെ നിഷേധിക്കുന്ന കാര്യത്തിൽ ധൃതിപ്പെടായ്‌വീൻ. അന്ധത ബാധിച്ച മാനസികഭാവമുള്ള വരും പഴയ വിശ്വാസ പ്രതീക്ഷയിൽ അതിരറ്റ് കുടുങ്ങി പോയവരും എന്നെ സ്വീകരിക്കില്ല. എന്നാലവ രുടെയെല്ലാം തെറ്റുകൾ സ്വയം തെളിയുമാറാകുന്ന കാലം ഇതാ വരുന്നു. ഞാനിതോടൊപ്പം ചേർക്കു ന്ന വാക്കുകൾ കൂടി ശ്രദ്ധയോടെ കേൾക്കുക. ലോകത്ത് ഒരു താക്കീ ത്കാരൻ വന്നു. ലോകം അദ്ദേഹ ത്തെ സ്വീകരിച്ചില്ല. എന്നാൽ ദൈവം അദ്ദേഹത്തെ സ്വീകരിക്കു കയും അംഗീകരിക്കുകയും ശക്തി മത്തായ ആക്രമണങ്ങളാൽ അദ്ദേഹ ത്തിന്റെ സത്യതയെ വെളിപ്പെടു ത്തുകയും ചെയ്യും.

നോക്കൂ ഇത് മനുഷ്യന്റെ വാക്കല്ല. ദൈവത്തിന്റെ വെളിപാടും സ്രഷ്ടാവിന്റെ വചനവുമാണ്. ദൈവനിഷേധികൾക്കായുള്ള സർവശക്തന്റെ ആക്രമണങ്ങളുടെ കാലം വിദൂരമല്ല എന്നു ഞാൻ വിശ്വസിക്കുന്നു. മുന്നറിയിപ്പും നൽകുന്നു. സത്യത തെളിയിക്കാൻ ഖഡ്ഗങ്ങളുടെ ആവശ്യമില്ല. അതിനായി തോക്കുകളും വേണ്ടി വരില്ല. ആത്മീയമായ ആയുധങ്ങ ളോടു കൂടിയ ദൈവിക സാഹചര്യ ങ്ങൾ വഴി മാത്രമായിരിക്കും ഇനിയതുണ്ടാകുക. അങ്ങനെ സത്യം വിജയിക്കുകയും മുൻകാല ങ്ങളിലുണ്ടായിരുന്ന ആപുതുമ യോടെ, പ്രകാശത്തോടെ ഇസ്‌ലാമി ന് വീണ്ടും വിജയം ഉണ്ടാകുകയും ചെയ്യും.

ഫത്ഹെ ഇസ്‌ലാം എന്ന പുസ്തകം അച്ചടിച്ച അമൃത്സറിലെ റിയാസെ ഹിന്ദ് പ്രസ്സിൽ അതിന്റെ പ്രിന്റിങ്ങ് ജോലി നടന്നു കൊണ്ടിരി ക്കെ, ഒരു ദിവസം മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി അമൃത്സറി ലെ ത്തുകയും പ്രസ്സിൽ വെച്ച് ഈ പുസ്തകത്തിന്റെ ചില ഭാഗങ്ങൾ വായിക്കാനിടയാവുകയും ചെയ്തു. അത് വായിച്ചതോടെ അദ്ദേഹത്തിന് വല്ലാത്തൊരു ഭാവപകർച്ചയും മാനസിക അസ്വസ്ഥതയും അനുഭ വപ്പെട്ടു. ഹദ്റത്ത് അഹ്മദ് (അ) ന്റെ വളരെ അടുത്ത ഒരു ആത്മമിത്രമാ യിരുന്നുവല്ലോ ഒരിക്കലദ്ദേഹം. അടുത്ത സുഹൃത്തായിരുന്നിട്ടും മസീഹ് വാദത്തെ പറ്റി തന്നോട് ആലോചില്ല എന്നത് മാത്രമായിരു ന്നു മൗലവി സാഹിബിന്റെ ഈ പരാതിക്കും അകൽച്ചക്കും കാര ണം. ഹദ്റത്ത് അഹ്മദ് (അ) അത്തരത്തിലുള്ള പുസ്തകമെഴു തുന്നുണ്ടെന്ന് ശ്രുതി പുറത്ത് പരക്കുകയും അതെ പറ്റി ആരോ മുഹമ്മദ് ഹുസൈൻ സാഹിബിനോ ട് പറയുകയും ചെയ്തിരുന്നു. അതു കേട്ടപ്പോൾ മൗലവി സാഹിബിന് ഭാവപകർച്ച ഉണ്ടാകുകയും അദ്ദേ ഹം നീരസം രേഖപ്പെടുത്തുകയും ചെയ്തിരുന്നു.

ഫത്ഹെ ഇസ്‌ലാം പ്രസി ദ്ധീകരിക്കപ്പെട്ടു. അത് ജനശ്രദ്ധ ആകർഷിക്കുകയും വിശ്വാസിക ളിൽ ഒരു ആത്മീയ ചൈതന്യം പകരുകയും ചെയ്തു. ഫത്ഹെ ഇസ്‌ലാമിൽ അടങ്ങിയ പുതിയ വാദങ്ങളും ഈസാനബി (അ) യെ കുറിച്ചുള്ള വിശ്വാസവും മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവിയെ അരിശം കൊള്ളിച്ചു. ഹദ്റത്ത് അഹ്മദ് (അ) ന്റെ ഏറ്റവും അടുത്ത സ്നേഹിതനും ആരാധകനുമായി രുന്ന മൗലവി സാഹിബ് ഇപ്പോളദ്ദേ ഹത്തിന്റെ കഠിന ശത്രുവായി മാറിയിരിക്കയാണ്. ഹുസൂർ തിരുമ നസ്സിന്റെ എതിരാളികളും മറ്റു മൗലവി പ്രഭൃതികളും ഉലമാക്കളും ഈ അവസരം ഒട്ടും പാഴാക്കിയില്ല. ഹുസൂറിനെ അർഹിക്കുന്നതിലധി കം സ്തുതിച്ച് അദ്ദേഹത്തിന്റെ പേരും പ്രശസ്തിയും ഉയർത്തിക്കാ ട്ടിയത് ഹുസൈൻ ബട്ടാലവി തന്നെയാണന്ന് അവർ കുറ്റപ്പെടു ത്തി. മൗലവി സാഹിബിനെ സ്വാധീനിച്ച് തങ്ങളുടെ നേതാവായി

സ്വീകരിച്ചാൽ ഹദ്റത്ത് അഹ്മദി (അ) നെതിരെ ആഞ്ഞടിക്കാൻ അത് നല്ലൊരു ആയുധമാക്കാൻ കഴിയുമെന്നു ധരിച്ച് ഉലമാക്കന്മാർ ഒത്തുചേർന്ന് ബട്ടാലവി സാഹിബിനെ തങ്ങളുടെ നേതാവായി അഭിഷേകം ചെയ്തു. ഉലമാക്കൾക്ക് ഇതൊരു അവസരവും, ബട്ടാലവി സാഹിബിന് ഒരു സന്തോഷകരമായ കാര്യവുമായി.

മൗലവി ബട്ടാലവി സാഹിബ്, ഹ്ദറത്ത് അഹ്മദ് (അ) നെതിരെ ഗൂഢമായി കരുക്കൾ നീക്കാനാരംഭിച്ചു. അസൂയയും വിദ്വേഷവും മാത്രമാണ് ബട്ടാലവി സാഹിബിനെ ഹുസൂറിനെതിരായി തീർത്തത്.

1891 ജനുവരി 31ന് മൗലവി സാഹിബ് ഹുസൂറിനയച്ച ഒരു കത്തിൽ ഇപ്രകാരം എഴുതി ചോദിച്ചു.

താങ്കളോടൊരു ചോദ്യം ചോദിക്കട്ടെ. ഈ വാദം മുഖേന താങ്കൾ ഉദ്ദേശിച്ചിട്ടുള്ളത് ഖിയാമത്തിന് മുമ്പ് വരുമെന്ന് ഖുർആനിലും ഹദീസിലും വാഗ്ദത്തം ചെയ്യപ്പെട്ട ഇബ്നു മറിയം അല്ല വാഗ്ദത്ത മസീഹ് എന്നും അത് താങ്കളാണെന്നും തന്നെയാണോ എന്നാണെന്റെ ചോദ്യം. മറുപടിയിൽ ഒന്നുകിൽ **'അതെ'** അല്ലെങ്കിൽ **'അല്ല'** എന്ന രണ്ടിലൊരുത്തരം മാത്രം മതി വിശദീകരണമൊന്നും എനിക്കാവശ്യമില്ല.

ഒരാഴ്ച്ചക്കകം 1891 ഫെബ്രുവരി 5ന് ഹദ്റത്ത് അഹ്മദ്(അ) ഇതിന് വിശദീകരണം നൽകി. താങ്കളുടെ ചോദ്യത്തിന് അതെ എന്നു മാത്രം പറഞ്ഞാൽ മതിയെന്നു ഞാൻ കരുതുന്നു. ഇതായിരുന്നു ഹുസൂറിന്റെ ഒറ്റവാക്കിലുള്ള മറുപടി. ഈ മറുപടി മൗലവി ഹുസൈൻ സാഹിബിന്റെ ഇശാഅത്തുസ്സുന്ന: എന്ന പത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഈ പ്രസ്താവന പുറത്തു വന്നതോടെ ഹദ്റത്ത് അഹ്മദി (അ) നെതിരെയുള്ള രാജ്യവ്യാപകമായ പ്രതിഷേധങ്ങളുടേയും എതിർപ്പിന്റേയും ശക്തി നന്നേ വർധിച്ചു. താൻ പല്ലും നഖവും ഉപയോഗിച്ച് എതിർക്കുവാനാണ് തീരുമാനിച്ചതെന്നും മൗലവി സാഹിബ് ഹുസൂറിന് തുറന്നെഴുതി. ആ കത്തു കിട്ടിയപ്പോൾ ഹുസൂറാകട്ടെ തന്റെ ഫത്ഹെ ഇസ്ലാം, തൗസിയെ മറാം എന്നീ രണ്ട് പുസ്തകങ്ങളും മൗലവി സാഹിബിനയച്ചു കൊടുത്തു. ഒപ്പം ഒരു കത്തും വച്ചിരുന്നു. കത്തിൽ ഹുസൂർ തിരുമനസ്സ് ഇങ്ങനെ എഴുതി:

ജയമോ പരാജയമോ എനിക്ക് പ്രശ്നമല്ല. ആത്മാർപ്പണവും അനുസരണയുമുള്ള ഒരു ദൈവ ദാസനായിരിക്കാൻ മാത്രമേ എനിക്ക് മോഹമുള്ളു. താങ്കളെപ്പോലെയുള്ള ചങ്ങാതിമാർ എന്റെ ശത്രുക്കളായി തീർന്നതിൽ എനിക്ക് തെല്ലും ഉത്കണ്ഠയും വ്യസനവുമില്ല. എന്തെന്നാൽ എന്റെ ഈ നടപടികൾ സത്യത്തിന് വേണ്ടിയുള്ളതായിരിക്കുമെന്ന് എനിക്ക് വിശ്വാസമുണ്ട്. ഞാൻ ഏകനാണെന്നും അല്ലാഹു എന്റെയൊപ്പമുണ്ടെന്നും എനിക്ക് വിശ്വസമുണ്ട്. ഞാൻ ഏകനാണെന്നും അല്ലാഹു എന്റെയൊപ്പമുണ്ടെന്നും എന്റെ കൈവള്ളയിൽ ഞാൻ സ്വയം എഴുതിക്കൊണ്ടിരിക്കുന്നതായി ഇന്നലെയൊരു ദർശനത്തിൽ കാണുകയുണ്ടായി. ഞാൻ താങ്കൾക്ക് വേണ്ടി പ്രാർഥിച്ചു കൊണ്ടിരിക്കും. എങ്കിലും താങ്കൾക്ക് ദൈവത്തിൽ നിന്ന് വിധിക്കപ്പെട്ടതെന്തോ അത് പൂർത്തീകരിക്കപ്പെടേണ്ടതുണ്ടല്ലോ?

മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി കൂടുതൽ ശക്തമായി എതിർപ്പുകളുമായി രംഗത്ത് തുടരുകയാണുണ്ടായത്. തന്റെ ഇശാഅത്തുസ്സുന്ന: എന്ന പത്രം വഴി ഉലമാക്കളെയും ബഹുജനങ്ങളെയും ഹദ്റത്ത് അഹ്മദി(അ)നെതിരായി തീർക്കാനുള്ള നിരന്തര ശ്രമത്തിൽ മൗലവി ഏർപ്പെട്ടു . ഖാദിയാനി ഫിത്ന മുസ്ലിംകളുടെ മതത്തിലും സമാധാനപരമായ ജീവിതത്തിലും ശക്തിമത്തായ വിപ്ലവം സൃഷ്ടിക്കുമെന്നും പേടിക്കേണ്ടതിനാൽ ഭാവിയിൽ അതിനെ ബോധപൂർവം എതിർക്കുന്നതിനായി തന്റെ പത്രപംക്തികൾ ഉഴിഞ്ഞിട്ടിരിക്കുന്നുവെന്ന് മൗലവി പ്രഖ്യാപിച്ചു. ഈ പ്രഖ്യാപനം പുറത്തു വന്നതോടെ രാജ്യത്തുടനീളം ഹദ്റത്ത് അഹ്മദ് (അ) നെതിരെ ശക്തമായ വിദ്വേഷ കൊടുങ്കാറ്റ് ആഞ്ഞു വീശിത്തുടങ്ങി.

ഇതിനകം ഹുസൂർ തിരുമനസ്സിന്റെ ഒരു പ്രഖ്യാപിത ശത്രുവായി തീർന്ന് കഴിഞ്ഞിരുന്ന ബട്ടാലവി സാഹിബ് അദ്ദേഹം പ്രവാചക ശത്രുക്കളുടെ ശാപഗ്രസ്തമായ നേതൃത്വ നിരയിലേക്ക് സ്വയം ചെന്നു ചാടുകയായിരുന്നു. അദ്ദേഹത്തെ സത്യത്തിലേക്ക് അടുപ്പിക്കുന്നതിന് വിവിധ മാർഗങ്ങളിൽ പരിശ്രമിച്ചെങ്കിലും തന്റെ അഹന്തയും അഹംഭാവവും ഔദ്ധത്യവും കാരണം മൗലവി സാഹിബ് ഹദ്റത്ത് അഹ്മദ് (അ) ന്റെ ബദ്ധവൈരിയായി തന്നെ നിലകൊണ്ടു. പ്രവാചകന്മാരുടെ ശത്രുക്കൾ ഏതു കാലത്തും സ്വീകരിച്ചു വന്ന എല്ലാ ദുഷിച്ച അടവുകളും ഒന്നൊഴിയാതെ ഈ മനുഷ്യനും പ്രയോഗിച്ചു വന്നു. ഹിസ്റ്റീരിയ ബാധിച്ചവനെ പോലെ അദ്ദേഹം പരക്കം പായുകയും ഹുസൂറിനെതിരെ ഓരോ രംഗത്തും ആക്രമണങ്ങൾ അഴിച്ചു വിടാൻ ശ്രമിക്കുകയും ചെയ്തു. മാത്രമല്ല ആ മഹാത്മാവിന്റെ സദ് വചനങ്ങൾ കേൾക്കുന്നതിൽ നിന്ന് ജനങ്ങളെ തടയുകയും ചെയ്തു മൗലവി സാഹിബ്.

എന്നാൽ ഒടുവിൽ സത്യത്തിന്റെ വിരോധികൾക്കും നിഷേധികൾക്കും ഉണ്ടായ അതേ അനുഭവം, ആ കടുത്ത പരാജയം ഒരു മഹാദുരന്തത്തിന്റെ രൂപത്തിൽ അദ്ദേഹത്തെയും അനുയായികളെയും തേടി വന്നു. അങ്ങനെ അതു സംഭവിച്ചു. മൗലവി ഹുസൈൻ ബട്ടാലവിയുടെ ദയനീയ പരാജയം ദൈവ നിശ്ചയം തന്നെയായിരുന്നു. അത് നിറവേറ്റപ്പെടുകയും ചെയ്തു. അക്കാലത്തെ നിഷേധികൾക്ക് ഒരു ഉത്തമ പാഠവും ദൃഷ്ടാന്തവുമായി തീരുകയും ചെയ്തു. ●

വിവാഹ മോചനവും ലിംഗസമത്വവും ഇന്ത്യൻ വ്യക്തിനിയമത്തിൽ 13

# ഖുലാ: വികലവീക്ഷണങ്ങൾ

**ഇഷ്ടമില്ലാത്ത വിവാഹ ജീവിതത്തിൽ നിന്ന് വിടുതൽ നേടാൻ പുരുഷനെ പോലെ തന്നെ സ്ത്രീയെയും അനുവദിക്കുന്ന ഇസ്‌ലാമിലെ വിവാഹ മോചന നിയമമാണ് ഖുലാ. മുസ്‌ലിം സ്ത്രീക്ക് സ്വതന്ത്രമായി നിർവഹിക്കാൻ ഇസ്‌ലാം അനുവദിച്ചിട്ടുള്ള അന്യാദൃശമായ ഈ സ്വാതന്ത്ര്യം ഇല്ലാതാക്കുന്ന രീതിയിലാണ് ഇന്ത്യയിലെ മുസ്‌ലിം നിയമ ശാസ്തികൾ ഖുല നിയമത്തെ വ്യാഖ്യാനിക്കുന്നത്.**

ഡോ. കൗസർ എടപ്പകത്ത്

**ഖു**ലയുടെ വിഷയത്തിൽ വിവാഹ പങ്കാളികൾക്കുള്ള അവകാശങ്ങളെ പറ്റിയോ ചുമതലകളെ സംബന്ധിച്ചോ വിശുദ്ധ ഖുർആനിലോ ഹദീസിലോ വ്യക്തമായ കൽപനകളൊന്നുമില്ല. ആയതിനാൽ ഈ വിഷയത്തിൽ മുസ്‌ലിം നിയമജ്ഞന്മാർ തമ്മിൽ വലിയ അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നു. വിവാഹം ഭാര്യയും ഭർത്താവും തമ്മിലുള്ള ഒരു കരാർ എന്ന നിലക്ക് അത് മുഖേന തന്നെ വിവാഹ ബന്ധത്തിലെ ഒരു കക്ഷിയായ ഭാര്യക്ക് ലഭിക്കുന്ന മോചനമാണ് ഖുല എന്നാണ് ചില നിയമജ്ഞന്മാർ ചിലപ്പോഴെല്ലം വിശദീകരിച്ചിട്ടുള്ളത്. ഖുല എന്നത് പരസ്പര സമ്മതത്തോടെ നടത്തുന്ന വിവാഹ മോചനമായിട്ടാണ് ഇന്ത്യയിൽ വ്യാപകമായി തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്നത്.

തലാഖും ഖുലയും തികച്ചും വ്യത്യസ്തമാണ്. മുബാറാത്ത് എന്നത് പോലെയാണ് മിക്ക മുസ്‌ലിം നിയമ പാഠപുസ്തക രചയിതാക്കളും ഖുലയെ കാണുന്നത്. അവർ ഈ വിഷയം ചർച്ച ചെയ്യുന്നത് തന്നെ ‘പരസ്പര സമ്മതത്തോടു കൂടിയുള്ള വിവാഹ മോചനം’ എന്ന തലവാചകത്തിന് കീഴിലാണ്. വിവാഹ ബന്ധത്തിൽ നിന്ന് വിടുതി നേടാൻ വേണ്ടി ഭാര്യ ഭർത്താവിനോട് ആവശ്യപ്പെടുകയും ഭർത്താവ് അതിന് അനുവദിക്കുകയുമാണെങ്കിൽ ഭർത്താവിന് നഷ്ട പരിഹാരം നൽകികൊണ്ട് ഭാര്യ നേടുന്ന വിവാഹ മോചന മാണ് ഖുല എന്നാണ് മുല്ല ഖുലയെ വിശദീകരിക്കുന്നത്.[11] ജസ്റ്റീസ് എസ്.എ. ഖാദറിന്റെ അഭിപ്രായത്തിൽ ഖുലയുടെ രൂപത്തിലുള്ള വിവാഹ മോചനം ഭർത്താവിന്റെ സമ്മതത്തിന് വിധേയമാണ്. ഭർത്താവിന്റെ അനുവാദമില്ലാതെ ഖുലയിൽ വിവാഹ മോചനം സാധ്യമല്ല.[12] നാസിം അക്തറിന്റെ അഭിപ്രായത്തിൽ ഖുല പ്രാബല്യ ത്തിലാവണമെങ്കിൽ ഭാര്യയുടെയും ഭർത്താവിന്റെയും ഇരുവരുടേയും പൊതു സമ്മതം അനുപേക്ഷണീയമാണ്.[13] ഫൈസി ദമ്പതിമാരുടെ പൊതു സമ്മതം ഖുലയുടെ മുന്നുപാധിയാണെന്ന് കരുതുന്നു.[14] തയ്യബ്ജിയുടെ അഭിപ്രായത്തിൽ ഖുല മുബാറാത്ത് പോലെയാണ്. അതായത് വിവാഹ പങ്കാളികൾ തമ്മിൽ കരാർ പ്രകാരം വിവാഹ ബന്ധം പിരിയാം.[15] ഭർത്താവിന്റെ സമ്മതം ഖുലക്ക് വ്യക്തമായും ആവശ്യമാണെന്നാണ് ലൂസി കരോൾ പറയുന്നത്.[16] എസ് എ എം മൊഹ്‌യുദ്ദീൻ പരസ്പര സമ്മതത്തോടു കൂടിയുള്ള വിവാഹ മോചനമാണ് ഖുല എന്നാണ് പറയുന്നത്. പക്ഷേ അത് ഭാര്യയുടെ അപേക്ഷ പ്രകാരമായിരിക്കും.[17]

ഖുലയെ മുബാറാത്ത് ആയി പരിഗണിക്കാൻ വളരെ പ്രയാസമാണ്. പ്രവാചകന്റെയും ഖലീഫമാരുടെയും തീരുമാനങ്ങളും ഖുർആന്റെ 2:228,229 വചനങ്ങളിലും വ്യക്തമായും തെളിയുന്നത് ഖുല എന്നത് ഭാര്യയുടെ ഭാഗത്ത് നിന്ന് മാത്രമുള്ള അപേക്ഷയിന്മേൽ നടക്കുന്ന വിവാഹ മോചനമാണ് എന്നാണ്. മൗലാനാ അബുൽ അഅ്‌ലാ മൗദൂദിയുടെ പ്രശസ്തമായ *ഹുഖൂഖത്ത് ലൗജയ്ൻ* എന്ന പുസ്തകത്തിൽ ഖുലയെ സംബന്ധിച്ച് ഈ ദുർവ്യാഖ്യാനത്തെ നിരാകരിക്കുന്നു. അദ്ദേഹം പറയുന്നു:

വിവാഹ മോചനത്തിനായുള്ള അവകാശത്തിൽ സ്ത്രീയും

പുരുഷനും ഒരു പോലെ സുന്ദര മായ ഒരു സമത്വം ഇസ്‌ലാമിക നിയമം പാലിക്കുന്നു. ഖുലയുടെ ഈ അവകാശം പ്രായോഗികമായി നാം സ്ത്രീകൾക്ക് നിഷേധിക്കു ന്നത് വമ്പിച്ച ഭോഷത്വമാണ്. ഖുല യെ ശരീഅത്ത് നിയമം തലാഖിന് സമമായി കാണുന്നത് തികച്ചും അനിസ്‌ലാമികമാണ്. സ്ത്രീകൾക്ക് വിവാഹ മോചനത്തിനുള്ള ഈ അവകാശം നിഷേധിക്കുന്നത് നാം ശ്രദ്ധിക്കാതെ പോകുന്നു. ഖുലക്ക് ഭർത്താവിന്റെ സമ്മതമോ ഖാസി യുടെ വിധിയോ വേണമെന്ന് പറയുന്നത് തീർച്ചയായും ശരീഅ ത്ത് നിയമത്തെ പരിഹസിക്കലാണ്. ഈ വിധത്തിൽ മുസ്‌ലിം സ്ത്രീയു ടെ അവകാശം അപഹരിക്കപ്പെട്ട തിന് ഒരിക്കലും ഇസ്‌ലാമിക നിയമം ഉത്തരവാദിയല്ല.[18]

## ഖുലക്ക് കാരണം ബോധിപ്പിക്കണമോ?

ഖുല പ്രകാരം മുസ്‌ലിം സ്ത്രീക്ക് ഭർത്താവിനെ വിവാഹ മോചനം ചെയ്യാൻ എന്തെങ്കിലും കാരണം ബോധിപ്പിക്കേണ്ടതുണ്ടോ? ഈ വിഷയത്തിലും തലാഖിൽ എന്ന പോലെ അഭിപ്രായ വ്യത്യാസ ങ്ങളുണ്ട്. ഫത്‌വാ ആലംഗീരിയിൽ അത് ഇപ്രകാരം വിവരിച്ചിരിക്കുന്നു:

വിവാഹിതരായ ദമ്പതി മാരിൽ അഭിപ്രായ വ്യത്യാസങ്ങൾ ഉടലെടുക്കുകയും ദൈവിക നിയമം അനുശാസിക്കുന്ന വിധം താന്താങ്ങ ളുടെ വൈവാഹികമായ കടമകൾ നിറവേറ്റാൻ കഴിയുന്നില്ല എന്ന് ബോദ്ധ്യം വരുകയും ചെയ്താൽ ഭാര്യ ഭർത്താവിന് എന്തെങ്കിലും സമ്പത്ത് പകരമായി നൽകി ഭർത്താവിൽ നിന്ന് ഖുല വാങ്ങാവു ന്നതാണ്. അവർ ഇപ്രകാരം നിർവ ഹിക്കുകയാണെങ്കിൽ തലാഖുൽ ബായിൻ നടന്നു കഴിഞ്ഞതായി കണക്കാക്കാം.[19]

ഫുർഖാൻ അഹ്മദിനും ഈ അഭിപ്രായം തന്നെയാണുള്ളത്. വളരെയേറെ നിർബന്ധിത സാഹച ര്യത്തിൽ മാത്രമേ ഖുലയിൽ അഭയം തേടാൻ പാടുള്ളൂ എന്ന സമീപനവും അദ്ദേഹം പുലർത്തു ന്നു. അല്ലാഹുവിന്റെ പരിധിയെ സംബന്ധിച്ച് നല്ല ബോദ്ധ്യം ഇക്കാര്യത്തിൽ ആവശ്യമാണ്.[20]

അമീർ അലി ഖുലയെ നിർവചിക്കുന്നത് ഇപ്രകാരമാണ്. ഭാര്യക്ക് ഭർത്താവിനോടുള്ള വെറുപ്പു കൊണ്ടോ ഇഷ്ടക്കേടു കൊണ്ടോ ഭർത്താവിനോടുള്ള കടമകൾ നിറവേറ്റാൻ കഴിയാതെ വരുമ്പോൾ വിവാഹ മൂല്യമോ അല്ലെങ്കിൽ വല്ല സ്വത്തോ നൽകി വിവാഹ ബന്ധം അവസാനിപ്പിക്കു ന്നതിനെയാണ് **ഖുലാ** എന്ന് പറയുന്നത്.[21]

സർക്കാറും ഇതേ അഭിപ്രാ യം തന്നെയാണ് വെച്ച് പുലർത്തു ന്നത്. ഭാര്യക്ക് ഭർത്താവിനോട് വെറുപ്പുണ്ടെങ്കിൽ വിവാഹ മോചന ത്തിന് അതൊരു കാരണമാണ്.[22]

മുസ്‌ലിം നിയമത്തിന്റെ എല്ലാ വശങ്ങളിലും യഥാർഥത്തി ലുള്ള ഖുർആനിക ചൈതന്യം നിലനിർത്തിക്കൊണ്ട് യുക്തിപര മായ നിലപാട് സ്വീകരിക്കുന്ന താഹിർ മഹ്മൂദിന്റെ വീക്ഷണ ത്തിൽ ഖുല ചെയ്യാനുള്ള ഭാര്യയു ടെ തീരുമാനത്തിന് യാതൊരു കാരണവും ബോധിപ്പിക്കേണ്ടതില്ല. ഖുർആനിക കൽപ്പനയുടെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ താഹിർ മഹ്മൂദ് ഈയൊരു വിഷയ ത്തിൽ പ്രകടിപ്പിച്ച അഭിപ്രായം പൂർണമായും ശരിയാണെന്ന് തോന്നുന്നില്ല. ഖുലയുടെ അടിസ്ഥാ നം ഖുർആന്റെ കൽപ്പനയാണെണ് നാം നേരത്തെ കണ്ടതാണല്ലോ. അത് ഇപ്രകാരം വായിക്കാം.

അല്ലാഹുവിന്റെ നിയമ പരിധികളെ പാലിക്കാൻ കഴിയുക യില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നു വെങ്കിൽ അപ്പോൾ എന്തു നൽകി കൊണ്ട് അവൾ (വിവാഹ) മോചനം നേടുന്നുവോ അതില വർക്ക് ഇരുവർക്കും കുറ്റമൊന്നു മില്ല.[23]

അല്ലാഹുവിന്റെ നിയമ പരിധികളെ പാലിക്കാൻ കഴിയുക യില്ലെന്ന് നിങ്ങൾ ഭയപ്പെടുന്നുവെ ങ്കിൽ എന്ന ഈ വചനം വളരെ ശ്രദ്ധേയമാണ്. അതായത് ദമ്പതി മാർ ദൈവത്തിന്റെ കൽപ്പന പ്രകാരം ഒന്നിച്ച് ജീവിക്കാതിരി ക്കുകയോ ജീവിക്കാൻ കഴിയാതെ വരികയോ ചെയ്യുന്നുവെങ്കിൽ മാത്രമേ ഖുല അനുവദനീയമാകുക യുള്ളൂ.

ഹദ്റത്ത് സുഅ്ബാൻ നിവേദനം ചെയ്ത ഒരു ഹദീസിൽ പറയുന്നത്: അല്ലാഹുവിന്റെ ദൂതൻ ഇപ്രകാരം താക്കീത് നൽകുകയു ണ്ടായി:

മതിയായ കാരണമില്ലാതെ തന്റെ ഭർത്താവിൽ നിന്ന് വിവാഹ മോചനമാവശ്യപ്പെടുന്ന സ്ത്രീക്ക് സ്വർഗത്തിന്റെ സുഗന്ധം നിഷേധി ക്കപ്പെട്ടിരിക്കുന്നു.[24]

## ഖുല: ഇന്ത്യൻ നിയമത്തിൽ

ഖുലയുടെ രൂപത്തിലുള്ള വിവാഹ മോചനത്തെപറ്റിയും ഇന്ത്യൻ നിയമത്തിൽ പ്രതിപാദിച്ചി ട്ടുണ്ട്.

1937 ലെ മുസ്‌ലിം പേഴ്സ ണൽ ലോ ആപ്ലിക്കേഷൻ ആക്റ്റ് പ്രത്യേകമായി ഭാര്യയുടെ ഭാഗത്ത് നിന്നുള്ള വിവാഹ മോചനത്തെ ക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. ആസാം, ബിഹാർ, മേഘാലയ, ഒറിസാ, പശ്ചിമ ബംഗാൾ എന്നിവിട ങ്ങളിലുള്ള മുസ്‌ലിം വിവാഹം, വിവാഹ മോചന രജിസ്ട്രേഷൻ നിയമത്തിൽ ഖുല രജിസ്റ്റർ ചെയ്യാനുള്ള അനുവാദവുമുണ്ട്.

എന്നാൽ നിർഭാഗ്യകര മെന്ന് പറയട്ടെ ഇന്ത്യയിലെ മുസ്‌ലിം വ്യക്തി നിയമത്തിൽ ഭർത്താവിന്റെ സമ്മതമില്ലാതെ ഭാര്യക്ക് ഖുല അനുവദിക്കുന്നില്ല. സ്വാഭാവികമാ യും പലപ്പോഴും അവളെ ചൂഷണം ചെയ്യാനും പീഢിപ്പിക്കാനും ഈ അവസരം ഉപയോഗിക്കുന്നു. മാത്ര മല്ല അവളിൽ നിന്ന് അന്യായമായ നഷ്ടപരിഹാരം വസൂലാക്കുകയും ചെയ്യുന്നു. ഇന്ത്യയിലെ കോടതി കൾ, അത്യന്തം ഉദാരവും സ്ത്രീപ ക്ഷവുമായ ഇസ്‌ലാമിലെ ഖുലാ നിയമം വിവാഹ മോചിതയാകുന്ന ഭാര്യക്ക് ലഭിക്കേണ്ടുന്ന ആനുകൂല്യ ങ്ങളെല്ലാം ലഭിക്കാതിരിക്കത്തക്ക വിധം അതിനെ അവഗണിക്കുന്നു. തുടക്കം മുതൽ തന്നെ നീതിപീഠങ്ങ

ളുടെ അവഗണന മൂലം ഇസ്‌ലാമിക നിയമങ്ങളോടുള്ള മുൻവിധി കാരണമായും ഇന്ത്യയിലെ മുസ്‌ലിം വിവാഹനിയമം മങ്ങലേറ്റു നിൽക്കുന്നു.[25] ഇന്ത്യയിൽ പ്രിവി കൗൺസിൽ 19-ാം നൂറ്റാണ്ടിൽ വിധിപറഞ്ഞ കേസുകളാണ് ഇന്ത്യൻ കോടതികൾ ഇപ്പോഴും പിന്തുടരുന്നത്. അത് ഇസ്‌ലാമിലെ ഖുലാ നിയമത്തിന്റെ വികലമായ വീക്ഷണമല്ലാതെ മറ്റൊന്നുമല്ല. ഭർത്താവിന്റെ സമ്മതമുണ്ടെങ്കിൽ മാത്രമേ ഖുല പ്രാബല്യത്തിൽ വരൂ എന്നാണ് ഈ കേസിലും എടുത്ത സമീപനം. അലഹബാദ് ഹൈക്കോടതിയുടെ ഇതേ വിഷയത്തിലുള്ള തീരുമാനം ഇപ്രകാരമാണ്.

മുസ്‌ലിം ഭാര്യ തന്റെ ഭർത്താവിൽ നിന്ന് ഖുല പ്രകാരമുള്ള വിവാഹ മോചനം ലഭിക്കാൻ കോടതിയെ നിർബന്ധിക്കുകയുണ്ടായി. ഖുല ഭർത്താവിന്റെ വിവേചനാധികാരത്തിൽപെട്ടതും അയാളുടെ പൂർണനിയന്ത്രണത്തിലുള്ളതുമായ കാര്യമാണ്. ഭാര്യക്ക് അവളുടെ അവകാശം എന്ന രീതിയിൽ ഖുല മുസ്‌ലിം നിയമത്തിന് കീഴിൽ ആവശ്യപ്പെട്ടുകൂടാ.

ലാഹോർ ഹൈക്കോടതിയും ഇതേ അഭിപ്രായം തന്നെയാണ് തങ്ങളുടെ രണ്ട് വിശദമായ വിധിയിലും പങ്കുവെച്ചത്.[28]

മുബാറാത്ത് ഖുലയോട് സമാനമാണെന്ന് പറഞ്ഞു കൊണ്ട് മദ്രാസ് ഹൈക്കോടതി പറഞ്ഞത് ഇപ്രകാരമാണ്.[29]

മുസ്‌ലിം വിവാഹം തലാഖ് മുഖേന മാത്രമല്ല ഭർത്താവും ഭാര്യയും തമ്മിലുള്ള ഒരു കരാർ മുഖേനയും വേർപെടുത്താവുന്നതാണ്. ഖുല രൂപത്തിലുള്ള വിവാഹമോചനമാണിത്.

ഒരു നൂറ്റാണ്ടുകൾക്ക് ശേഷം ബസ്‌ലൂർ റഹിം കേസിലെ വിധി റദ്ദാക്കിക്കൊണ്ട് ഖുർശിദ് ബീബിയും മുഹമ്മദ് അമീനും തമ്മിലുള്ള കേസിൽ പാകിസ്താൻ സുപ്രീംകോടതി ഖുലയെ സംബന്ധിച്ച് വ്യക്തമായ ഒരു കാഴ്ച്ചപാട് നൽകുകയുണ്ടായി.[30] ഖുല എന്നത് ഭർത്താവിന്റെ സമ്മതത്തെ ആശ്രയിച്ച് നിൽക്കാത്തതും ഭാര്യയുടെ മാത്രം അവകാശവുമാണ്. ഖുലയെ സംബന്ധിച്ച് ഖുർആൻ 2:229 വചനത്തെ പരാമർശിച്ചുകൊണ്ട് കോടതി ഇപ്രകാരം നിരീക്ഷിക്കുകയുണ്ടായി.

ഖുല ആവശ്യമെങ്കിൽ ഭർത്താവിന്റെ സമ്മതം വേണമെന്ന് സൂചിപ്പിക്കുന്ന യാതൊരു വാക്കും ഈ വചനങ്ങളിൽ കാണുവാൻ സാദ്ധ്യമല്ല. ഭാര്യക്ക് ഖുലചെയ്ത് വിവാഹ മോചനം നടത്തുവാനുള്ള അവകാശത്തിൽ ഭർത്താവ് എന്തെങ്കിലും തടസ്സങ്ങൾ ഉന്നയിക്കുകയാണെങ്കിൽ അക്കാര്യം ഖാസിയുടെ തീർപ്പിനായി വിടേണ്ടതാണ്. ഈ ഖുർആൻ വചനത്തിന് മറ്റു വല്ല വ്യാഖ്യാനങ്ങളും നൽകുകയാണെങ്കിൽ അത് ഭാര്യക്ക് നൽകപ്പെട്ട അവകാശങ്ങൾ കവർന്നെടുക്കലായിരിക്കും. പിന്നീടുണ്ടായ നിരവധി കേസുകളിൽ ഖുല യുടെ നിയമം കൂടുതൽ വ്യക്തമാക്കപ്പെടുകയും ദൃഢീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഖുർശിദ് ബീബി കേസിലുണ്ടായ വിധിയാണ് പാകിസ്താനിൽ നിന്ന് വേർപെട്ട് പോയതിന് ശേഷവും ബംഗ്ലാദേശിൽ നിലനിൽക്കുന്നത്.[31] കേരള ഹൈക്കോടതി ജഡ്ജിയായിരുന്ന ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ പറഞ്ഞത് നോക്കൂ:

ഭാര്യക്ക് ഭർത്താവിന്റെ സമ്മതത്തോടെ മാത്രമേ വിവാഹ മോചനം ലഭ്യമാകൂ എന്നത് പൂർണമായും ശരിയല്ല.[32] (തുടരും)

***reference***


11 Hidayathulla, *Mulla's Principles of Mahommedan Law* 265 (Tripathy, Bombay, 1990).
12 S.A.Khader, *Muslim law of Marriage and Succession in India* 43 (Eastern Law House, Calcutta, 1998).
13 Naseem Akthar, *Family Law on Divorce and Judicial Separation* 97 (Deep&Deep New Delhi, 2003).
14 *Supra* note 8 at p.
15 Faiz Badruddin Tyabji, *Muslim Law, The Personal Law of Muslims in India and Pakistan* 176 (NM Tripathi, Bombay, 4th edn. 1969).
16 Lucy Carol, "Muslim Woman and Judicial Divorce", VII *Religion and Law Review* 204 (1998).
17 S.A.H Moinudheen, *Muslim Marriage and Divorce* 96 ( Rawat Publications, Jaipur, 2000).
18 Syed Abdul Ala Maududi, *Huquq al Zawjain* 7179 (Lahore, 9th edn., 1964).
19 *Fatawa-i- Alamgiri I*, p. 669.
20 Furqan Ahmed, "Muslim Womens' Right to Divorce", XIII *Delhi Law Review* 88 (1999).
21 *Supra* note 9 at p. 507.
22 Shama Charan Sircar. Jh, *Tagor Law Lectures 1874- Muhammedan Law* 475 (Thacker Spink and Co., Calcutta, 1875).
23 *Quran* II: 229.
24 *Mishkaat ul Masabih*, p.283, vol-II with reference to Tirmizi.
25 Nandini Chavan, Qutub Jehan Kidwai, *Personal Law Reforms and Gender Empowerment* 217 (Hope India, Gurgoan, 2006).
26 *Moonshee Buzloor Raheem v. Shamsoonisa* Beegum 1861(ii) MIA 551
27 Marium Bibi v. Nur Mohammed, (1882) All – 83.
28 Umar Bibi v. Mohammad Din, AIR 1945 Lahore 51; Syeeda Khanum v. Muhammad Sami, PLD 1952 Lah 113(FB).
29 Ghansi Bi v. Ghulam Dastagir, (1968)1 Mys.L.J. 566.
30 PLD 1967 SC 97.
31 Tahir Mahmood (ed,) Fyzee AAA, Cases in the Muhammadan Law of India, Pakistan and Bangladesh 159 (Oxford, New York, 2nd edn., ( 2005).
32 Yusuf Rowthan v. Sowramma, 1970 KLT 477.


## കടം

ആയിശ (റ) പറയുന്നു: നബി (സ) നമസ്കാരത്തിൽ ഇപ്രകാരം പ്രാർഥിക്കാറുണ്ട്. അല്ലാഹുവേ! പാപത്തെ തൊട്ടും കടത്തെ തൊട്ടും ഞാൻ നിന്നോട് രക്ഷ തേടുന്നു. ഒരാൾ ചോദിച്ചു: പ്രവാചകരേ! താങ്കൾ കടത്തിൽ നിന്ന് രക്ഷ തേടുന്നതിനെ വർധിപ്പിക്കുന്നുവല്ലോ? നബി (സ) അരുളി: തീർച്ചയായും ഒരു മനുഷ്യൻ കടക്കാരനായാൽ സംസാരിച്ചാൽ കളവ് പറയും, കരാർ ചെയ്താൽ ലംഘിക്കും. (ബുഖാരി)

# ഹിന്ദുമതവും മാംസാഹാരവും

**പ്രസിദ്ധ മലയാള സാഹിത്യകാരനും വിവർത്തകനുമായിരുന്നു ലേഖകൻ (1909–1996). ഈ ലേഖനം 70 വർഷങ്ങൾക്ക് മുമ്പാണ് സത്യദൂതനിൽ പ്രസിദ്ധീകരിക്കപ്പെട്ടത്. അത് ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു.**

**എൻ. കെ. ദാമോദരൻ**

ഹിന്ദുക്കൾ അഹിംസാ പരമോ ധർമ എന്നു ഉൽഘോഷിക്കാറുണ്ട്. ചില ഹിന്ദു മത പ്രാസംഗികന്മാരുടെ പ്രസംഗങ്ങളിൽ ഈ ധർമത്തിന്റെ സൃഷ്ടിക്കും സ്ഥിതിക്കും നിദാനം തങ്ങളുടെ മതം തന്നെയാണെന്ന് ഖണ്ഡിച്ചു പറഞ്ഞുകേൾക്കാറുണ്ട്. ഹിംസയെക്കുറിച്ചോ അഹിംസയെക്കുറിച്ചോ പ്രത്യേക നിഷ്ഠയൊന്നുമില്ലാത്ത ക്രിസ്ത്യാനികളെ അവർ മാംസഭുക്കുകളെന്ന് പരിഹസിക്കുന്നതും സാധാരണ തന്നെ. ഹിന്ദുക്കളുടെ പരമപാവനവും സനാതനവുമായ മതത്തിലെങ്ങും ഹിംസയില്ലെന്നു മാത്രമല്ല ലോക സമക്ഷം അഹിംസാ ധർമം അവതരിപ്പിച്ചതും അതു തന്നെയാണത്രെ. ഇത് ശരിതന്നെയാണോ? പെസിഫിക്കിൽ മഹാർണവം പോലെ വിസതൃതമായിക്കിടക്കുന്ന സ്മൃതി പുരാണാദികളിൽ കാലോചിതമായ തിരുത്തൽ പുതിയ പുതിയ വ്യാഖ്യാനങ്ങൾ മുതലായ ആയുധങ്ങൾകൊണ്ടും പ്രതിയോഗികളുടെ മുമ്പിൽ നിലയില്ലാതെ ഹൈന്ദവ മതത്തിലെ സകല ശാഖക്കാരും വന്നു അഭയം പ്രാപിച്ചിരിക്കുന്ന വേദമാകുന്ന നാന്മതിൽ കോട്ട തന്നെയും അഹിംസാ ധർമ കർത്തൃത്വാവകാശവാദത്തിൽ സുരക്ഷിതമായിട്ടുള്ളതാണോ? ഇപ്പോൾ പരക്കെ ധരിച്ചിരിക്കുന്നത് പോലെ ഈ ധർമം വേദങ്ങളിൽ നിന്ന് നിർഗളിച്ചിട്ടുള്ളതാകുമോ? അതുംപോകട്ടെ ബി.സി. 5-ാം ശതാബ്ദത്തിന് മുമ്പുള്ള വല്ല ഗ്രന്ഥങ്ങളിലും അഹിംസക്കനുകൂലമായി ഹിന്ദു ധർമത്തിലുണ്ടോ?

ഇന്ത്യയുടെ ആദിമ ചരിത്രം സൂക്ഷ്മമായി വായിച്ചിട്ടുള്ള യാതൊരുത്തർക്കും അഹിംസാ പരമോ ധർമ: എന്ന തത്ത്വം ഹിന്ദുക്കളുടെ തറവാടു സ്വത്താണെന്ന് വിശ്വസിച്ചു കൂടാ. ഇപ്പോൾ ഹിന്ദുക്കൾ അവകാശം പറയുകയും ഭാവിക്കുകയും ചെയ്യുന്നത് അതിന്റെ പേരിൽ പ്രചാരം കൊണ്ടുവന്നിട്ടുള്ള പ്രതിപത്തിയാലായിരിക്കാനാണ് ന്യായം. ഉയർന്ന തരം ഉദ്യോഗങ്ങളിൽ കയറിയിട്ടുള്ള ചില ആളുകളുമായി ചാർച്ചയുണ്ടെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്ന ചിലരുടെ നയമാണ് ഹിന്ദുമതസ്ഥന്മാരെ അഹിംസാ ധർമ കർത്തൃത്വവാദത്തിന് കോപ്പണിയിച്ചിട്ടുള്ളത്. വൈദിക കാലഘട്ടങ്ങളിൽ ഇങ്ങനെയൊരു പ്രമാണമുണ്ടായിരുന്നതായി യാതൊരു തെളിവുമില്ല. നേരെ മറിച്ച് ഭയങ്കര ഹിംസകൾ മതത്തിന്റെ അനുമതിയോടുകൂടിയല്ല നിർബന്ധത്തോടു കൂടി തന്നെ നടത്തിയെന്ന് കാണിപ്പാൻ മതിയായ ലക്ഷ്യമുണ്ടുതാനും . മതവും സമുദായവുമായി വസ്തുവും നിഴലുംപോലെ ശക്തമായ ഒരു ബന്ധമുണ്ടെന്നുള്ളത് അവിതർക്കിതമായ ഒരു വസ്തുതയാണ്. ആ സ്ഥിതിക്ക് മതനിഷ്ഠ കൂടുതൽ ഉണ്ടായിരുന്ന ആര്യന്മാരുടെ നടപടികളിലും ആചാരങ്ങളിലും തങ്ങളുടെ വിശ്വാസത്തിന്റെ ഒരു ചിത്രം കൂടി ബിംബിച്ചു കാണാതിരിക്കയില്ല. ആര്യന്മാരുടെ ജീവിത ക്രമത്തിൽ നിന്ന് ജന്തുഹിംസ ഒരു സാധാരണ നടപ്പായിരുന്നുവെന്ന് തെളിയുന്നുണ്ട്. ഭക്ഷണത്തിനും യാഗങ്ങൾക്കുമായി അനേകം ജന്തുക്കളെ അവർ ദിവസംതോറും ഹനിച്ചു വന്നു.

വൈദികകാലത്ത് പഞ്ചനദത്തിലെ ഹിന്ദുക്കളുടെ പ്രധാനമായ ആഹാരം മാംസമായിരുന്നു. പശു, പോത്ത് എന്നിവയെ പാകം ചെയ്യുന്ന രീതികളെക്കുറിച്ച് സവിസ്തരമായി ഋഗ്വേദത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. യവം, ഗോതമ്പ് മുതലായവ പൊടിച്ചുണ്ടാക്കപ്പെടുന്ന അപ്പവും തൈര്, വെണ്ണ മുതലായ ഭക്ഷണ സാധനങ്ങളുടെ കൂട്ടത്തിൽപെട്ടവ തന്നെയെങ്കിലും ഉത്തമമായി മാംസത്തെയാണ് കരുതിയിരുന്നത്. ഏതദ് ഉഹ വൈപരമം യന്മാംസം (വാസ്തവം പറഞ്ഞാൽ മാംസം തന്നെയാണ് ഉത്തമമായ ആഹാരം) എന്ന ശതപഥ ബ്രഹ്മണ സൂക്തം ദൃഷ്ടാന്തമാണ്. ബൃഹദാരണ്യോപനിഷത്ത് അനുസരിച്ചാണെങ്കിൽ വിദൂഷിയായാലും അയുഷ്മതിയായുള്ള പുത്രി ജനിക്കണമെന്നാ

ഗ്രഹിക്കുന്നവർ ചോറിൽ എള്ളും വെണ്ണയും ചേർത്ത് ഭക്ഷിക്കണം. വിദ്വാനായും വിശ്രുതനായും ആയുഷ്മാനായും വാഗ്മിയായു മുള്ള പുത്രൻ ജനിക്കണമെന്ന് അഭിലാഷമുള്ളവർ ചോറും കാള യുടെ മാംസവും വെണ്ണയും കൂടി ഭക്ഷിക്കണം എന്ന് മാംസഭക്ഷണ ത്തെ സഹായിക്കുന്ന പ്രമാണങ്ങൾ കൂടിയുണ്ടായിരുന്നുവെന്ന് കാണാം. ജന്തുക്കളെ വധിക്കുന്ന തിൽ ജനങ്ങൾക്ക് യാതൊരു അറപ്പും അക്കാലത്ത് തോന്നിയിരു ന്നില്ല. നിഷിദ്ധമാണെന്ന് കരുതി പ്പോന്ന ആന, കഴുത, കുതിര, സിംഹം, പട്ടി എന്നീ മൃഗങ്ങളെ പ്പോലും ആര്യന്മാർ കൊന്നു ഭക്ഷിച്ചിരുന്നുവത്രെ. ഈ വസ്തുത അറിയുമ്പോൾ മാംസഭക്ഷണത്തെ എതിർക്കുന്ന ഒട്ടധികം ഹിന്ദു സഹോദരന്മാർ ആശ്ചര്യപരതന്ത്ര രായി തീർന്നേക്കും. എന്നാൽ പണ്ഡിതാഗ്രേസരനായിരുന്ന ഡോക്ടർ രാജേന്ദ്ര ലാല മിത്രൻ തന്റെ Indo Aryan എന്ന പുസ്തക ത്തിൽ പറയും പ്രകാരം ഈ വാസ്തവം ബലവത്തായ പ്രമാണ ങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതും നിമിഷ നേരമെങ്കിലും എതിർക്കാൻ പാടില്ലാത്ത വണ്ണം അഭേദ്യമായതു മാകുന്നു.

ഒരു അതിഥി വീട്ടിൽ വരുമ്പോൾ ബഹുമാന സൂചക മായി ഗോമാംസം കൊടുക്കണമെ ന്നത് പുരാതനമായ ഒരേർപ്പാടായി രുന്നു. രാജാവോ പൂജ്യനായ അതിഥിയോ എത്തുമ്പോൾ കാളയോ ച്യുത ഗർഭയായ പശുവി നേയോ വധിക്കണമെന്ന് ഐത രേയ ബ്രാഹ്മണത്തിൽ പറഞ്ഞിട്ടു ണ്ട്. പണ്ടു യഹൂദന്മാർക്കിടയിൽ നടപ്പുണ്ടായിരുന്ന ഈ പതിവ് പുരികം ചുളിച്ച് നോക്കുന്ന ഹിന്ദുക്കൾ തങ്ങളുടെ പണ്ടത്തെ വല്യകാരണവന്മാരുടെ കഥയോർ ത്താൽ ലജ്ജിക്കാതെ നിവർത്തി യില്ല. അതിഥിതിയുടെ ആഗമനം ഗോവധത്തിന് കണിശമായ കാരണ മാകയാൽ ഗോഘ്നൻ അതായത് പശുവിനെ കൊല്ലി എന്നു അയാളെ വിളിച്ചു പോന്നു. The Vcissititudes of Aryan Civilisation in India. (ഇന്ത്യയിലെ ആര്യവർഗ പരിഷ്കൃ തിയുടെ പരിവർത്തനങ്ങൾ) എന്ന വിഷയത്തെ ആസ്പദമാക്കി എഴുതിയ വിരുതു പ്രകരണത്തിൽ മിസ്റ്റർ കന്നേ. ബി. എ ഇങ്ങനെ പറഞ്ഞിരിക്കുന്നു. പ്രാചീന ഭാരതീ യർക്ക് ആതിഥ്യം ജീവിതത്തിലെ ഒരു നിത്യ പ്രമാണമായിരുന്നു. വലിയ ചടങ്ങോടുകൂടി അതിഥികൾ സ്വീകരിക്കപ്പെട്ടു. അവർക്ക് വേണ്ടി വിശേഷാൽ പശുക്കളെ ഹിംസിച്ചു വന്നു. വാത്മീകി മഹർഷിയുടെ ആശ്രമത്തിൽ വസിഷ്ഠ മഹർഷി ചെന്നപ്പോൾ അതിഥി സൽക്കാരം ചെയ്‌വാൻ കൊടുത്ത പശുക്കിടാ ങ്ങളെ കൊന്നതായി ഭവഭൂതിയുടെ ഉത്തരരാമചരിതത്തിൽ കാണുന്നു. അതേ പ്രകാരം വസിഷ്ഠൻ വിശ്വാമിത്രൻ, ജനകൻ, ശതാനന്ദൻ, മുതലായവരെ സൽക്കരിക്കാൻ വസിഷ്ഠനും തടിച്ച പശുക്കുട്ടിയെ അറുത്തതായി പ്രസ്താവിച്ചിരി ക്കുന്നു.

വളരെ നേരമ്പോക്കുള്ള മറ്റൊരു സാമുദായികാചാരം ആര്യന്മാർക്കിടയിലുണ്ടായിരുന്നു. ഇക്കാലത്ത് ചില ഹിന്ദുക്കൾ മരിക്കുമ്പോൾ ചിതയിൽ പുഷ്പം, ആജ്യം, അകിൽ, ചന്ദനം, സാമ്പ്രാ ണി മുതലായ സുഗന്ധ ദ്രവ്യങ്ങൾ നിക്ഷേപിക്കാറുള്ളത് പോലെ, ഭക്തനായ ഒരു ഹിന്ദു പരലോക പ്രാപ്തനാകുമ്പോൾ ദഹന മണ്ഡപത്തിൽ അർപ്പിക്കാനുള്ള വസ്തുക്കളുടെ കൂട്ടത്തിൽ പൂർവികന്മാർ ഒരു പശുവിനെ കൂടി ഉൾപ്പെടുത്തിയിരുന്നു. ഗോമാംസത്തിന് സർവ പ്രാധാന്യം കൊടുത്തിരുന്ന അവർ ഇപ്രകാരം ചെയ്യുന്നുവെന്നത് അതിശയമല്ല.

ഇനി മത കാര്യത്തിനൊരു പ്രധാനാംശമായിരുന്ന യാഗത്തിൽ ജന്തുഹിംസക്ക് എത്ര മാത്രം പ്രാചുര്യമുണ്ടായിരുന്നുവെന്ന് നോക്കാം. ആദ്യകാലത്ത് യാഗ ത്തിൽ മൃഗവധം നടന്നിരുന്നെന്നും ഇല്ലെന്നും രണ്ടു പക്ഷമുണ്ട്. രണ്ടാം പക്ഷക്കാരിൽ ചിലർ യാഗത്തിന്റെ ഒരു പര്യായമായ യജ്ഞം എന്ന പദത്തിന്റെ കെട്ടുക എന്ന ധാത്വ പദാർഥത്തെ ആധാരമാക്കി, യാഗ ങ്ങളിൽ മൃഗത്തെ യൂപത്തിന്മേൽ കൊണ്ടു വന്നു കെട്ടുകയല്ലാതെ വധിച്ചിരുന്നില്ലെന്ന് വാദിക്കുന്നു. ബാഹ്യ പ്രകൃതിയിൽ തന്നെ ഈ വാദത്തിന് ശക്തി പോര എന്ന് സ്പഷ്ടമാണ്. പല കാരണങ്ങൾ കൊണ്ടും കൊല നടന്നിരുന്നു എന്നാണ് വ്യക്തമാകുന്നത്. ദേവ ന്മാരെ ഉദ്ദേശിച്ച് നടത്തുന്ന യാഗ ത്തിൽ ഹവിർഭാഗം ഭുജിക്കാൻ വരുന്ന ദേവകൾ മൃഗത്തെ കുറ്റി യിൽ കെട്ടിയിരിക്കുന്നതായി മാത്രം കണ്ടാൽ തൃപ്തിപ്പെടുമോ? ഒരിക്ക ലുമില്ല. അല്ലെങ്കിൽ എന്തിന് സംശയിക്കുന്നു? ഉപാകൃതം എന്ന യാഗ പശുവിന്റെ പേരിൽ നിന്നു തന്നെ അത് കൊല്ലപ്പെടുന്നുവെന്ന് ഊഹിക്കാമല്ലോ. ക്രതൌ: പശു: അഭിമന്ത്ര്യഹത: അസൌ ഉപാകൃത: (യാഗത്തിൽ മന്ത്രോചാരണ പൂർവ മായി ഹിംസിക്കപ്പെടുന്ന പശുവേ തോ അത് ഉപാകൃതം) എന്ന് നിഘണ്ടു കാരന്മാർക്ക് മൂർദ്ധ ന്യാഭൂതനായ അമരസിംഹൻ പറയുന്നു.

വൈദികകാലത്ത് ഭക്ഷി ക്കാൻ കുടി കണക്കില്ലാതെ ജന്തുക്കളെ കൊന്നു വന്നിരുന്ന സ്ഥിതിക്ക് യാഗാർഥമായി ഹിംസി ച്ചിരുന്നുവോ എന്ന് സംശയിപ്പാ നില്ല. പശു, പോത്ത്, കാള ഇവയെ സംഹരിച്ചുള്ള പല യാഗങ്ങളെ സംബന്ധിച്ചും വേദങ്ങളിൽ പ്രതി പാദിച്ചിട്ടുണ്ട്. യജുർവേദത്തിലെ തൈത്തരീയ ബ്രാഹ്മണത്തിൽ ഓരോ ദേവന്മാർക്കും വേണ്ടി ചൊല്ലേണ്ട പശുക്കളുടെ ലക്ഷണം കൊടുത്തിരിക്കുന്നത് നോക്കു ക. ഇന്ദ്രന് കനത്ത കാലുള്ള ഒരു പശു, പുഷാവിന് കറുത്ത പശു, വായുവിന് ഒരിക്കൽ മാത്രം പ്രസവിച്ച പശു, മിത്രനും വരുണ നും രണ്ടു നിറമുള്ള പശു, രുദ്രനു ചുവന്ന ഒരു പശു, സൂര്യന് വെളുത്ത മച്ചിപശു. അതേ ബ്രാഹ്മണത്തിൽ തന്നെ വിഷ്ണു വിന് മുണ്ടനായ ഒരു കാള,

സാവിത്രിക്ക് പല നിറത്തിലുള്ള ഒരു കാള, മിത്രന് വെള്ളക്കാള എന്നാദിയായി വധിക്കപ്പെടേണ്ട കാളകളുടെ ക്രമവും പറഞ്ഞിരിക്കുന്നു.

വിവിധ രീതിയിലുള്ള യാഗങ്ങൾ മുമ്പുണ്ടായിരുന്നവല്ലോ. അഞ്ച് വർഷത്തിലൊരിക്കൽ നടത്തിയിരുന്ന ഒരു മഹായജ്ഞമാണ് പഞ്ചശരദീയസവം. വലിയവനാകാൻ ഇച്ഛിക്കുന്നവനാരോ അവൻ പഞ്ചശരദീയസവം കഴിക്കട്ടെ അതിനാൽ അവൻ വലിയവനാകും എന്ന് തൈതരീയ ബ്രാഹ്മണം പുകഴ്ത്തിയിട്ടുണ്ട്. ഈ യജ്ഞത്തിൽ ഇളം പ്രായക്കാരായ പതിനേഴു പശുക്കളെ കൊന്നുവന്നു.

വൈദിക കാലത്തേക്കാൾ പിൽക്കാലത്ത് പ്രചാരത്തിൽ വന്ന ഒരു യാഗമാണ് അശ്വമേധം. ഇതിന് 180 ഗൃഹജന്തുക്കൾ അശ്വത്തോടെ ഹനിക്കപ്പെടുന്നു. 260 കാട്ടുമൃഗങ്ങളെ കൊണ്ടു വന്ന് യുപത്തോടു കൂടി കെട്ടുമെങ്കിലും അഗ്നി പ്രദക്ഷിണം കഴിയുന്ന ഉടനെ അവയെ അഴിച്ചു വിടുകയാണ് പതിവ്. യാഗത്തിന് കൊണ്ടുവന്ന കുതിരയെ കൊല്ലുകയല്ല, പചിക്കുകയും ചെയ്തുവെന്ന് ഋഗ്വേദം ഒന്നാം മണ്ഡലം 162 ാം സൂക്തം സാക്ഷ്യം വഹിക്കുന്നു.

*യത്തോത്രാദഗ്നിനാപച്യമാനാ*
*ദപിശൂലം നിഹതസ്യാവധാവതി*
*മാതദ്ഭൂമ്യമാശിഷന്മാതൃണേഷു*
*വേദ്യസ്ത ദുശദ് ഭ്യാരാതമസ്തു.*

*യോവാജിനം പരിവശ്യന്തി പക്വം*
*യഈ മാഹു: സുരഭി നിർഹരേതി*
*യേ ചാവ്വർതോമാംസഭിക്ഷാമുപാ*
*സതഉതോതേഷാമഭിഗൂതിർനഇമ്പതു.*

*യന്നീക്ഷണം മാംസ്പചന്യാ*
*ഉഖായയോപാത്രണിയുഷ്ണ*
*ആസേചനാനി ഊഷ്മണ്യാപി*
*ധാനാ ചരുണാ*
*മങ്കാ സൂനാ: പേരിഭുഷംത്യശ്വം*

*ചതു സ്ത്രിംശദ്വാജിനോ*
*ദേവബന്ധോ*
*വ്യം ക്രീരശ്വസ്യ സ്വധിനി:സമേതി*
*അച്ഛിദ്രഗാത്രാവയുനാക്രണോത*
*പരുഷ്പരുരനഘുഷ്യാവിശസ്ത.*

(നീ ശൂലത്തിന്മേൽ വക്കപ്പെട്ടിരിക്കുമ്പോൾ അഗ്നികൊണ്ടു പൊരിയുന്നതിന്റെ ശരീരത്തിൽ നിന്നും തുള്ളിതുള്ളിയായി വീഴുന്നത് നിലത്തോ പുല്ലിലോ വീഴാനിടയാകാതെ അതിവാഞ്ചയോടെയിരിക്കുന്ന ദേവന്മാർക്കായി മുഴുവൻ സമർപ്പിക്കുക. കുതിര തയ്യാറായിരിക്കുന്നു എന്ന് കാണുന്നവൻ മണം നല്ലത് അതിനെ (ശൂലത്തിൽ നിന്ന്) എടുക്കുക എന്ന് വിളിച്ചു പറയുന്നു. മാത്രമല്ല അവർ ഇറച്ചി പങ്കിടുന്നതിനെ കൊതിയോടെ പാർത്തിരിക്കുന്നു. അവരുടെ അനുകൂല സഹായം നമ്മുടെ പ്രയത്നത്തെ അഭിവൃദ്ധിപ്പെടുത്തട്ടെ. ഇറച്ചി വേവിക്കുന്ന പാത്രത്തിലെ വേവ് നോക്കുന്ന മുള്ളും മാംസ രസവും ഏതിൽ നിന്നു ഊറിഊറി വീഴുന്നുവോ ആ പാത്രങ്ങളും ചൂടാറ്റുന്ന ഭാജനകളും തലങ്ങളുടെ മൂടികളും കൊളുത്തുകളും വളവുള്ള പലകകളും ഇവയെല്ലാം തളികയെ കാത്തിരിക്കുന്നു. ദേവകൾക്ക് പ്രിയമായിട്ടുള്ളതായി വേഗം ഓടുന്ന തളികയിലുള്ള മുപ്പത്തിനാല് വാരിയെല്ലുകളിൽ കൂടി ഘാതകന്റെ കോടാലി കടന്നു. ദ്വാരം ഉണ്ടാകത്തക്കവണ്ണം ഒരോന്നിനേയും വേർതിരിക്കുന്നതായി വിളിച്ചു പറഞ്ഞുകൊണ്ടു ബുദ്ധിയോടുകൂടി വെട്ടുവീൻ)

യാഗ വിധിയിൽ മൃഗങ്ങളെ കൊല്ലേണ്ട ക്രമം കൂടി വ്യക്തമായി പറഞ്ഞിരിക്കുന്നു. മന്ത്രോച്ചാരണവും മറ്റുചില അനുഷ്ഠാനങ്ങളും കഴിഞ്ഞ ശേഷം മൃഗത്തെ യൂപത്തോടു ചേർത്തു ബന്ധിക്കണം. അനന്തരം കുറേ ദർഭ കൊണ്ടു വന്ന് താഴെ ആസ്ക്കരണം ചെയ്തിട്ട് അതിന്റെ തല പടിഞ്ഞാറായും കാൽ വടക്കായും ദർഭമേൽ കിടത്തി അതിമേൽ കത്തിവെക്കണം. ഉടൻ ഋത്വിക്ക് സംജ്ഞപ: (കൊന്നു കഴിഞ്ഞു) എന്ന് വിളിച്ച് പറയും. ഇങ്ങനെ കൊല്ലുന്ന മൃഗങ്ങളുടെ മാസം പങ്കിടേണ്ട ക്രമത്തെ പറ്റി തൈതരീയ ബ്രാഹ്മണത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു. തോൽ ഒന്നാകെ ഉരിച്ചെടുക്കുക. ചിറകു വിരിച്ച കഴുകന്റെ രൂപത്തിൽ വരത്തക്കവണ്ണം യാഗ പശുവിന്റെ നെഞ്ചു വെട്ടി പിളർക്കുക. മുൻ കൈകൾ വേർപ്പെടുത്തക. ഇരുപത്തിയാറു വാരിയെല്ലുകൾ യഥാക്രമം വേർപിരിക്കുക. ചാണകവും മറ്റും കുഴിച്ചിടാനായി ഒരു കുഴിതോണ്ടുക. ചോര രാക്ഷസന്മാർക്കായി ദുരെ ഒഴിച്ചുകളയുക. അല്ലയോ പശുകൊല്ലീ അല്ലയോ അഹിഗൂ! നിന്റെ ജോലി പൂർത്തിയാക്കുക. ചട്ട പ്രകാരം അതിനെ പൂർത്തിയാക്കുക! ഇനിയും അഥർവ വേദത്തിലെ ഗോപഥ ബ്രാഹ്മണത്തിൽ ഹവിർഭാഗം ലഭിക്കേണ്ടവരുടെ വിവരം കൂടി വിശദമായി പറഞ്ഞത് നോക്കുക. പ്രസ്ഥാതാവിന് നാക്കും താടിയെല്ലുകളും ലഭിക്കണം. പ്രതിഹർത്താവിന് കഴുത്തും ഉപ്പൂടിയും ലഭിക്കണം. ഉൽഗാതാവിന് ചിറക് വിരിച്ച് കഴുകനെപോലെയുള്ള ഭാഗം, നേഷ്ടാവിന് വലത് ഭുജം. സദസ്യനു ഇടതു ഭുജം. യജമാനനു വലതുകാൽ രണ്ടും അയാളുടെ ഭാര്യക്ക് ഇടത് കാൽ രണ്ടും! ഇത്യാദി. ഈ പ്രമാണങ്ങളെ അനാദരിക്കയോ നിഷേധിക്കയോ ചെയ്യുന്നവർക്ക് കഠിനമായ ശാപമുണ്ടാകുമെന്നായിരുന്നു വെപ്പ്.

വേദാനുസ്തൃതമായി ന്യായപ്രമണങ്ങളെ ക്രമീകരിച്ചു നിയമ രൂപേണ പ്രതിഷ്ഠിക്കാൻ ശ്രമിച്ചിട്ടുള്ള സ്മൃതികാരന്മാരുടെ അഭിപ്രായം ഹിംസയെ സംബന്ധിച്ചിടത്തോളം എന്തായിരിക്കും ? യാഗത്തിനും മറ്റും വേണ്ടി പ്രാണിഹിംസ ചെയ്യുന്നത് ധർമാനുസൃതമായ ഒരു പ്രവർത്തിയായി മനുസ്മൃതിയിൽ ഘോഷിക്കുന്നു. അഹിംസക്ക് മാറ്റുകൂടിയതോടുകൂടി ഒരോരുത്തർ മനുസ്മൃതിയിലെ ചില പദങ്ങൾ മാറ്റി വേറെ അർഥം വരുത്തി ഹിന്ദുക്കൾ ഹിംസാപരന്മാരെല്ലെന്ന് വരുത്താൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ആ യത്നം സമ്പൂർണ ഫല പ്രാപ്തിയിൽ എത്തിചേർന്നി

ട്ടില്ല. യാഗത്തിലെ വധത്തെക്കുറിച്ച് മനു ഇങ്ങനെ പറയുന്നു.

*യജ്ഞാർഥം ബ്രാഹണൈർ വധ്യാ:*
*പ്രശസ്താമൃഗ പക്ഷിണ:*
*ഭ്രത്യാനാഞ്ചൈവ വൃത്ത്യർത്ഥം*
*അഗസ്ത്യോഹാ ചൂരൽ പുരാ*

(ബ്രാഹ്മണർ യജ്ഞത്തിന്നു വേണ്ടി നല്ല മൃഗങ്ങളെയും നല്ല പക്ഷികളേയും വധിക്കേണ്ടതാണ്. ഭൃത്യന്മാരുടെ വയസ്സ് ചെന്ന മാതാപിതാക്കന്മാരുടെ ഉപജീവനാർഥം അഗസ്ത്യൻ തന്നെയും പണ്ട് മൃഗ വധത്തെ ചെയ്തു.)

മറ്റെരിടത്ത് ഇങ്ങനെ കാണുന്നു.

*യജ്ഞാർഥം പശവ: സൃഷ്ടാ:*
*സ്വയമേവ സ്വയം ഭുവാ*
*യജ്ഞസ്യ ഭുത്യൈസർവ്വസ്യ*
*തസ്മാദ് യജ്ഞേ വധോ വധ:*

(പശുക്കളെ യജ്ഞത്തിനായിട്ട് സ്വയംഭു സ്വമനസാ സൃഷ്ടിച്ചിട്ടുള്ളതാണ്. എല്ലാ യജ്ഞത്തിന്റെയും ഭൂതിക്കായിക്കൊണ്ട് തന്നെ. അതിനാൽ യജ്ഞത്തിലുള്ള വധം വധമല്ല.)

ശങ്കരാചാര്യ സ്വാമികൾക്കും ഈ വിഷയത്തിൽ അഭിപ്രായ വ്യത്യാസം അശേഷമില്ല. അദ്ദേഹത്തിന്റെ ലഘു ധർമ പ്രകാശികയിൽ ഇങ്ങനെ കാണുന്നു:

*ക്രത്വാർത്ഥാ: പശവ: പൂർവം*
*വിസൃഷ്ടാ: പരമേഷ്ടിനാ*
*ക്രതുഭൂത്യൈഹി തിദ്ദീഷ്ട:*
*ക്രതൌ തസ്മാ ദ്വധോ വധാ:*

(ബ്രഹ്മാവ് പശുക്കളെ യാഗത്തിനായിട്ടാണ് സൃഷ്ടിച്ചത്. അതിനാൽ അതിന് വേണ്ടി ഹിംസ ചെയ്യുന്നതിന് വിരോധമില്ല.)

*വേദന വിഹിതാഹിംസാ*
*യജ്ഞകർമ്മ്യണ്യനുഗ്രഹാൽ*
*ജ്ഞാതവ്യാസാത്വ ഹിംസേതി*
*വേദോ ധർമ്മ പ്രവർത്തക:*

(വേദമാകുന്ന ധർമത്തെ പ്രവർത്തിപ്പിക്കുന്നത് യാഗത്തിന് പശു ഹിംസ ചെയ്യാമെന്ന് വേദം വിധിച്ചിരിക്കുന്നു. അതിനാൽ അതൊരു ഹിംസയാണെന്ന് പറയാൻ പാടില്ല)

സനാതന ധർമത്തിന്റെ കേന്ദ്രസ്ഥാനമായ ശ്രുതിയും സ്മൃതിയും അഹിംസാ ധർമത്തെ പ്രതികൂലിക്കുന്നുവെന്നു കണ്ടുവല്ലോ. ഇനിയും താരതമ്യേന പ്രാധാന്യം കുറഞ്ഞ ഇതിഹാസ പുരാണങ്ങളിൽ കൂടി ഒന്നു കണ്ണോടിച്ച് ഈ ഭാഗം അവസാനിപ്പിച്ചേക്കാം. കുന്തം കണ്ടില്ലെങ്കിൽ കുടത്തിലും തപ്പണമെന്നുണ്ടല്ലോ. ഹിന്ദുക്കൾ ഒട്ടു മിക്കപേരും വിഷ്ണുവിന്റെ അവതാരമെന്ന് സങ്കൽപ്പിച്ച് ആരാധിച്ചു പോന്ന ശ്രീരാമൻ ഒരു വലിയ മാംസ പ്രിയൻ ആയിരുന്നു. ഭരദ്വാജാശ്രമ പ്രവേശത്തിന് മുമ്പായി ശ്രീരാമദേവനുമൊരു മൃഗത്തെ കൊന്നു പശിയടക്കിയതായി രാമായണം അയോദ്ധ്യാകാണ്ഡത്തിൽ കാണുന്നു. കാട്ടിൽ താമസിക്കുന്ന വേറൊരു ഘട്ടത്തിൽ പലലം ചിക്കി ഉണക്കാൻ സീതയെ ആക്കിയേച്ചു പോയതും ലാക്കു നോക്കി ജയന്തൻ വന്നതുമായ കഥ ആർക്കും അറിയാവുന്നതാണല്ലോ. മൂന്നടികൊണ്ട് ഒരു കുതിരയെ കൊന്ന് പുണ്യം സമ്പാദിച്ച കൗസല്യയുടേയും പുത്രലബ്ധിക്കായിക്കൊണ്ട് അശ്വമേധം നടത്തിയ ദശരഥന്റെയും മകനായ ശ്രീരാമൻ ജന്തുഹിംസകനും മാംസപ്രിയനുമായതിൽ എന്തത്ഭുതമാണുള്ളത്?. ●

## ദുനിയാവിൽ മുങ്ങിക്കുളിച്ചവർ

**ത**ങ്ങൾ നമസ്ക്കരിക്കുന്നു എന്നും ഇത് ചെയ്യുന്നു അതു ചെയ്യുന്നു എന്നുമെല്ലാം പറയുന്നു. അതു വായ കൊണ്ടുള്ള ഒരു പറച്ചിൽ മാത്രമാകുന്നു. ഇസ്‌ലാമിന്റെ കാതലും അടിവേരുമായിട്ടുള്ള അവസ്ഥ മനുഷ്യന്റെ ഉള്ളിൽ ഉണ്ടാക്കി തീർക്കുകയാണ് ആവശ്യമായിരിക്കുന്നത്. അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റിസ്‌വാനുല്ലാഹി അലൈഹിം) തുടങ്ങിയവരുടെ നിറം സ്വീകരിക്കുന്നത് വരെ ആരും തന്നെ മുഅ്മിനോ മുസ്‌ലിമോ ആവുകയില്ലെന്ന് എനിക്ക് നല്ലത് പോലെ അറിയാം. അവർ ദുനിയാവിനെ പ്രേമിച്ചിരുന്നില്ല. മറിച്ച് അവർ തങ്ങളുടെ ജീവിതങ്ങൾ ദൈവമാർഗത്തിൽ സമർപ്പിക്കുകയായിരുന്നു. ഇന്നാകട്ടെ എല്ലാം ദുനിയാവിന് വേണ്ടിയാകുന്നു. ദൈവത്തിനു വേണ്ടി ഒന്നും ബാക്കിയാകാത്ത വിധം അവർ ദുനിയാവിൽ മുങ്ങി തുടിക്കുകയാണ്. കച്ചവടം ചെയ്യുന്നത് ദുനിയാവിന് വേണ്ടി. കെട്ടിടം നിർമിക്കുന്നത് ദുനിയാവിന് വേണ്ടി. നമസ്ക്കാരവും നോമ്പും അനുഷ്ഠിക്കുന്നുവെങ്കിൽ അത് ദുനിയാവിന് വേണ്ടി. ലൗകികന്മാരുടെ സാമീപ്യം നേടാൻ വേണ്ടി എന്തുചെയ്യാനും തയ്യാർ. എന്നാൽ ദീനിന് വേണ്ടി ഒരു കണിക കൂടി ഇല്ല. ഇസ്‌ലാമിനെക്കുറിച്ച് അറിയുന്നതിന്റെയും അതിനെ ആശ്ലേഷിക്കുന്നതിന്റെയും ലക്ഷ്യം ഇതായിരുന്നോ? അതോ മറ്റെന്തെങ്കിലും ഉദാത്ത ലക്ഷ്യമുണ്ടോ? മുഅ്മിൻ അഥവാ സത്യവിശ്വാസി പരിശുദ്ധനാക്കപ്പെടുന്നുവെന്നും അവൻ മാലാഖമാരുടെ നിറം പിടിക്കുന്നു എന്നും എനിക്കറിയാം അല്ലാഹുവുമായുള്ള അടുപ്പം എത്രകണ്ട് വർധിച്ചുകൊണ്ടിരിക്കുന്നുവോ അത്രകണ്ട് അവൻ ദൈവത്തിന്റെ ഭാഷണം കേട്ടുകൊണ്ടിരിക്കുകയും അതു മുഖേന സംതൃപ്തി കണ്ടെത്തുകയും ചെയ്യുന്നു. ഇപ്പോൾ നിങ്ങളിൽ ഒരോരുത്തരും ആലോചിച്ചു നോക്കട്ടെ , ഈ പദവി അവർ നേടി കഴിഞ്ഞിട്ടുണ്ടോ എന്ന്. ഞാൻ സത്യമായും നിങ്ങളോട് പറയുന്നു, നിങ്ങൾ മടലും പുറംതോടും കൊണ്ട് തൃപ്തിപ്പെടുന്നു. എന്നാൽ അത് നിസ്സാരമത്രേ ദൈവത്തിന് ഉൾക്കാമ്പാണ് വേണ്ടത്. **(ഹദ്റത്ത് അഹ്മദ് (അ) - ലക്ച്ചർ ലുധിയാന)**

കുറിപ്പുകൾ

# ഹബിൾ ടെലിസ്കോപ്പ്:
## പ്രപഞ്ചത്തിലേക്ക് തുറന്ന് വച്ച ആകാശ ജാലകം

**ഏഴാകാശങ്ങളെ ക്രമമായി സൃഷ്ടിച്ചവനാണവൻ. പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വൈകല്യവും നീ കാണുന്നുണ്ടോ? വീണ്ടും വീണ്ടും കണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചു കൊണ്ട് നിന്നിലേക്ക് തിരിച്ചുവരും. വി.ഖുർആൻ (67:4) തങ്ങളുടെ മേൽ ഭാഗത്തേക്കുള്ള ആകാശത്തേക്ക് അവർ നോക്കീട്ടില്ലേ? എങ്ങനെയാണ് നാം അതിനെ സൃഷ്ടിച്ചിരിക്കുകയും അലങ്കരിക്കുകയും ചെയ്തിട്ടുള്ളത്? അതിന് വൈകല്യങ്ങളൊന്നുമില്ല. വി.ഖുർആൻ (50:7)**



**മുസാഫിർ**

മനുഷ്യന്റെ തലക്ക് മുകളിൽ അപാരവും അമേയവുമായ പരപ്പോടെ വിമൂക വിവൃതമായി നിൽക്കുന്ന ആകാശം പ്രപഞ്ച സ്രഷ്ടാവിന്റെ വലിപ്പവും മനുഷ്യന്റെ ചെറുപ്പവും കാട്ടിത്തരുന്ന കണ്ണാടിയാണ്. ആകാശം നിരീക്ഷിക്കാൻ മനുഷ്യനെ നിരന്തരം പ്രോത്സാഹിപ്പിച്ചു കൊണ്ടിരിക്കുന്ന അല്ലാഹു തന്റെ ബൃഹദ് സൃഷ്ടിയുടെ അതി ഗംഭീരമായ പ്രദർശന ശാല സന്ദർശിക്കാൻ മനുഷ്യനെ നിരവധി വചനങ്ങളിലൂടെ ആഹ്വാനം ചെയ്യുന്നു. മനുഷ്യനെ സൃഷ്ടിച്ച ദൈവം അവനിൽ നിക്ഷേപിച്ച അറിവിനായുള്ള ജിജ്ഞാസയാണ് ഉത്തുംഗമായ ആകാശവിതാനത്തിൽ പ്രപഞ്ചത്തെ നിരീക്ഷിക്കാൻ ഹബിൾ ടെലിസ്കോപ്പ് എന്ന ഒരു ദൂരദർശിനി സ്ഥാപിക്കാൻ മനുഷ്യനെ പ്രാപ്തനാക്കിയത്. വാസ്തവത്തിൽ ആകാശം നീരീക്ഷിക്കാനുള്ള ദൈവത്തിന്റെ ഈ ക്ഷണം പരോക്ഷമായി മനുഷ്യൻ സ്വീകരിക്കുകയായിരുന്നു. പ്രപഞ്ച വിസ്മയങ്ങളെ കുറിച്ച് നിരീക്ഷിക്കാനും പഠിക്കാനും അമേരിക്കയുടെ നാസയും യൂറോപ്യൻ സ്പേയ്സ് ഏജൻസിയും ചേർന്ന് 1990 ഏപ്രിൽ 24 ന് വിക്ഷേപിച്ച ദൂരദർശിനിയാണ് ഹബിൾ ടെലിസ്കോപ്പ്. ഭൂമിയുടെ ഭ്രമണ പഥത്തിൽ ഹബിൾ ടെലിസ്കോപ്പ് 25 വർഷം പൂർത്തിയാക്കിയതിന്റെ ആഘോഷത്തിലാണ് ശാസ്ത്ര ലോകം. ആദ്യത്തെ കൃത്രിമോപഗ്രഹമായ സ്പുട്നിക്കിന്റെ വിക്ഷേപണം, യൂറിഗഗാറിന്റെ ആദ്യത്തെ ശൂന്യകാശ യാത്ര, നീൽ ആംസ്ട്രോങ്ങിന്റെ നേതൃത്വത്തിൽ അപ്പോളോ യാത്രികർ ആദ്യമായി നടത്തിയ ചാന്ദ്രയാത്ര മുതലായ ബഹിരാകാശ ചരിത്രത്തിലെ രോമാഞ്ചജനകമായ സംഭവങ്ങളിലൊന്നായാണ് ഹബിൾ ടെലസ്കോപ്പിന്റെ വിക്ഷേപണം ഗണിക്കുന്നത്. കാൽ നൂറ്റാണ്ട് മുമ്പ് ഡിസ്കവറി സ്പേയ്സ് ഷട്ടിൽ ഉപയോഗിച്ചാണ് ഹബിൾ ടെലിസ്കോപ്പ് ഭൂമിയിൽ നിന്ന് 552 കിമി അകലെയുള്ള ഭ്രമണ പഥത്തിൽ എത്തിച്ചത്. പ്രകൃതി ദൃശ്യങ്ങൾ ഉയർന്ന ഒരു മലയുടെ മുകളിൽ നിന്ന് നാം നോക്കുകയാണെങ്കിൽ സമതലത്തിൽ നിന്ന് കാഴ്ച്ചയേക്കാൾ വിശാലമായൊരു വീക്ഷണ കോണിലുള്ള ദൃശ്യമാണല്ലോ നമുക്ക് ലഭിക്കുക. 552 കി.മി.

ഉയരത്തിൽ നിന്നുള്ള ഹബിൾ ടെലിസ്കോപ്പിന്റെ ഈ ആകാശ നിരീക്ഷണം നമ്മുടെ അതുവരെയുണ്ടായിരുന്ന പ്രപഞ്ച സങ്കൽപ്പത്തെയാകെ മാറ്റിമറിച്ചിരിക്കയാണ്. പ്രപഞ്ച വിസ്മയങ്ങളുടെ ഉദ്വേഗജനകമായ കാഴ്ച്ചകളാണ് ഹബിൾ നൽകിയ ലക്ഷക്കണക്കിന് ഫോട്ടോകളിൽ നിന്ന് നമുക്ക് ലഭിച്ചത്. പ്രപഞ്ചത്തിന്റെ അപാര വിശാലതയിൽ നാം ഭൂവാസികളുടെ നിസ്സാരത ഹബിൾ ടെലിസ്കോപ്പ് കൂടുതൽ മനുഷ്യനെ ബോദ്ധ്യപ്പെടുത്തിയിരിക്കുന്നു. ഹബിളിനെ കൂടാതെ ആകാശത്തുള്ള നാസയുടെ മറ്റു ടെലസ്കോപ്പുകൾ ക്രോപ്റ്റൺ ഗാമാ ഒബ്സർ വേറ്ററി (Compton Gamma Ray Observatory), ചന്ദ്ര എക്സ് റേ ഒബ്സർവേറ്ററി (Chandra X-ray Observatory), സ്പിറ്റ്സർ സ്പേസ് ടെലിസ്കോപ് (Spitzer Space Telescope) എന്നിവയാണ്. പക്ഷേ ഹബിൾ ടെലിസ്കോപ്പിന്റെയത്ര ജനകീയതയും പ്രചാരവും മറ്റൊരു ബഹിരാകാശ ടെലിസ്കോപ്പിനും കൈവന്നിട്ടില്ല. അതിന്റെ കാരണങ്ങൾ പിന്നീട് വിശദീകരിക്കാം.


ഭൗമാന്തരീക്ഷം, ബാഹ്യലോകത്ത് നിന്ന് ഭൂമിയിലേക്ക് വരുന്ന മാരകമായ രശ്മികളിൽ നിന്നും ഉൽക്കാപാതത്തിൽ നിന്നും അതിലെ ജീവജാലങ്ങൾക്ക് ഒരു സംരക്ഷണ വലയമാണ്. ഭൂമിയിൽ ജീവൻ അങ്കുരിച്ചതും മനുഷ്യനടക്കം സർവ ജീവജാലങ്ങളും തങ്ങളുടെ ജീവിതം അപകടം കൂടാതെ ആഘോഷിക്കുന്നതും ഈ അന്തരീക്ഷം ഉള്ളത് കൊണ്ടാണ്. വിശുദ്ധ ഖുർആൻ അക്കാര്യം ഇങ്ങനെ സൂചിപ്പിക്കുന്നു. ***'നാം ആകാശത്തെ സുരക്ഷിതമായ ഒരു മേലാപ്പാക്കിയിരിക്കുന്നു. അവരാകട്ടെ അതിന്റെ അടയാളങ്ങളെ സംബന്ധിച്ച് വിമുഖരാണ്'' (21:33)*** ഭൂവാസികളായ നമുക്ക് എണ്ണമറ്റ അനുഗ്രഹങ്ങൾ ഭൗമാന്തരീക്ഷം നൽകുന്നു. ഭൂമിലേക്ക് കടന്നു വരുന്ന പ്രകാശരശ്മികൾ അന്തരീക്ഷത്തിലെ വായുകണങ്ങളിലും അതിസൂക്ഷ്മമായ പൊടിപടലങ്ങളിലും തട്ടി ചിതറിത്തെറിച്ച് വിസരണം (scattering) സംഭവിക്കുന്നു. പ്രകാശം നേരിട്ട് പതിക്കാത്തിടത്തും വെളിച്ചമെത്തുന്നത് പ്രകാശത്തിന്റെ ഈയൊരു പ്രതിഭാസം കൊണ്ടാണ്. നമുക്ക് പകൽ വെളിച്ചത്തിൽ പ്രകാശം നേരിട്ട് പതിക്കാത്ത വീട്ടിനുള്ളിലും മരച്ചുവട്ടിലുമിരുന്ന് പുസ്തകം വായിക്കാനും വസ്തുക്കൾ കാണാനും കഴിയുന്നത്. അതുപോലെ ആകാശം സുന്ദരമായ നീലനിറത്തിൽ കാണപ്പെടുന്നത് അന്തരീക്ഷവായുകണികയിൽ തട്ടി പ്രകാശത്തിന് സംഭവിക്കുന്ന ഈ വിസരണം കൊണ്ടാണ്. ഏഴു വർണങ്ങളുള്ള സൂര്യപ്രകാശത്തിൽ തരംഗ ദൈർഘ്യം കൂടിയ നീല നിറമാണ് കൂടുതൽ വിസരണത്തിന് വിധേയമാവുന്നത്. അതാണ് ആകാശത്തിന്റെ മനോഹരമായ നീലമേലാപ്പിന് കാരണം. അന്തരീക്ഷമില്ലായിരുന്നുവെങ്കിൽ പകൽ സമയത്തും ആകാശം കറുത്തിരുണ്ട് വിരൂപിയായി നിൽക്കുമായിരുന്നു. അതുപോലെ ബാലമനസ്സിനെയും കവി മനസ്സിനെയും ത്രസിപ്പിക്കുന്ന രാത്രികാലങ്ങളിലെ നക്ഷത്രങ്ങളുടെ മിന്നാട്ടം ചൂടു മൂലം അന്തരീക്ഷത്തിൽ വിവിധ സാന്ദ്രതകളിലുള്ള വായുവിലൂടെ നക്ഷത്രത്തിൽ നിന്നുള്ള പ്രകാശ കിരണങ്ങൾ കടന്നെത്തുമ്പോഴുള്ള വ്യതിയാനങ്ങളാണ് നക്ഷത്രങ്ങളുടെ മിന്നാട്ടമായി നമുക്ക് അനുഭവപ്പെടുന്നത്.

ഭൗമാന്തരീക്ഷത്തിന് ഇത്തരത്തിൽ എണ്ണമറ്റ ഗുണങ്ങളുണ്ടെങ്കിലും ഈ അന്തരീക്ഷ കവചം മനുഷ്യന്റെ ആകാശ നിരീക്ഷണത്തിന് കൃത്യതയും വ്യക്തതയും നൽകുന്നതിന് തടസ്സം നിൽക്കുന്നു. അതായത് ഗഗന വസ്തുക്കളുടെ വികല ചിത്രമാണ് അന്തരീക്ഷം നമുക്ക് നൽകുന്നത്. ഭൂമിയിൽ എത്ര ശക്തമായ ടെലിസ്കോപ്പിന്നും ഈ പരിമിതി ബാധകമാണ്. കാരണം പ്രകാശ രശ്മികൾക്ക് സംഭവിക്കുന്ന ഈ വിസരണവും അപവർത്തവവും മറ്റു വ്യതിയാനങ്ങളും തന്നെ. അത് കൊണ്ടു കൂടിയായിരിക്കണം ആകാശ നിരീക്ഷണം ഒരു രീതിയിലല്ല പല രീതിയിൽ വീണ്ടും വീണ്ടും നടത്താൻ വിശുദ്ധ ഖുർആൻ പറഞ്ഞത്. അന്തരീക്ഷത്തിന്റെ ഈ തടസ്സം മറിക്കടക്കാൻ അന്തരീക്ഷത്തിന് മുകളിൽ ബഹിരാകാശത്ത് നിന്നുള്ള പ്രപഞ്ചനിരീക്ഷണത്തിനേ സാദ്ധ്യമാകൂ. ഈ ആശയത്തിൽ നിന്നാണ് ഹബിൾ ടെലിസ്കോപ്പിന്റെ ജനനം.

മനുഷ്യ രാശിയുടെ അഭിമാനമായ ഈ ആകാശക്കണ്ണിന് എഡ്വിൻ ഹബിൾ (1889 – 1953) എന്ന മഹാനായ ശാസ്ത്രജ്ഞന്റെ പേർ അനുസ്മരിച്ചു കൊണ്ടാണ് ഹബിൾ സ്പെയ്സ് ടെലിസ്കോപ്പ് എന്ന് നാമകരണം ചെയ്തത്. പ്രപഞ്ചം വികസിച്ചു കൊണ്ടിരിക്കയാണ് എന്ന സിദ്ധാന്തം തെളിവുകൾ നൽകി ആദ്യമായി മുന്നോട്ട് വെച്ചത് എഡ്വിൻ ഹബിൾ ആയിരുന്നു. വിദൂര ഗാലക്സികളിൽ നിന്ന് വരുന്ന പ്രകാശത്തിന്റെ വർണരാജി (സ്പെക്ട്രം) പരിശോധിക്കുമ്പോൾ അവയുടെ സ്പെക്ട്ര രേഖകൾ തരംഗദൈർഘ്യം കൂടിയ ഭാഗത്തേക്ക് നീങ്ങുന്നതായി അദ്ദേഹം കണ്ടു. ഗാലക്സികളുടെ സ്പെക്ട്രത്തിന്റെ ഈ ചെമപ്പ് നീക്കത്തെ (Red Shift.) അടിസ്ഥാനമാക്കി അവ അകന്ന് പോയ്ക്കൊണ്ടിരിക്കയാണെന്ന് എഡ്വിൻ ഹബിൾ കണ്ടെത്തി. അദ്ദേഹത്തിന്റെ ഈ കണ്ടുപിടുത്തം പ്രപഞ്ച സങ്കൽപ്പത്തിൽ വിപ്ലവകരമായ പരിവർത്തനമാണ് വരുത്തിയത്. അതായത് പ്രപഞ്ചം സ്ഥിരമായി നിൽക്കുന്നില്ല മറിച്ച് അവ വികസിച്ചു കൊണ്ടിരിക്കുകയാണെന്ന സിദ്ധാന്തമാണ് അദ്ദേഹം മുന്നോട്ട് വെച്ചത്. ദൈവിക ഗ്രന്ഥമായ വിശുദ്ധ ഖുർആൻ നൂറ്റാണ്ടുകൾക്ക് മുമ്പ് പറഞ്ഞ അത്ഭുതകരമായ വസ്തുത സാന്ദർഭികമായി ഇവിടെ സ്മരിക്കുകയാണ്. ***ആകാശത്തെ നമ്മുടെ ശക്തികൊണ്ട് (അയ്ദിൻ) നാം***

***സൃഷ്ടിച്ചിരിക്കുന്നു. തീർച്ചയായും നാം അതിനെ വികസിപ്പിച്ചുകൊണ്ടിരിക്കുന്നവനാണ്.***
***(മൂസിഊൻ) (51:48)***

1990 മുതൽ ഭൂമിയിൽ നിന്നു 552 കി.മി ഉയരത്തിൽ അതിന്റെ 2.4 മീറ്റർ വ്യാസമുള്ള ലെൻസുമായി സെക്കന്റിൽ 8 കി. മി. വേഗത്തിൽ ഒരോ 97 മിനിറ്റിലും ഭൂമിയെ വലം വെക്കുന്ന ഹബിൾ ഇത്വരെ 3000 ലക്ഷം കോടി കി. മി. സഞ്ചരിച്ചു. 12 ദശലക്ഷം പ്രപഞ്ച ചിത്രങ്ങൾ ഭൂമിയിലേക്കയച്ചു. ഹബിൾ ടെലസ്കോപ്പ് നൽകിയ വിവരങ്ങൾ പ്രപഞ്ച വിജ്ഞാന രംഗത്ത് ഒരു കുതിച്ച് ചാട്ടമാണ് സൃഷ്ടിച്ചത്. ആകാശ ഗംഗയുടെ അതിർ വരമ്പിൽ അവസാനിക്കുന്നതാണ് നമ്മുടെ പ്രപഞ്ചം എന്ന മുൻ ധാരണ വ്യക്തമായ തെളിവുകൾ നൽകി തിരുത്തി, പ്രപഞ്ചത്തിന്റെ അപാരമായ വലിപ്പം കാട്ടി കൊടുത്തത് ഹബിൾ ആണ്. നിരവധി ഗാലക്സികളുടെ വിശദമായ ഫോട്ടോകൾ പ്രപഞ്ചത്തെ പറ്റിയുള്ള വിവരങ്ങളുടെ ഒരു മഹാപ്രളയമാണ് സൃഷ്ടിച്ചത്. പ്രപഞ്ചം വികസിച്ചുകൊണ്ടിരിക്കുകയാണല്ലോ. ഈ പ്രപഞ്ച വികാസത്തിന് അതിന്റേതായ ഒരു നിരക്കുണ്ട്. അത് ഒരു സ്ഥിര സംഖ്യയുമായി ബന്ധപ്പെട്ടതാണെന്ന് എഡ്വിൻ ഹബിൾ പറഞ്ഞിരുന്നു. ഈ സ്ഥിരാങ്കത്തിന്റെ മൂല്യവും പ്രപഞ്ച വികാസത്തിന്റെ നിരക്കും എത്രയാണെന്ന് കണക്ക് കൂട്ടാനും അത് വഴി പ്രപഞ്ചത്തിന്റെ പ്രായം കൃത്യമായി കണക്കാക്കാനും ഹബിൾ ടെലിസ്കോപ്പ് മുഖേന സാദ്ധ്യമായി. അങ്ങനെയാണ് നമ്മുടെ പ്രപഞ്ചത്തിന്റെ പ്രായം 13.8 ബില്ല്യൻ വർഷം ആയെന്ന് കൃത്യമായി കണക്കാക്കിയത്. ഹബിൾ ടെലിസ്കോപ്പിന്റെ മറ്റൊരു നേട്ടം ഗാലക്സികൾ തമ്മിലുള്ള അകലം നമുക്ക് പറഞ്ഞു തന്നു എന്നതാണ്. മിക്കവാറും എല്ലാ ഗാലക്സികൾക്ക് മധ്യത്തിലും ഒരു ബ്ലാക്ക് ഹോൾ നിലനിൽക്കുന്നു എന്ന വളരെ



ഹബിൾ ടെലിസ്കോപ്പ് പകർത്തിയ ഒരു ഗാലക്സി

പ്രധാനപ്പെട്ട കണ്ടെത്തൽ ഹബിൾ നടത്തിയിട്ടുണ്ട്. ഗാലക്സികളുടെ മദ്ധ്യത്തിൽ എന്തിനാണ് ബ്ലാക്ക് ഹോൾ എന്നതിനെ പറ്റി കൃത്യമായ ഉത്തരം ശാസ്ത്ര ലോകത്തിന് കണ്ടെത്താനായിട്ടില്ല. ഈ ബ്ലാക്ക് ഹോളുകളുടെ അതിഭീമമായ ഗുരുത്വബലം കൊണ്ടാണ് ഗാലക്സിയുടെ മുഴുവൻ ഗോള വ്യവസ്ഥയും ചുറ്റിലുമായി നില കൊള്ളുന്നത് എന്ന നിഗമനത്തിലേക്കാണ് ഒരു കൂട്ടം ശാസ്ത്രജ്ഞന്മാർ വിരൽ ചൂണ്ടുന്നത്. ഹബിൾ നൽകിയ മറ്റൊരു ദൃശ്യവിരുന്ന് 1994 ൽ ഷൂമാക്കർ ലെവി എന്ന ധൂമകേതു വ്യാഴത്തിൽ വന്നിടിച്ചപ്പോൾ നൽകിയ ചിത്രങ്ങളായിരുന്നു. നമ്മുടെ സൗരയൂഥത്തിൽ അപൂർവമായി സംഭവിക്കുന്ന ഒരു വൻ ഗോളാന്തര കൂട്ടിമുട്ടലായിരുന്നു അത്. ആ രംഗം ഒരു ദൃശ്യവിസ്മയമായി മിഴിവോടെ ഹബിളാണ് ഭൂമിയിൽ എത്തിച്ചു തന്നത്. ഈ കഴിഞ്ഞ മാർച്ചിൽ (2015) ഹബിൾ നടത്തിയ നിരീക്ഷണം വ്യാഴത്തിന്റെ ഉപഗ്രഹമായ ഗാനിമീഡ് (Ganymede) ന്റെ ഉപരിതലത്തിനടിയിൽ സമുദ്രമുണ്ടെന്ന കണ്ടുപിടുത്തമാണ്. ഗാലക്സികളിൽ നക്ഷത്രങ്ങൾ രൂപപ്പെടുന്നത് എങ്ങനെയെന്നും പ്രപഞ്ചത്തിൽ മുഴുക്കെ വ്യാപിച്ചു കിടക്കുന്ന ഡാർക്ക് മാറ്ററിന്റെ സാന്നിദ്ധ്യത്തെ പറ്റിയും ഹബിൾ ടെലിസ്കോപ്പാണ് നമുക്ക് വിവരങ്ങൾ നൽകിയത്. ഇന്ന് ജ്യോതിശാസ്ത്ര രംഗത്ത് ഹബിൾ അനിഷേധ്യമായൊരു സാന്നിദ്ധ്യമായി മാറിയിരിക്കുന്നു. മിക്ക ജ്യോതിശാസ്ത്ര ചർച്ചകളിലും ഗവേഷണ പ്രബന്ധങ്ങളിലും ഹബിൾ നൽകിയ വിവരങ്ങളാണ് ആധികാരികമായി ഉദ്ധരിക്കപ്പെടുന്നത്. അങ്ങനെ എണ്ണിയാലൊടുങ്ങാത്ത പ്രപഞ്ച വിജ്ഞാനങ്ങൾ നമുക്ക് നൽകിക്കൊണ്ടിരിക്കുന്ന വിജ്ഞാന സ്റോതസ്സായി പ്രപഞ്ചത്തിലേക്ക് തുറന്നു പിടിച്ച ഈ ആകാശക്കണ്ണ് മാറിയിരിക്കുന്നു.

ഹബിൾ ടെലിസ്കോപ്പ് ഇത്രയധികം ജനപ്രിയമാകാനുള്ള മറ്റ് കാരണങ്ങളുമുണ്ട്. അതിന്റെ തുടക്കത്തിലുണ്ടായ ഉദ്വേഗജനകവും നിരാശജനകവുമായ ഒരു സംഭവവും തുടർന്ന് അത് അതിജയിച്ച ശാസ്ത്രത്തിന്റെ ഐതിഹാസികമായ ദൗത്യവുമായിരുന്നു അത്. നാനൂറു മില്ല്യൻ ഡോളറാണ് അന്നത്തെ കണക്കനുസരിച്ച് തുടക്കത്തിൽ ഹബിൾ ടെലിസ്കോപ്പിന് ചെലവായത്. ഇത്രയധികം പണം ചെലവഴിച്ച് ആകാശത്തേക്ക് വിക്ഷേപണം നടത്തി ഭൂമിയെ ഭ്രമണം ചെയ്യാനാരംഭിച്ച ഹബിൾ ടെലിസ്കോപ്പ് ആദ്യമായി അയച്ച ചിത്രങ്ങൾ കണ്ടപ്പോൾ എല്ലാ പ്രതീക്ഷകളും അസ്തമിച്ചത് പോലെയായി.



ഹബിൾ ടെലിസ്കോപ്പ് പകർത്തിയ കരിനാ നെബുല, നക്ഷത്രങ്ങൾ ജന്മമെടുക്കുന്നത് ഇവിടെ നിന്നാണ്.

ചിത്രങ്ങൾക്ക് ഒന്നിനും തന്നെ വ്യക്തതയില്ല. ഇത്ര മങ്ങിയ ചിത്രം ഭൂമിയിൽ നിന്ന് തന്നെ എടുക്കാമല്ലോ പിന്നെയെന്തിന് ജനങ്ങളുടെ ഇത്രയും പണവും അദ്ധ്വാനവും ചെലവഴിച്ച് ഹബിൾ ടെലിസ്കോപ്പിനെ ആകാശത്തേക്ക് തൊടുത്തു വിട്ടത്? വിമർശനങ്ങളുടെ കൂരമ്പുകളേറ്റ് ശാസ്ത്ര ലോകം പിടഞ്ഞു. ചിത്രങ്ങളുടെ മങ്ങലിന് കാരണം ഹബിൾ ടെലിസ്കോപ്പിന്റെ ഏറ്റവും പ്രധാന ഭാഗമായ ലെൻസിന്നുണ്ടായ നേരിയ വിരൂപണമാണ് (Spherical aberration). അതായത് ലെൻസിന്റെ ഉപരിതലത്തിന്റെ വക്രതയിൽ ഏതാനും നാനോ അളവിൽ ഉണ്ടായ വ്യതിയാനം!! പെർക്കിങ്ങ് എൽമർ എന്ന കമ്പനി ഉണ്ടാക്കിയ ലെൻസ് പരിശോധന നടത്താതെ ടെലിസ്കോപ്പിൽ ഘടിപ്പിച്ച് വിട്ടതാണ് പ്രശ്നമായത്. ഹബിൾ ടെലിസ്കോപ്പ് ഇപ്പോൾ നമ്മുടെ കൈയെത്തുന്ന ദൂരത്തല്ല. ആകാശത്ത് അഞ്ഞൂറിലധികം കിലോ മീറ്റർ അകലെയാണ്. എന്തു ചെയ്യും? ശാസ്ത്ര ലോകം തലപുകഞ്ഞാലോചിച്ചു. അങ്ങോട്ട് ആകാശത്ത് പോയി നന്നാക്കുക തന്നെ!! റിപ്പയറിങ്ങ് ചെയ്യാവുന്ന വിധത്തിൽ നിർമിച്ചിട്ടുള്ള ഏക ശൂന്യാകാശ ടെലിസ്കോപ്പാണ് ഹബിൾ സ്പെയിസ് ടെലസ്കോപ്പ്. റിപ്പയറിങ്ങ് തീരുമാനിക്കാനെളുപ്പം അതിന്നുള്ള കടമ്പകൾ ഒരുപാടുണ്ട്. ഒരു സ്പേയ്സ് ഷട്ടിൽ ഉപയോഗിച്ച് റിപ്പയർ ചെയ്യാൻ അതിവിദഗ്ധരായ ആളുകളെ കൊണ്ടുപോകണം. മാത്രമല്ല സീറോഗ്രാവിറ്റിയിൽ സ്പേയ്സ് സ്യൂട്ടുമണിഞ്ഞ് ബഹിരാകാശത്ത് ജോലി നിർവഹിക്കാൻ അവർക്ക് പരിശീലനം നൽകണം. ലെൻസിന്റെ വിരൂപണമുള്ള ഭാഗം കറക്റ്റ് ചെയ്യണം. അങ്ങനെ നൂറുകൂട്ടം പ്രശ്നങ്ങൾ. അവസാനം 1993 ൽ അമേരിക്കയുടെ നാസയിലെ ഡിസ്ക്കവറി എന്ന സ്പേയിസ് വാഹനമുപയോഗിച്ച് വിദഗ്ധരായ എഞ്ചിനീയർമാർ ബഹിരാകാശത്ത് ചെന്ന് ഹബിളിന്റെ ലെൻസിനുണ്ടായ തകരാർ ഉരസി ശരിയാക്കുകയുണ്ടായി. ശരിയാക്കുക മാത്രമല്ല പുതിയൊരു ക്യാമറ കൂടി സ്ഥാപിച്ചു തിരിച്ചു വരികയും ചെയ്തു. അതിന് ശേഷമാണ് ഹബിളിൽ നിന്ന് തെളിഞ്ഞ ചിത്രങ്ങളുടെ പ്രവാഹമുണ്ടായത്. 1993 ലെ സർവീസിങ്ങിന് ശേഷം 5 തവണ നാസയുടെ സ്പെയ്സ് ഷട്ടിലുകൾ ഉപയോഗിച്ച് പല വിധ നവീകരണങ്ങളും റിപ്പയറിങ്ങും ഹബിൾ ടെലിസ്കോപ്പിൽ നടത്തുകയുണ്ടായി. അവസാനം നടത്തിയ ദൗത്യം 2009 ലാണ്. അതിനാൽ 25 വർഷം പഴക്കമുള്ളതാണെങ്കിലും ഹബിൾ ഇന്നും പുത്തനാണ്.

ഹബിളിനേക്കാൾ ഭീമാകാരനായ ഒരു ടെലിസ്കോപ്പിന്റെ പണിപ്പുരയിലാണ് സ്പേയിസ് സയൻസ്. നാസയും യൂറോപ്യൻ സ്പേയ്സ് ഏജൻസിയും കനേഡിയൻ സ്പേയ്സ് ഏജൻസിയും ചേർന്നാണ് അതിന് പദ്ധതിയിടുന്നത്. ജോൺ വെബ് സ്പേയ്സ് ടെലിസ്കോപ്പ് എന്നാണ് അതിന്റെ പേര്. 2018 ൽ വിക്ഷേപിക്കാനാണ് പരിപാടി. ഭൂമിയിൽ നിന്ന് ഒന്നര ദശലക്ഷം കിലോ മീറ്റർ അകലെയുള്ള ഭ്രമണ പഥത്തിലായിക്കും ആ ടെലിസ്കോപ്പ് സ്ഥാപിക്കുക. ഹബിൾ ടെലസ്കോപ്പിൽ ഘടിപ്പിച്ചത് 2.4 മീറ്റർ ലെൻസാണെങ്കിൽ ഈ ടെലിസ്കോപ്പിൽ 6 മീറ്റർ വ്യാസമുള്ള ഭീമാമാകാരനായ ലെൻസായിരിക്കും സ്ഥാപിക്കുക. മനുഷ്യൻ തൊടുത്തു വിടുന്ന ഈ ആകാശക്കണ്ണ് ദൈവം സൃഷ്ടിച്ച വിസ്മയകരമായ പ്രപഞ്ചത്തിന്റെ അവസാനിക്കാത്ത അത്ഭുതങ്ങളിൽ ചിലത് വീണ്ടും നമുക്ക് കാണിച്ചുതരുമെന്ന് വിശ്വസിക്കാം. നമ്മുടെ ഭാവനക്ക് പോലും അതീതമായ ഈ ബൃഹദ് പ്രപഞ്ചത്തിന്റെ സ്രഷ്ടാവിനെ വാഴ്ത്താനുള്ള സന്ദർഭമാണിത്. നിസ്സാരനും നിസ്സഹായനുമായ മനുഷ്യൻ കാരുണ്യവാനായ പ്രപഞ്ചനാഥന്റെ സൃഷ്ടി വൈഭവത്തിനും ശക്തി പ്രകടനങ്ങൾക്കും മുമ്പിൽ ചിന്താസ്തബ്ധനായിപ്പോകുന്നു. ദൈവം മനുഷ്യനിൽ നിക്ഷേപിച്ച അറിവിനായുള്ള ജിജ്ഞാസകൊണ്ടാണ് പ്രപഞ്ചത്തെക്കുറിച്ച് അവൻ അന്വേഷിച്ചിറങ്ങിയിരിക്കുന്നത്. മനുഷ്യൻ ആർജിക്കുന്ന ഈ അറിവ് വെറും അറിവിന് വേണ്ടിയുള്ളതായിരിക്കരുത്. അത് ദൈവസ്തോത്രവും ആത്മീയാനുഭൂതിയുമാക്കി മാറ്റാൻ കൂടിയുള്ളതാണ്. വാസ്തവത്തിൽ പ്രപഞ്ചത്തെ സംബന്ധിച്ചുള്ള അറിവുകൾ അല്ലാഹുവിന്റെ ബുദ്ധിമാന്മാരായ ദാസന്മാർക്കുള്ളതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

***'ആകാശങ്ങളുടെയും ഭൂമിയുടെയും ആധിപത്യം അല്ലാഹുവിനുള്ളതാകുന്നു. അല്ലാഹു എല്ലാ കാര്യത്തിനും പൂർണമായും***

***കഴിവുള്ളവനാകുന്നു. ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി മാറി വരുന്നതിലും തീർച്ചയായും ബുദ്ധിമാന്മാർക്ക് പല ദൃഷ്ടാന്തങ്ങളുമുണ്ട്. നിന്നും ഇരുന്നും തങ്ങളുടെ പാർശ്വഭാഗങ്ങളിൽ (കിടന്നും) അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും ആകാശഭൂമികളുടെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവരായ (ബുദ്ധിമാന്മാർ). ഞങ്ങളുടെ നാഥാ, നീ ഇതൊന്നും വ്യർഥമായിട്ടല്ല സൃഷ്ടിച്ചത്. നീ പരിശുദ്ധനാണ്. അതിനാൽ നീ ഞങ്ങളെ നരക ശിക്ഷയിൽ നിന്ന് രക്ഷിക്കേണമേ' (എന്ന് പ്രാർഥിക്കുകയും ചെയ്യുന്നവരാണവർ) (3:190, 192)***

## തഹ്‌രീക്ക് ജദീദ് വിളംബരം

പ്രശ്ന സങ്കീർണ്ണമായ ഈ കാലഘട്ടത്തിൽ തഹ്‌രീക്ക് ജദീദ് ജമാഅത്തിന്റെ സംരക്ഷണത്തിനും ലോകം മുഴുവൻ പരിശുദ്ധ ഇസ്‌ലാമിനെ വിജയിപ്പിക്കുവാനുമുള്ള പാവന ദൗത്യമാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. തഹ്‌രീക്ക് ജദീദിന് വിശുദ്ധ റമദാനുമായി ഒരു പ്രത്യേക ബന്ധമുണ്ട്. തഹ്‌രീക്ക് ജദീദിന്റെ സ്ഥാപകൻ ഹദ്റത്ത് മുസ്‌ലിഹ് മഊദ് (റ) പറയുന്നു. തഹ്‌രീക്ക് ജദീദിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളേയും ത്യാഗങ്ങളേയും മനസ്സിലാക്കാതെയും പൂർണ്ണമാക്കാതെയുമാണ് റമദാൻ കടന്നുപോകുന്നതെങ്കിൽ അത്തരം റമദാൻ വൃഥാവിലാണെന്നും റമദാന്റെ ത്യാഗങ്ങൾ അർഥപൂർണമാക്കുന്നതിൽ തഹ്‌രീക്ക് ജദീദിന് അനന്യമായ സ്ഥാനം ഉണ്ടായിരിക്കുമെന്നുമാണ്.

റമദാനിൽ റസൂൽ തിരുമേനി (സ) കൊടുങ്കാറ്റുപോലെ ഉദാരനും ദാനശീലനുമാകുമായിരുന്നു. അവിടുത്തെ സുന്നത്ത് ഏറ്റവും ഫലപ്രദമായി പ്രാവർത്തികമാക്കാൻ തഹ്‌രീക്ക് ജദീദിന്റെ ധനത്യാഗത്തിൽ പങ്കെടുക്കുക. ഹുസൂർ തിരുമനസ്സിന്റെ ദുആയിൽ പങ്കാളികളാകുക.




അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്ത് ഖലീഫ, ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് (അയ്യദഹു..) ഫ്രാങ്ക്ഫർട്ടിലെ അക്കാഡമിക് രംഗത്തുള്ള പ്രഗല്ഭരുമായി കൂടിക്കാഴ്ച നടത്തുന്നു.




മജ്‌ലിസ് അൻസാറുല്ലായുടെ എറണാകുളം, ആലപ്പുഴ ജില്ലാ ഇജ്തിമ നാസിം അൻസാറുല്ലാ പി.പി. നാസിമുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മുഹമ്മദ് സഫ്‌വാൻ, മൗലവി സുൽത്താൻ നസീർ, എറണാകുളം ജില്ലാ അമീർ പി.കെ. ശാഹുൽ ഹമീദ്, ബി.ബി. അഹ്‌മദ് കബീർ, പി. മുഹമ്മദ് കരീം എന്നിവർ സമീപം



### ഉന്നത വിജയം

കോഴിക്കോട് ജമാഅത്തിലെ അബ്ദുല്ല - വഹബിയ ദമ്പതികളുടെ മകൻ എ. വി. മുഹമ്മദ് ഫൈസാൻ ഈ വർഷത്തെ പ്ലസ്ടു പരീക്ഷയിൽ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടി. കോഴിക്കോട് ആഴ്ചവട്ടം ഗവ. ഹയർസെക്കന്ററി സ്കൂൾ വിദ്യാർഥിയാണ്. 2013 ലെ എസ്.എസ്.എൽ.സി പരീക്ഷയിലും എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയിരുന്നു.

**Published on 7 June 2015**

Vol: 87 Issue.6
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17
Licensed to Post Without Prepayment

**The Sathyadoothan Monthly**

بسم الله الرحمن الرحيم

WE ARE THE HELPERS OF ALLAH

DIAMOND JUBILEE 1940 2015

Majlis Ansarullah Bharat

## DIAMOND JUBILEE
### CELEBRATION

# മജ്‌ലിസ്
# അൻസാറുല്ലാഹ് ഭാരത്
# വജ്ര ജൂബിലി പ്രോഗ്രാം



**ജൂലായ്**

**ആഗസ്റ്റ്**

**സെപ്തംബർ** മാസങ്ങളിൽ

- പൊതുസമ്മേളനങ്ങൾ
- മെഡിക്കൽ ക്യാമ്പ്
- രക്തദാന ക്യാമ്പ്
- വനവൽക്കരണം
- ആശുപത്രി സന്ദർശനം